

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ
പോകുവിൻ. അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"

*ഉല്പ. 41:55*

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത


**സ്ഥാപിതം: മെയ് 20, 1887**

**വാല്യം 90 ലക്കം 02 ആഗസ്റ്റ് 2017**

ഉള്ളടക്കം

സർക്കുലർ (Ref: 3039/K-5/KCBC/OL/DS) ........................ 6
സർക്കുലർ (17 Ch. 177-252) ........................................... 9
കച്ചേരിക്കാര്യം ........................................................... 11
വാർഷികധ്യാനം ........................................................ 30
അനുസ്മരണം ............................................................ 13
പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട് ..................... 17
പബ്ലിക്റിലേഷൻസ് - ജാഗ്രതാസമിതി ........................... 19
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ......... 20
ഇറ്റാവാ മിഷൻ സമാചാർ............................................ 21
കെ.സി.എസ്.എൽ. ................................................... 23
സന്ദേശനിലയം ........................................................ 24
ചെറുപുഷ്പ മിഷൻലീഗ് ............................................ 28
ഫാമിലി അപ്പോസ്റ്റലേറ്റ്. ............................................. 30
യുവദീപ്തി ............................................................... 34
ആത്മതാകേന്ദ്രം ....................................................... 36
ചാസ് ...................................................................... 37
ദലിത് കത്തോലിക്കാ മഹാജനസഭ ............................. 44
വിൻസെൻഷ്യൻ വേദി ................................................ 47
ഫ്രാൻസിസ്കൻ അല്മായസഭ ....................................... 49
ആവേമരിയ ............................................................. 51
പൗരോഹിത്യ ആദ്ധ്യാത്മികത ...................................... 52
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............................ 59
Engagements. ........................................................... 64

Annual Subscription: Rs. 120/-

ARCHBISHOP'S HOUSE
P.B. No. 20, CHANGANACHERRY - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@yahoo.co.in
Website: www.archdiocesechanganacherry.org


ആഗസ്റ്റ് – 15
വേദപ്രചാര മദ്ധ്യസ്ഥന്റെ
മാന്യ വായനക്കാരേവർക്കും
പരിശുദ്ധ അമ്മയുടെ
സ്വർഗ്ഗാരോപണത്തിരുനാളിന്റെയും
ഭാരതാംബയുടെ
സ്വാതന്ത്ര്യദിനത്തിന്റെയും
ആശംസകൾ!

Ref: 3039/K-5/KCBC/OL/DS 22.7.2017

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)
## 2017 ആഗസ്റ്റ് 20, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന

## സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ

സഹോദരന്മാരെ,

ഓഗസ്റ്റ് 15-ാം തീയതിക്ക് ശേഷമുള്ള ഞായറാഴ്ച നാം ജസ്റ്റീസ് സൺഡേ ആയി ആചരിച്ചു വരുകയാണല്ലോ. 1986-ൽ ഗോവയിൽ വച്ച് നടന്ന സി.ബി.സി.ഐ. യോഗമാണ് ഈ തീരുമാനം എടുത്തത്. ഭാരതത്തിന് സ്വാതന്ത്ര്യം ലഭിച്ചതിന്റെ സന്തോഷം നാം പങ്കു വയ്ക്കുമ്പോഴും ഭാരതത്തിലെ ദലിത്സമൂഹം പ്രത്യേകിച്ച് ക്രൈസ്തവ വിശ്വാസം സ്വീകരിച്ച ഒരു വലിയ സമൂഹത്തിന് സാമൂഹികനീതി ലഭിക്കാത്ത സാഹചര്യം നമ്മെ ഏറെ വേദനിപ്പിക്കുന്നു. ഭാരതത്തിലെ രണ്ടു കോടിയോളം വരുന്ന ക്രൈസ്തവരിൽ 125 ലക്ഷം പേരും ദലിത് സഹോദരങ്ങളാണ്. ഇതര മതസ്ഥരായ ദലിത് സഹോദരങ്ങൾക്ക് ലഭിക്കുന്ന ഭരണഘടനാപരമായ അവകാശങ്ങൾ ദലിത് ക്രൈസ്തവർക്ക് നിഷേധിച്ചിരിക്കുന്നുവെന്നത് മതവിവേചനം തന്നെയാണ്. ഈ നീതി നിഷേധത്തിനെതിരെ കഴിഞ്ഞ അരനൂറ്റാണ്ടിലധികമായി ഭാരതസഭ നിരന്തരം ശബ്ദമുയർത്തിയിരുന്നുവെങ്കിലും നീതി നടപ്പിലായിട്ടില്ല. ചുമതലപ്പെട്ടവർ ഇതു ബോധപൂർവം അവഗണിക്കുകയാണ് ചെയ്തത്. എങ്കിലും ഭാരതക്രൈസ്തവ സമൂഹം തുടർന്നും ഈ നീതിനിഷേധത്തിനെതിരെ വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പോരാട്ടം തുടരും. കോടതികളിലൂടെ നിയമവഴിയ്ക്ക് നീതി ലഭിക്കാനുള്ള മാർഗ്ഗങ്ങളും നാം തുടർന്നും മുന്നോട്ടു കൊണ്ടുപോകും. ഈ നീതിനിഷേധം സമൂഹത്തിന്റെ മുമ്പിൽ വെളിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നാം കൂട്ടായി നടത്തണം. ഈ ലക്ഷ്യങ്ങളുമായിട്ടാണ് ജസ്റ്റീസ് സൺഡേ (നീതിഞായർ) നാം ആചരിക്കുന്നത്.

ഇത്തവണത്തെ നീതിഞായർ ആചരണത്തിന് ഒരു പ്രത്യേക പശ്ചാത്തലം കൂടിയുണ്ട്. ഭാരതകത്തോലിക്കാ മെത്രാൻസമിതി

ഭാരതത്തിലെ ദലിത് സഹോദരങ്ങളുടെ സമുദ്ധാരണത്തിനായി ഒരു ദലിത് ശാക്തീകരണ നയം പ്രഖ്യാപിക്കുകയുണ്ടായി. ഭാരതസഭയുടെ ചരിത്രത്തിലാദ്യമായിട്ടാണ് ഇപ്രകാരം ഒരു ദലിത് നയരൂപീകരണം സഭാതലത്തിൽ ഉണ്ടായത്. ഭാരതസഭയുടെ മുഴുവൻ പിന്തുണയും സഹകരണവും ദലിത് സഹോദരങ്ങളോടൊപ്പമുണ്ടെന്ന് ഇതുവഴി സഭാനേതൃത്വം പ്രഖ്യാപിച്ചിരിക്കുകയാണ്.

സഭയുടെ എല്ലാ തലങ്ങളിലും ദലിത് ശാക്തീകരണസംവിധാനങ്ങൾ ഉണ്ടാകുവാൻ എല്ലാവരും കൂട്ടായി യത്നിക്കുക വളരെ അത്യാവശ്യമാണ്. സാമൂഹികമായും സാമ്പത്തികമായും കടുത്ത വെല്ലുവിളികൾ നേരിടുന്ന നമ്മുടെ ദലിത് സഹോദരങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക ഇതിൽ ഏറ്റവും പ്രധാനമാണ്. ഇതുമായി ബന്ധപ്പെട്ടാണ് കേരളകത്തോലിക്കാ മെത്രാൻ സമിതി ഭവനനിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. നമ്മുടെ ദലിത് കുടുംബങ്ങളിൽ ആരും വീടില്ലാത്തവരായി ഉണ്ടായിരിക്കരുത് എന്ന ലക്ഷ്യത്തിൽ എല്ലാവർക്കും വാസയോഗ്യമായ ഒരു ഭവനത്തിനായുള്ള കൂട്ടായ പ്രയത്നത്തിൽ നമുക്കു കൈകോർക്കണം. എല്ലാ രൂപതകളും, ഇടവകകളും, സന്യാസസഭകളും, സംഘടനകളും, സംരംഭങ്ങളും കൂട്ടായി പരിശ്രമിച്ചാൽ ഈ ലക്ഷ്യം സാധിക്കുവാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് കെസിബിസി എസ്.സി./എസ്.റ്റി/ബി.സി. കമ്മീഷന് സി.എം.ഐ. സന്യാസ സമൂഹവും, വിൻസന്റ് ഡി പോൾ സൊസൈറ്റിയും, ഫ്രാൻസിസ്കൻ അല്മായ സമൂഹവും ഉദാരമായ സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്നത് സന്തോഷത്തോടും നന്ദിയോടും കൂടി ഓർക്കുന്നു. കേരളത്തിൽ ദലിത് കത്തോലിക്കർക്കായി 300 ഭവനങ്ങൾ 2017- 2018 കാലഘട്ടത്തിൽ നിർമ്മിക്കുവാൻ സഹായിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. അഭിവന്ദ്യ പിതാക്കന്മാരും ഈ പദ്ധതികൾക്ക് ആവശ്യമായ എല്ലാ സഹകരണങ്ങളും ഉറപ്പാക്കി തരുന്നതും പ്രത്യേകം സ്മരിക്കട്ടെ. ഇതിനോടൊപ്പം സമർത്ഥരായ ദലിത് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും നാം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു. ദലിത് ശാക്തീകരണ സംരംഭങ്ങൾക്കായി വലിയ സാമ്പത്തിക ഉത്തരവാദിത്വങ്ങളാണ് നാം ഏറ്റെടുത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജസ്റ്റീസ് സൺഡേ ആചരണത്തിന്റെ ഭാഗമായി സാധാരണപോലെ ദലിത് ആവശ്യങ്ങൾക്കായി ഒരു സംഭാവന ശേഖരണം നടത്തുകയാണ്. സഭയിലെ ഓരോ അംഗവും ഉദാരമായി ഈ സംഭാവന സമാഹരണത്തിൽ സഹായിച്ച് ഔദാര്യപൂർവ്വം നമ്മുടെ ദലിത് സഹോദരങ്ങളോട് നമുക്കുള്ള സ്നേഹവും സഹകരണവും പ്രതിബദ്ധതയും ഉറപ്പാക്കാം. നീതിഞായർ ആചരണം വഴി നമ്മുടെ കർത്താവായ ഈശോമിശിഹായുടെ

പ്രബോധനങ്ങളായ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക, ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത് എന്നീ വചനങ്ങൾ നമുക്ക് പ്രചോദനമാകട്ടെ. ദലിത് ശാക്തികരണ സംരംഭങ്ങളുടെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

N.B: 2017 ആഗസ്റ്റ് 20-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# ജസ്റ്റിസ് സൺഡേ ദിനാചരണം

## ചങ്ങനാശേരി അതിരൂപത

2017 ആഗസ്റ്റ് 20-ാം തീയതി 3:00 p.m. ന് റെയിൽവേ ബാപ്പാസ് ജംഗ്ഷനിൽ നിന്ന് റാലിയും തുടർന്ന് പെരുന്ന രണ്ടാം നമ്പർ ബസ്റ്റാന്റ് മൈതാനത്ത് സമ്മേളനവും. അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റേയും വിവിധ സംഘടനകളുടേയും നേതൃത്വത്തിൽ. എല്ലാ വിശ്വാസികളും പങ്കെടുത്ത് ദിനാചരണം വിജയിപ്പിക്കുക.

സർക്കുലർ 17 Ch. 177-252

## നീതി ഞായർ ആചരണം

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദര ന്മാരേ,

ഭാരതസഭ വർഷം തോറും ആചരിക്കുന്ന നീതിഞായർ ഈ വർഷം ആഗസ്റ്റ് മാസം 20 ആണെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന 'മതേതരത്വം' എന്ന മഹത്തായ ആദർശ ത്തിനു വിരുദ്ധമായി മതവിവേചനപരമായ ഒരു ഓർഡർ 1950-ൽ അന്നത്തെ ഇന്ത്യൻ പ്രസിഡന്റ് നൽകി എന്നതാണ് നീതിഞായർ ആച രണത്തിലേക്കു നയിച്ച നീതിരഹിതമായ സംഭവം. മതത്തിന്റെ പേരിൽ യാതൊരു വിവേചനവും ഉണ്ടായിരിക്കയില്ല എന്നതാണ് ഇന്ത്യൻ ഭരണ ഘടന ഉറപ്പുനൽകുന്ന മതേതരത്വം. അതോടൊപ്പം, പ്രത്യേക സംരക്ഷ ണവും ആനുകൂല്യങ്ങളും ഇല്ലാതെ സമൂഹത്തിന്റെ മുഖ്യധാരയിലെത്താൻ നിവൃത്തിയില്ലാതെ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ദളിത് വിഭാഗ ങ്ങൾക്ക് സംവരണം ഏർപ്പെടുത്തി അവരെ ഉദ്ധരിക്കാനും സർക്കാർ തയ്യാറായി. എന്നാൽ ക്രൈസ്തവരുൾപ്പെടുന്ന ചില മതവിഭാഗങ്ങൾക്ക് മതത്തിന്റെ പേരിൽ ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടു. ഇത് മതവി വേചനമാണ്. ഏതൊരു ഇന്ത്യൻ പൗരനും തന്റെ മനഃസാക്ഷിയനുസരി ച്ചുള്ള മതത്തിൽ വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. സാമ്പത്തികാദികാര്യങ്ങളിൽ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ദളിത് ക്രൈസ്തവർക്ക് അവരുടെ മത വിശ്വാസത്തിന്റെ പേരിൽ സംവരണം നിഷേധിക്കപ്പെടുന്നു. ഇത് നഗ്ന മായ അനീതിയും മൗലികാവകാശലംഘനവും മതവിവേചനവുമാണ്.

ഈ വിവേചനത്തിനെതിരെ നീതിക്കുവേണ്ടിയുള്ള ധർമ്മസമര ത്തിന്റെ ഭാഗമായാണ് ഭാരതസഭ നീതി ഞായർ ആചരിക്കുന്നത്. ഇത് ദളിത് ക്രൈസ്തവരുടെ മാത്രം ഒരു പ്രശ്നമല്ല. ക്രിസ്തുമതത്തിന്റെ പേരി ലുള്ള നീതിരഹിതമായ വിവേചനമാണ്. മതേതരത്വത്തിന് കളങ്കം ചാർത്തു

ന്നതാണ്. മതസ്വാതന്ത്ര്യത്തെ വെല്ലുവിളിക്കുന്നതാണ്. ആകയാൽ നീതിക്കും സമത്വത്തിനും സ്വാതന്ത്ര്യത്തിനും വിലകല്പിക്കുന്ന എല്ലാവരും ഈ ധർമ്മസമരത്തിൽ പങ്കുചേർന്ന് സർക്കാരിൽനിന്ന് അനുകൂലമായ തീരുമാനമുണ്ടാകാൻ സമ്മർദ്ദം ചെലുത്തുവാൻ ഒത്തുചേരണമെന്നഭ്യർത്ഥിക്കുന്നു.


നമ്മുടെ അതിരൂപതയിൽ നീതിഞായർ ആചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചങ്ങനാശേരി ബൈപാസ് ജംഗ്ഷനിൽനിന്ന് റാലി അരംഭിക്കുന്നതും പെരുന്ന മുനിസിപ്പൽ മൈതാനിയിൽ പൊതുസമ്മേളനം നടത്തുന്നതുമാണ്. ഇടവകകളിൽനിന്ന് വിവിധ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ പരമാവധി ആളുകൾ സംബന്ധിക്കുവാൻ ബഹുമാനപ്പെട്ട വൈദികരും മറ്റ് ബന്ധപ്പെട്ട ഭാരവാഹികളും ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ കുടുംബാംഗങ്ങളും സഹോദരങ്ങളുമായ ദളിത്ക്രൈസ്തവർ തങ്ങളുടെ മതവിശ്വാസത്തിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന അവഗണനയ്ക്ക് അറുതിവരുത്തുവാൻ നാമൊന്നായി പരിശ്രമിക്കണമെന്നുള്ളത് നമ്മുടെ എല്ലാവരുടെയും ചുമതലയാണ്. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും യുവജനപ്രസ്ഥാനവും എ.കെ.സി.സിയുമൊക്കെ ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കണം. എല്ലാവരുടെയും സജീവമായി സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

N.B : *ഈ സർക്കുലർ ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.*




## I

### TRANSFERS & APPOINTMENTS

| Rev Frs | Relieved | Appointed |
|---|---|---|
| Padiyath Augustine | Anchal, Pazhayeroor, Bursar- Lourdes Matha Public School Meenkulam | Kumarakom V., Syriac Study- SEERI |
| Kakkanattu Joseph | | Notary, Metropolitan Tribunal (addl.) |
| Nadackal Mathew | | Kurumpanadom Assumption (Addl.) |
| Edathiparampil Mathew MST | Kumarakom V. | Anchal, Pazhayeroor |
| Chirackal Manavalan Antnoy MCBS | Kollad- Kaduvakulam | |
| Kalarithara Varghese MCBS | | Kollad- Kaduvakulam |
| Chiramel Sebastian CST | | Kodinattumkunnu |

## II

### പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കു (Extra ordinary Ministers of Holy Communion) വേണ്ടിയുള്ള പരിശീലന പരിപാടി

പരിശുദ്ധ കുർബാനയുടെ അസാധാരണ ശുശ്രൂഷകർക്കുവേണ്ടിയുള്ള പരിശീലനപരിപാടി 2017 ആഗസ്റ്റ് 25 വെള്ളിയാഴ്ച വൈകുന്നേരം 5 മണി മുതൽ ആഗസ്റ്റ് 27 ഞായറാഴ്ച വൈകുന്നേരം 4 മണിവരെ കുന്ന

ന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെടുന്നു. ഈ പരിശീലനപരിപാടിയിൽ പങ്കെടുത്ത് അഭി. പിതാവിന്റെ നിയമനപത്രം ലഭിക്കുന്നവർക്കു മാത്രമേ അതിരൂപതയിൽ അസാധാരണ ശുശ്രൂഷകരായി പരിശുദ്ധ കുർബാന കൊടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. പുതുതായി ഈ ശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടേണ്ടവരും പ്രത്യേക സാഹചര്യത്തിൽ താല്ക്കാലിക അനുവാദം ലഭിച്ച് ഇപ്പോൾ ഈ ശുശ്രൂഷ ചെയ്യുന്നവരും ഈ ക്യാമ്പിൽ പങ്കെടുത്ത് അനുവാദപത്രം വാങ്ങേണ്ടതാണ്. ക്യാമ്പിൽ സംബന്ധിക്കുന്നവർ സാക്ഷ്യപത്രത്തോടൊപ്പം രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോകളും ക്യാമ്പ് ഫീസായ 500/- രൂപയും കൊണ്ടുവരേണ്ടതാണ്. ടി തുക ബന്ധപ്പെട്ട പള്ളികളോ സ്ഥാപനങ്ങളോ വഹിക്കേണ്ടതാണ്.

## III

## ജസ്റ്റീസ് സൺഡേ

ഈ വർഷം ആഗസ്റ്റ് 20-ാം തീയതി ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. അന്നേ ദിവസത്തെ സ്തോത്രകാഴ്ച നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. ഇത് ആഗസ്റ്റ് 31-നകം അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

## ശ്രദ്ധിക്കുക

കാഞ്ഞിരപ്പള്ളി രൂപത അട്ടപ്പള്ളം ഇടവക ജോസ് മൈലക്കൽ എന്ന വ്യക്തി ഇന്ത്യയിലും വിദേശത്തും സമൂഹബലിയിൽ സഹകാർമ്മികനാവുകയും മറ്റു കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന് അന്വേഷണത്തിൽനിന്നും വ്യക്തമായതായി മേജർ ആർച്ച്ബിഷപ്പ് അഭി. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത ശ്രദ്ധയിൽപ്പെടുത്തിയിരിക്കുന്നു. രഹസ്യമായി ബലിയർപ്പിച്ചപ്പോൾ ബലിവസ്തുക്കൾ മാംസവും രക്തവുമാവുകയും പലതവണ പഞ്ചക്ഷതങ്ങൾ ഉണ്ടാവുകയും ചെയ്തു എന്ന തെറ്റായ അവകാശവാദങ്ങളുമായി നടക്കുന്ന ഈ വ്യക്തിയെക്കുറിച്ച് എല്ലാവരും കരുതലോടെയിരിക്കേണ്ടതാണ്.

# ഫാ. മാത്യു ഞള്ളത്തുവയലിൽ
# അനുസ്മരണം



ബഹുമാനപ്പെട്ട മാത്യു ഞള്ളത്തുവയലിലച്ചന്റെ വിയോഗവാർത്ത യഥാസമയംതന്നെ പരേതന്റെ സഹോദരപുത്രൻ ശ്രീ. ജോയി എന്നെ അറിയിച്ചു. ബഹു. അച്ചനുമായി എനിക്ക് വ്യക്തിപരമായി വളരെ അടുപ്പമുണ്ടായിരുന്നതുകൊണ്ട് മൃതസംസ്കാരശുശ്രൂഷയിൽ സംബന്ധിക്കാൻ ഏറെ ആഗ്രഹമുണ്ടായിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്ഥാപകപിതാവ് ദൈവദാസൻ മാർ ഇവാനിയോസ് തിരുമേനിയുടെ 64-ാം ഓർമപ്പെരുന്നാൾ ചടങ്ങുകളിൽ സംബന്ധിക്കുന്നതിനുവേണ്ടി തിരുവനന്തപുരത്ത് പോകേണ്ടിവന്നതിനാലാണ് അത് സാധിക്കാതെ പോയത്.

കാഞ്ഞിരപ്പള്ളിയാണ് ബഹു. ഞള്ളത്തുവയലിലച്ചന്റെ സ്വദേശമെങ്കിലും എൺപത്തിയൊൻപതു വർഷം നീണ്ട ജീവിതത്തിന്റെ നല്ല പങ്കും അദ്ദേഹം ചങ്ങനാശ്ശേരിയിലാണല്ലോ ചെലഴിച്ചത്. 1961-ൽ പൗരോഹിത്യം സ്വീകരിച്ച ബഹു. അച്ചൻ അതിരമ്പുഴയിലും ആർപ്പൂക്കരയിലും ഇടവകശുശ്രൂഷയിലേർപ്പെട്ടു. തുടർന്ന് ചങ്ങനാശ്ശേരി എസ്.ബി. സ്കൂൾ മാനേജരായും എസ്. എച്ച് സ്കൂൾ പ്രിൻസിപ്പലായും മണിമല സ്കൂൾ അധ്യാപകനായും ചെയ്ത സേവനങ്ങൾ നിസ്തുലങ്ങളാണ്. ആയിരക്കണക്കിനു വിദ്യാർത്ഥികൾക്കു അറിവിന്റെ വെളിച്ചം പകർന്ന ഈ ശ്രേഷ്ഠഅധ്യാപകൻ ആത്മീയോപദേശങ്ങൾ നൽകി അനേകരെ നന്മയിലേക്കു നയിക്കുകയും വിവിധ സഭാശുശ്രൂഷാമേഖലകളിലേക്കുള്ള ദൈവവിളി തിരിച്ചറിയാൻ ഏറെപ്പേരെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. പരിശുദ്ധ കുർബാനയർപ്പണത്തിലുണ്ടായിരുന്ന തീക്ഷ്ണതയും കുമ്പസാരക്കൂട്ടിൽ മണിക്കൂറുകൾ മടുപ്പില്ലാതെ ചെലഴിക്കാനുള്ള സന്നദ്ധതയും തെളിയിക്കുന്നത് തന്റെ പൗരോഹിത്യശുശ്രൂഷയെ അച്ചൻ എത്രമാത്രം വിലമതിച്ചിരുന്നു എന്നതാണ്.

ചങ്ങനാശ്ശേരിയിലെ ശുശ്രൂഷാകാലയളവിലും തക്കലയിൽ മെത്രാനായിരുന്നപ്പോഴും ഇപ്പോൾ എറണാകുളത്തു ചെന്ന ശേഷവും എനിക്കു അച്ചനിൽ നിന്നു ലഭിച്ചിട്ടുള്ള സ്നേഹവും സഹകരണവും സഹായവും പ്രോത്സാഹനവും

വളരെ ഹൃദ്യമായിരുന്നു. എന്നോടു മാത്രമല്ല, സഭയിലെ എല്ലാ പിതാക്കന്മാരോടും വിശിഷ്യ, ചങ്ങനാശേരി അതിരൂപതയിലെയും കാഞ്ഞിരപ്പള്ളി രൂപതയിലെയും അഭി. പിതാക്കന്മാരോടും സ്നേഹബഹുമാനത്തോടുകൂടിയ സഹകരണം അച്ചൻ പുലർത്തിയിരുന്നു. ബ. അച്ചൻ, എനിക്കു മുടങ്ങാതെ കത്തുകളെഴുതുകയും എല്ലാത്തവണയും കവറിനുള്ളിൽ ഒരു ചെറിയ തുകയുടെ ചെക്ക് സംഭാവനയായി വയ്ക്കുകയും ചെയ്തിരുന്നു. 'വിധവയുടെ ചില്ലിക്കാശ്' എന്നായിരുന്നു അച്ചൻ തന്നെ ഇതിനെ വിശേഷിപ്പിച്ചിരുന്നത്. അതിന് ഞാനും വലിയ മൂല്യം നൽകിയിരുന്നു. അച്ചൻ എഴുതിയ മൂന്നു നാലു കത്തുകൾ ഞാനിപ്പോഴും സൂക്ഷിച്ചുവച്ചിട്ടുണ്ട്. 2015-ൽ എനിക്കെഴുതി, 'എൺപത്തിയെട്ടിലേക്കു കടക്കുന്നു, ഇനി പിതാവിന് കത്ത് അയയ്ക്കാൻ സാധിക്കുമോ എന്നറിയില്ല' എന്ന്. പിന്നീടൊരിക്കൽ എഴുതി, 'ഭാഗ്യമരണവും പുണ്യയോഗ്യതയും നിത്യാനന്ദവും ലഭിക്കാൻ ഇടയാകാൻ വേണ്ടി പ്രാർത്ഥിക്കണം' എന്ന്. 89-ാം പിറന്നാളിലേക്കു കയറുന്നു എന്ന് അറിയിച്ചുകൊണ്ട് കഴിഞ്ഞ വർഷം ഏറ്റവും അവസാനമായി എനിക്കെഴുതിയ കത്തിലെ ഒരു വാക്യം ഹൃദയസ്പർശിയായിരുന്നു. അതിപ്രകാരമാണ്: 'Bless me for a happy death before ninety' (തൊണ്ണൂറിനു മുമ്പ് സന്തോഷത്തോടെ മരിക്കാൻ വേണ്ടി എന്നെ അനുഗ്രഹിക്കണം). അതാണല്ലോ ഇപ്പോൾ സംഭവിച്ചിരിക്കുന്നതും. 2017 ആഗസ്റ്റ് 12-ന് നവതിയിലേക്കു കയറാൻ ഒരു മാസം മാത്രം അവശേഷിച്ചിരിക്കുമ്പോൾ നിത്യതയിലേക്കുള്ള ദൈവത്തിന്റെ വിളിയുടെ സ്വരം അച്ചൻ കേട്ടു. വിളക്കുകളോടൊപ്പം എണ്ണയും കരുതി മണവാളനെ കാത്തിരുന്ന വിവേകവതികളായ കന്യകമാരെപ്പോലെ ബഹു. മാത്യു അച്ചൻ സ്വർഗീയമണവറയിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നു നമുക്കു പ്രത്യാശിക്കാം. 'ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു' (2 തിമോ 4:6) എന്നു വി. പൗലോസിനോടു ചേർന്നു പറഞ്ഞുകൊണ്ടാണ് ഈ ശ്രേഷ്ഠവൈദികൻ വിടവാങ്ങുന്നത്. തനിക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളെല്ലാം കൃത്യതയോടെ നിർവഹിച്ച ബഹു. മാത്യു അച്ചനെ കാരുണ്യവാനായ കർത്താവ് നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെ.

ചങ്ങനാശേരി അതിരൂപതയിലെയും കാഞ്ഞിരപ്പള്ളി രൂപതയിലെയും അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടും വളരെ പ്രത്യേകമായി, ഞള്ളത്തുവയലിൽ കുടുംബാംഗങ്ങളോടും എന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

# അനുസ്മരണം

ജൂലൈ 12 ന് ബഹു. മാത്യൂ ഞള്ളത്തുവയലിൽ അച്ചൻ നിത്യപിതാവിന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോയി. 1928 ഓഗസ്റ്റ് 12 ന് കാഞ്ഞിരപ്പള്ളി കത്തീഡ്രൽ ഇടവകയിലെ പുരാതനമായ ഞള്ളത്തുവയലിൽ തറവാട്ടിൽ ജോസഫ്-മറിയം ദമ്പതികൾക്കു പിറന്ന മാത്യൂ അദ്ദേഹത്തിന്റെ പേര് അന്വർത്ഥമാക്കുന്നതു പ്പോലെ ദൈവദാനമായിരുന്നു. 89 വർഷത്തെ ജീവിതയാത്രയിൽ 56 വർഷ ത്തോളം പൗരോഹിത്യശുശ്രൂഷയിലായിരുന്നു. 1961 മാർച്ച് മാസം 12-ാം തീയതി അഭി. മാർ മാത്യൂ കാവുകാട്ടു പിതാവിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ച അച്ചൻ അതിരമ്പുഴ, ആർപ്പൂക്കര ഇടവകകളിൽ അജപാലനം നിർവ്വഹിച്ച തിനുശേഷം 1964 ൽ ചങ്ങനാശ്ശേരി എസ്.ബി ഹൈസ്കൂളിൽ താമസിച്ചുകൊണ്ട് എസ്. എച്ച് ഹൈസ്കൂളിൽ അദ്ധ്യാപനം ആരംഭിച്ചു. അതേത്തുടർന്ന് നീണ്ട 32 വർഷക്കാലം എസ്.എച്ചിനെ ചങ്ങനാശ്ശേരിയുടെ അഭിമാനമായി വളർത്തിയെടുത്തു.

അഞ്ചാംക്ലാസിൽ സേക്രട്ഹാർട്ട് സ്കൂളിൽ പഠിക്കാൻ ചെല്ലുമ്പോഴാണ് ഞാൻ അച്ചനെ അടുത്തു പരിചയപ്പെടുന്നത്. ബഹു. കായിത്തറ അച്ചനോ ടൊപ്പം എന്റെ വല്ല്യപ്പൻ ശ്രീ. ടി. ജെ. ജോസഫും എസ്.എച്ചി.ന്റെ ആദ്യകാല ങ്ങളിൽ അവിടെ അദ്ധ്യാപകനായിരുന്നതുകൊണ്ട് പലപ്രാവശ്യം മാത്യൂ അച്ചൻ വീട്ടിൽവന്ന് കണ്ടതും ഓർമ്മിക്കുന്നു. കാണുമ്പോഴൊക്കെ ഏറെ വാത്സല്ല്യം പ്രകടിപ്പിച്ച് കയ്യിലുള്ള എന്തെങ്കിലുമൊക്കെ സമ്മാനമായി നൽകുന്ന രീതിയാ യിരുന്നു അച്ചന്റേത്. സേക്രട്ഹാർട്ടിൽ മാത്യൂ അച്ചൻ നിറസാന്നിധ്യമായിരുന്നു. കുട്ടികളെ കാണാൻ വലിയ ആഗ്രഹത്തോടെ കാത്തിരിക്കുന്നതുപ്പോലെ എല്ലാ ദിവസവും രാവിലെ അദ്ദേഹം സ്കൂൾ വരാന്തയിൽ ഉണ്ടായിരിക്കും. കൗശലം പറയാനും പൊതുവിജ്ഞാന ചോദ്യങ്ങൾ ചോദിക്കാനും കുട്ടികളുടെ ചോദ്യങ്ങൾക്കു മറുപടി പറയാനുമൊക്കെ അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

ജോഗ്രഫി ക്ലാസിൽ അദ്ദേഹത്തിന്റെ അറിവു മുഴുവൻ പറഞ്ഞു ഫലിപ്പി ക്കാൻ അദ്ദേഹത്തിനു സാധിക്കുന്നുണ്ടോയെന്നു ഞങ്ങൾ അത്ഭുതപ്പെട്ടിട്ടുണ്ട്. ചോദ്യങ്ങൾ ചോദ്യക്കുമ്പോഴാണ് അദ്ദേഹത്തിന്റെ അറിവിന്റെ ആഴം ബോധ്യപ്പെടുന്നത്. ക്ലാസുകളേക്കാൾ അദ്ദേഹത്തിന്റെ സാന്നിധ്യം തന്നെയാ യിരുന്നു കുട്ടികൾക്കു പ്രിയപ്പെട്ടത്. പൗരോഹിത്യത്തെ സ്നേഹിക്കുകയും

ദൈവവിളികളെ പ്രോത്സാഹപ്പിക്കുയും ചെയ്തിരുന്ന വ്യക്തിയായിരുന്നു ബഹു. മാത്യൂ അച്ചൻ. ഞാൻ വൈദികനാകും എന്നു തോന്നിയിട്ടാവാം ദൈവവിളിയെക്കുറിച്ച് എന്നോടദ്ദേഹം പലപ്പോഴും സംസാരിച്ചിട്ടുണ്ട്. ദൈവവിളി പ്രോത്സാഹനത്തിന് അദ്ദേഹം പരിശ്രമിച്ചത് വൈദികജീവിതത്തെക്കുറിച്ച് അദ്ദേഹത്തിനുള്ള മതിപ്പിന്റെയും ആദരവിന്റെയും അടയാളമായിരുന്നു.

ബഹു. മാത്യൂ അച്ചൻ വിശുദ്ധ ജീവിതം നയിച്ചെന്ന് നിസ്സംശയം നമ്മുക്ക് പറയാം. സ്കൂളും പള്ളിയും പ്രാർത്ഥനയുമൊക്കെ കഴിഞ്ഞ് അദ്ദഹത്തിനു മറ്റൊരു ലോകമില്ലായിരുന്നു. പ്രീസ്റ്റ്ഹോമിൽ അദ്ദേഹത്തെ കാണാൻ ചെല്ലുമ്പോഴൊക്കെ ചാപ്പലിൽ കൊന്തചൊല്ലിയിരിക്കുന്ന അച്ചൻ നല്ലൊരു മാതൃക തന്നെയായിരുന്നു. പരാതികളില്ലാതെ ജീവിച്ചു. ചെല്ലുമ്പോഴൊക്കെ അടുക്കലിരുത്തി ചരിത്രമൊക്കെ പറഞ്ഞ്, ഉപദേശങ്ങൾതന്ന്, പോകാൻനേരം അൽപ്പം പണം കയ്യിൽവച്ച്തന്ന് യാത്രയാക്കിയിരുന്ന അച്ചൻ സൗമ്യവും വിശുദ്ധവുമായ സാന്നിധ്യമായിരുന്നു. അദ്ദേഹം അവസാനമായി പങ്കെടുത്ത പൊതുപരിപാടി ജൂലൈ 8-ാം തീയതി എസ്.എച്ച് സ്കൂളിൽവച്ച് എന്റെ സഹപാഠികൾ ഒരുമിച്ചുകൂടിയ ചടങ്ങായിരുന്നു. ക്ഷീണംമൂലം നേരത്തേ മടങ്ങിപ്പോയെങ്കിലും സ്കൂൾ മുറ്റത്തിരുന്ന് ഞങ്ങൾ കുറേ ഓർമ്മകൾ പങ്കുവച്ചു.

കർത്താവിന്റെ ഭവനാങ്കണങ്ങളെ എന്റെ ആത്മാവ് അത്യധികമായി അഭിലഷിച്ചു. ജീവിതകാലം മുഴുവൻ കർത്താവിന്റെ ഭവനാങ്കണങ്ങളെ സ്നേഹിച്ച മാത്യൂ അച്ചന് നല്ലവനായ ദൈവം നിത്യസമ്മാനം നൽകട്ടെയെന്നു പ്രാർത്ഥിക്കാം. അദ്ദേഹത്തിന്റെ നൂറുകണക്കിനു വിദ്യാർത്ഥികളിലൊരുവനായി അദ്ദേഹത്തിന്റെ പാവന സ്മരണക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**+ ബിഷപ്പ് തോമസ് തറയിൽ**

## 2017 ജൂലൈ 8-ന് നടന്ന
## പാസ്റ്ററൽ കൗൺസിൽ സമ്മേളന റിപ്പോർട്ട്

പതിനാലാമത് പാസ്റ്ററൽ കൗൺസിലിന്റെ സമ്മേളനം 2017 ജൂലൈ 8-ാം ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ മാർ കാളാശ്ശേരി സ്മാരക ഇൻഡോർ സ്റ്റേഡിയത്തിൽ നടന്നു. അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ. സിസ്റ്റർ സ്റ്റെല്ല മാരിസ് SD (Provincial Superior, St. Joseph's Provincial House, Chethipuzha) നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ ആരംഭിച്ച സമ്മേളനത്തിൽ സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവ് സ്വാഗതം ആശംസിച്ചു. ദൈവവചനത്തിന് കാതോർത്ത്, വചനം പ്രഘോഷിച്ച്, ഒരുമിച്ച് നടക്കുന്നവരാകുവാൻ അഭി. പിതാവ് അംഗങ്ങളെ ആഹ്വാനം ചെയ്തു. സഭയ്ക്ക് പുറത്തുനിന്നും ഉള്ളിൽനിന്നുമുള്ള വെല്ലുവിളികൾക്കെതിരെ ഒന്നിച്ചുനിൽക്കുവാനും സഭയുടെ ദൗത്യം നിറവേറ്റുന്നതിന് ഉണർന്നു പ്രവർത്തിക്കുവാനും തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അംഗങ്ങളെ ഉദ്ബോധിപ്പിച്ചു.

പാസ്റ്ററൽ കൗൺസിലിന്റെ പുതിയ വൈസ് പ്രസിഡന്റ് കൂടിയായ അഭിവന്ദ്യ തോമസ് തറയിൽ പിതാവിനെയും വികാരിജനറാൾ ഡോ. ഫിലിപ്സ് വടക്കേക്കളമച്ചനേയും അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് 14-ാമത് പാസ്റ്ററൽ കൗൺസിലിലേക്ക് സ്വാഗതം ചെയ്തു.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. ബിന്ദു എം. തോമസ് പ്രത്യേക ക്ഷണിതാവായി സമ്മേളനത്തിൽ പങ്കെടുത്തു. ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ന്യൂനപക്ഷങ്ങൾക്ക് നൽകിവരുന്ന വിവിധ പദ്ധതികളെക്കുറിച്ചും അഡ്വ. ബിന്ദു വിശദീകരിക്കുകയും അംഗങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

കോട്ടയം അതിരൂപതയുടെ പ്രഥമ മെത്രാൻ ദിവംഗതനായ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ അനുസ്മരിച്ച് വികാരിജനറാൾ ഡോ. ജെയിംസ് പാലയ്ക്കലച്ചനും അപകടത്തിൽ മരിച്ച പാസ്റ്ററൽ കൗൺസിൽ അംഗം അഡ്വ. ടോമി കണയംപ്ലാക്കലിനെ അനുസ്മരിച്ച് ശ്രീ. വി.ജെ. ലാലിയും സംസാരിച്ചു. തുടർന്ന് പരേതരുടെ ആത്മശാന്തിക്കായി അംഗങ്ങൾ ഒരുമിനിറ്റ് മൗനമായി പ്രാർത്ഥിച്ചു.

പാസ്റ്ററൽ കൗൺസിൽ -പ്രസ്ബിറ്ററൽ കൗൺസിൽ സുവർണ്ണജൂബിലി ഉദ്ഘാടനസമ്മേളനത്തിന്റെ റിപ്പോർട്ടും വിവിധ സുവർണ്ണജൂബിലി പദ്ധതികളും

സെക്രട്ടറി അവതരിപ്പിച്ചു. സമകാലിക വിഷയങ്ങളെ സംബന്ധിച്ച ശ്രദ്ധക്ഷണിക്കൽ പരിപാടിയിൽ താഴെപ്പറയുന്നവർ പങ്കെടുത്ത് വിഷയങ്ങൾ അവതരിപ്പിച്ചു.

1. Juvenile Justice Act and Orphanages - റവ. ഫാ. സിറിയക് പഴയമഠം (Director, St. Joseph's Orphanage for Boys, Puthussery, Mallappally)
2. നഴ്സുമാരുടെ പ്രശ്നങ്ങൾ, നിലപാട് - റവ. ഫാ. തോമസ് മംഗലത്ത് (Director, St. Thomas Hospital, Chethipuzha)
3. വിദ്യാഭ്യാസമേഖലയിലെ വെല്ലുവിളികൾ - അഡ്വ. ജോജി ചിറയിൽ (PRO)
4. നീതിഞായർ - ശ്രീ. ജെയിംസ് ഇലവുങ്കൽ (Joint Secretary, KCBC SC/ST/BC Commission)
5. സർക്കാരിന്റെ മദ്യനയവും പ്രത്യാഘാതങ്ങളും - റവ. ഫാ. തോമസ് താന്നിയത്ത് (Director, Atmathakendram)
6. കർഷകരുടെ പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ - ശ്രീ. വി.ജെ. ലാലി (Member, Pastoral Council Executive)

തുടർന്ന് നടന്ന ചർച്ചയിൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. അഭി. ജോസഫ് പെരുന്തോട്ടം പിതാവ് മറുപടി പ്രസംഗം നടത്തി. ശ്രീ. ജോബി പ്രാക്കുഴി നന്ദിയർപ്പിച്ചു. അതിരൂപത ആന്തത്തോടെ യോഗം സമംഗളം പര്യവസാനിച്ചു. ക്രമീകരണങ്ങൾക്ക് വികാരി ജനറാൾ റവ. ഡോ. മാണി പുതിയിടം, റവ. ഡോ. ടോം പുത്തൻകളം, റവ. ഫാ. ഫിലിപ്പ് തയ്യിൽ, റവ. ഫാ. റോജൻ നെൽപുരയ്ക്കൽ, ശ്രീ. റ്റോം ജോസഫ്, ശ്രീ. എബിൻ അലക്സാണ്ടർ, മിസ്. ടെസി തെരേസ് ജോർജ്, ശ്രീ. ജോബി പ്രാക്കുഴി, മിസ് മിനി റോയി, ശ്രീ. ജെറിൻ ജോസഫ്, മിസ്. ജുബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.

**ഡോ. സോണി കണ്ടങ്കരി**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

---

N.B: നീതിഞായർ ആചരണത്തിന്റെ ഭാഗമായി ആഗസ്റ്റ് 20 ഞായറാഴ്ച 3 മണിക്ക് റെയിൽവേ ബൈപ്പാസ് ജംഗ്ഷനിൽനിന്നും ആരംഭിക്കുന്ന റാലിയിലും തുടർന്ന് പെരുന്ന രണ്ടാം നമ്പർ ബസ്സ്റ്റാന്റ് മൈതാനത്ത് നടക്കുന്ന സമ്മേളനത്തിലും പാസ്റ്റർകൗൺസിൽ അംഗങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതി

**സഭയുടെ ഔദ്യോഗിക വക്താവിന്റെ സന്ദർശനം**

സീറോമലബാർസഭയുടെ ഔദ്യോഗിക വക്താവ് റവ. ഡോ. ജിമ്മി പൂച്ചക്കാട്ടിൽ അതിരൂപതാ പബ്ലിക്ക് റിലേഷൻസ്-ജാഗ്രതാ സമിതി ഓഫീസ് 19-7-17 തീയതിയിൽ സന്ദർശിച്ചു. സീറോമലബാർ സഭയിലെ രൂപതകളിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന പബ്ലിക്ക് റിലേഷൻസ് സംവിധാനം ആണ് ചങ്ങനാശ്ശേരി അതിരൂപതയ്ക്കുള്ളതെന്നും ഈ സമിതിയുടെ പ്രവർത്തനങ്ങൾ സഭയെ ശക്തിപ്പെടുത്തുന്നവിധമാണെന്നും അദ്ദേഹം വിലയിരുത്തി. നേഴ്സിങ്ങ് സമരം, അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ, സഭാംഗങ്ങൾക്കുണ്ടാകേണ്ട സാമുദായിക ബോധം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് അംഗങ്ങളുമായി അദ്ദേഹം ആശയവിനിമയം നടത്തി. സീറോമലബാർ സഭയുടെ പേരിലുള്ള Syro Malabar Catholic Church (FB Group)ൽ കാണുന്ന ചില പ്രവണതകളും, അനാവശ്യ പ്രതികരണങ്ങളും അംഗങ്ങൾ സഭാവക്താവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

**അതിരൂപതാ അഭിഭാഷക സംഗമം**

പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ അതിരൂപതയിലുള്ള മുഴുവൻ അഭിഭാഷകരെയും ഉൾപ്പെടുത്തിക്കൊണ്ട് സെപ്റ്റംബർ 9-ാം തീയതി ചങ്ങനാശ്ശേരിയിൽ വച്ച് അഭിഭാഷക സംഗമം നടത്തുവാൻ നിശ്ചയിച്ചു. മുതിർന്ന അഭിഭാഷകരെ ആദരിക്കൽ, ജസ്റ്റീസ് കെ.കെ. മാത്യു അനുസ്മരണം, ആനുകാലിക വിഷയങ്ങളെപ്പറ്റിയുള്ള പഠനം, പൊതുചർച്ച, തുടങ്ങിയ കാര്യങ്ങൾ പരിപാടികളുടെ ഭാഗമായി ക്രമീകരിച്ചിട്ടുണ്ട്.

**ഇടവകതല പി.ആർ. സെൽ അംഗങ്ങളുടെ ലിസ്റ്റ്**

ഇടവകതല പി. ആർ. സെൽ അംഗങ്ങളുടെ അതിരൂപതാ സംഗമത്തിനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു. ഇടവകതല പി. ആർ. സെൽ അംഗങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി പൂരിപ്പിച്ച ഫോം അതിരൂപതാ ഓഫീസിൽ ഉടൻതന്നെ എത്തിക്കണമെന്ന് ബഹു. വികാരിയച്ചന്മാരെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഫാ. ആന്റണി തലച്ചെല്ലൂർ**
കോ-ഓർഡിനേറ്റർ, ജാഗ്രതാസമിതി

**അഡ്വ. ജോജി ചിറയിൽ**
പി.ആർ.ഒ

ഈശോയിൽ പ്രിയ സ്നേഹിതരേ,

കുടുംബക്കൂട്ടായ്മകൾ എല്ലായിടങ്ങളിലും ഫലപ്രദമായി നടക്കുന്നു എന്ന് അറിയുന്നതിൽ ഏറെ സന്തോഷം. ലോഗോസ് ക്വിസിനുള്ള പഠനക്കളരികൾ കൂടിയായി ഈ മാസങ്ങളിൽ കൂട്ടായ്മകൾ മാറുന്നു എന്നതും സന്തോഷകരമാണ്. പ്രാർത്ഥന, പ്രബോധനം, പങ്കുവയ്ക്കൽ എന്നിവയുടെ സന്തുലിത സംഗമവേദിയാണ് കൂട്ടായ്മകൾ. ഒന്ന് മറ്റൊന്നിന് പകരമാകാത്തതിനാൽ ഇവ മൂന്നും കൂട്ടായ്മകളിൽ ഒഴിവാക്കാനാവാത്തതാണ്. ശ്രേഷ്ഠമായ യാമപ്രാർത്ഥനകൾ ആസ്വദിച്ച് അർപ്പിക്കുവാനും, ലോകചരിത്രത്തോളം തന്നെ ആഴവും, വ്യാപ്തിയുമുള്ള സഭയുടെ അറിവിന്റെ ശേഖരത്തിൽ നിന്ന് സഭാമക്കൾക്ക് നല്ല പ്രബോധനങ്ങൾ നല്കുവാനും, കൊടുക്കുന്തോറും ഏറിടും എന്ന ആത്മീയസത്യം അനുഭവിച്ചറിയുവാനും കൂട്ടായ്മകൾ സഹായിക്കട്ടെ. ആനുകാലിക യാഥാർത്ഥ്യങ്ങൾക്ക് നേരെ തുറന്നു വെച്ചിരിക്കുന്ന കണ്ണും, കാതുമായി കൂട്ടായ്മകൾ നമുക്കും, നമ്മുടെ ഇളം തലമുറകൾക്കും കാവൽ നില്ക്കട്ടെ.

പ്രാർത്ഥനയോടെ,

**ഫാ. മാത്യു നടയ്ക്കൽ**

## അറിയിപ്പുകൾ

### ലോഗോസ് ക്വിസ് - 2017

ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഓഗസ്റ്റ് 15-ാം തീയതി വരെ ഓൺലൈൻ രജിസ്ട്രേഷൻ സമയം നീട്ടിയിട്ടുണ്ട്. ഇനിയും വളരെയേറെ ഇടവകകൾ രജിസ്ട്രേഷൻ നടത്തേണ്ടതായുണ്ട്. കെ.സി.ബി.സി യുടെ ഈ ബൈബിൾ പഠന പരിപാടിയിൽ നമ്മുടെ രൂപതയിൽനിന്നും വലിയ പങ്കാളിത്തം നൽകി വിജയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ലോഗോസ് ക്വിസ് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഇടവകകൾ രജിസ്ട്രേഷൻ ഫീസും, ഗ്ലാൻസ് എന്ന പേജിന്റെ കോപ്പിയും ഓഗസ്റ്റ് 10-ാം തീയതിക്കകം കുടുംബക്കൂട്ടായ്മാ ഓഫിസിൽ ഏൽപ്പിക്കേണ്ടതാന്.

### ലോഗോസ് പഠനസഹായി

ബഹുമാനപ്പെട്ട തോമസ് തെക്കേക്കരയച്ചൻ തയ്യാറാക്കിയ ലോഗോസ് പഠനസഹായിയുടെ ഏതാനും കോപ്പികൾകൂടി കുടുംബക്കൂട്ടായ്മാ ഓഫിസിൽ ലഭ്യമാണ്.

### സെമിനാർ - വിഷയം: ന്യൂനപക്ഷ അവകാശങ്ങൾ

ഓഗസ്റ്റ് മാസത്തിലെ ഡിഡാക്കെ പരിശീലന പരിപാടി ഓഗസ്റ്റ് 12-ാം

ശേഷം പേജ് 22-ൽ

# ഇറ്റാവാ മിഷൻ സമാചാർ

മധ്യവേനൽ അവധിക്കുശേഷം മിഷൻ കേന്ദ്രങ്ങൾ വീണ്ടും സജീവമായി. സ്ഥലമാറ്റം ലഭിച്ചവർ ദുക്റാന തിരുനാളിനു മുൻപ് അവരുടെ പുതിയ സ്ഥലങ്ങളിൽ എത്തിച്ചേർന്നു. പ്രവർത്തനവർഷത്തിലെ മിഷന്റെ ആദ്യ സമ്മേളനം മൈൻപുരി സെന്റ് തോമസ് ഭവനാങ്കണത്തിൽ നടന്നു. പുതിയതായി മിഷനിൽ എത്തിയവരെ മിഷൻ സുപ്പീരിയർ സ്നേഹപുരസരം സ്വാഗതം ചെയ്തു. അതേ ദിവസം സെന്റ് തോമസ് ഇടവക ദേവാലയത്തിൽ നിത്യാരാധന, ആരാധന സന്ന്യാസിനികളുടെ നേതൃത്വത്തിൽ ആരംഭിച്ചു. ആദ്യ ദിവസങ്ങളിലെ തിരുമണിക്കൂറിൽ മിഷനിലെ എല്ലാ വൈദികരും, സിസ്റ്റേഴ്സും, മൈൻപുരി ഇടവകാംഗങ്ങളും പങ്കെടുത്തു. എല്ലാ ദിവസവും ഉച്ചക്ക് 12 മണി മുതൽ രാത്രി 8 മണിവരെ ഭക്തജനങ്ങൾക്കായി ആരാധന സമയം ക്രമപ്പെടുത്തിയിരിക്കുന്നു.

മിഷനിൽ മൈനർ സെമിനാരി ആരംഭിച്ചിട്ട് 24 വർഷങ്ങളോളം ആയെങ്കിലും സ്വന്തമായി എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു ഭവനം ജൂലൈ മാസം 16-ാം തീയതി കർമ്മല മാതാവിന്റെ തിരുന്നാൾ ദിവസം പൂവണിഞ്ഞു. ഇറ്റാവയിൽ നിന്നും 5 കിലോമീറ്റർ ദൂരെ ഉള്ള 'നഗലഗഢരിയാ' (ആട്ടിടയഗ്രാമം) എന്ന സ്ഥലത്ത് അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് ആശീർവ്വാദകർമ്മവും, ദേവാലയ പ്രതിഷ്ഠയും നടത്തി. ഇടയഗ്രാമം എന്നുള്ള സ്ഥലപ്പേര് സെമിനാരിക്ക് ഏറ്റവും ഉചിതമാണെന്ന് അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. സെമിനാരിയുടെ പുതിയ റെക്ടറായി റ്റോം ആര്യൻകാല അച്ചനും, ആദ്ധ്യാത്മിക പിതാവായി മാർട്ടിൻ നൈനാപറമ്പിൽ അച്ചനും ചാർജെടുത്തു. സെമിനാരിയിൽ ഇപ്പോൾ 10 വൈദിക വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

17-ാം തീയതി അഭിവന്ദ്യ പിതാവ് ദിബ്യാപൂരിൽനിന്നും 20 കിലോമീറ്റർ അകലെ ഉള്ള ബിധുനാ (Bidhuna) യിലും ഇറ്റാവയിൽ നിന്ന് 40 കിലോമീറ്റർ ദൂരത്തുള്ള ചക്കർനഗർ (Chackar Nagar) ലും പുതിയ മിഷൻ കേന്ദ്രത്തിനുള്ള തറക്കല്ലിടീൽ കർമ്മം നടത്തി. അന്നു വൈകുന്നേരം ആഗ്രാ മെത്രാപ്പോലീത്തയും, ചങ്ങനാശേരി മെത്രാപ്പോലീത്തയും തമ്മിലുള്ള കൂടിക്കാഴ്ച വളരെ ശ്രദ്ധേയമായിരുന്നു.

മിഷന്റെ പ്രത്യേക ചാർജ്ജ് വഹിക്കുന്ന പെരിയ ബഹു. ജെയിംസ് പാലക്കൽ അച്ചൻ ഇറ്റാവാ മിഷൻ സന്ദർശനത്തിനായി എത്തി. എട്ടു ദിവസത്തോളം മിഷനിൽ ചിലവഴിച്ച് എല്ലാ സ്ഥലങ്ങളും സന്ദർശിച്ച്, മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. അച്ചനു പ്രത്യേകം നന്ദി ഒപ്പം നാമഹേതുക തിരുന്നാളിന്റെ എല്ലാവിധ ആശംസകളും അറിയിക്കുന്നു.

മിഷൻ സന്ദർശനം നടത്തിയ ആരാധന സന്യാസിനീ സമൂഹത്തിലെ ജഗദൽപ്പൂർ പ്രോവിൻസ് പ്രൊവിൻഷ്യൽ വെരി റവ. സി. ആനി SABS നും ചങ്ങനാശേരി ആർച്ച് ബിഷപ്പിന്റെ സെക്രട്ടറി അജോ കാവാലം അച്ചനും പ്രത്യേകം നന്ദി.

ബഹു. ജോസ് പുവത്തിങ്കൽ അച്ചന്റെ മാതാവ് ഏതാനും ദിവസങ്ങൾക്ക് മുമ്പ് നിര്യാതയായി. ഇറ്റാവാ മിഷൻ സമൂഹത്തിന്റെ എല്ലാവിധ അനുശോചനങ്ങളും അറിയിക്കുന്നു.

രണ്ടുവർഷത്തെ MSW പഠനത്തിനുശേഷം ഓവേലിൽ റോഷൻ അച്ചൻ ആശാനികേൻ സ്പെഷ്യൽ സ്കൂളിന്റെ ഡയറക്ടറായി ചാർജെടുത്തു. തുരുത്തേൽ ജസ്റ്റിൻ അച്ചൻ കൂത്രപ്പള്ളിയിൽ നിന്നും ചിബരാമു സെന്റ് പോൾ സ്കൂളിന്റെ മാനേജരായി ചാർജ് എടുത്തു. പള്ളിക്കിഴക്കേതിൽ മെൽവിനച്ചൻ ജയ്പ്പൂർ സീറോമലബാർ മിഷനിൽ കഠിനാദ്ധ്വാനം ചെയ്തു സഭാംഗങ്ങളെ സംഘടിപ്പിക്കുന്നു. ലക്നൗ, കാൺപൂർ മിഷനും നന്നായി പോകുന്നു.

എല്ലാ സൺഡേസ്കൂളുകളിലായി 150 ഓളം കുട്ടികൾ മതപഠനം നടത്തുന്നു. ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തന ഉദ്ഘാടനം ഇറ്റാവ ക്രിസ്തുരാജ ദേവാലയത്തിൽ 23-ാം തീയതി നടന്നു.

ഇപ്രാവശ്യം കാലാവസ്ഥ നന്നായിതന്നെ പോകുന്നു. വേനലിനുശേഷം വന്ന മഴക്കാലം സമൃദ്ധമായി ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ ഗ്രാമങ്ങളിൽ എല്ലാം കൃഷികൾ നന്നായി നടക്കുന്നു.

മിഷനുവേണ്ടി പ്രാർത്ഥിക്കുമല്ലോ. ജയ് യേശു.

**ഫാ. രാജു കോയിപ്പള്ളി**
**ഫാ. ജോബി പൊന്നാറ്റിൽ**

---

കുടുംബകൂട്ടായ്മ.... പേജ് 20-ൽ നിന്നു തുടർച്ച...

തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ കോട്ടയം മാമ്മൻ മാപ്പിള ഹാളിൽവച്ച് നടത്തപ്പെടുന്ന ന്യൂനപക്ഷ അവകാശങ്ങൾ എന്ന വിഷയത്തെക്കുറിച്ചുള്ള സെമിനാറുമായി ബന്ധപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ വളരെ വിജ്ഞാനപ്രദമായ ഈ ക്ലാസ്സിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**കെരിഗ്മ 2017**

ഓഗസ്റ്റ് 26-ാം തീയതി ശനിയാഴ്ച 2.30 മുതൽ 4.30 വരെ പുളിങ്കുന്ന് ഫൊറോനയിലെ വിവിധ ഇടവകകളിൽനിന്നുള്ള കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമം നടത്തപ്പെടുന്നു. എല്ലാ കുടുംബകൂട്ടായ്മാ ലീഡേഴ്സും നിർബന്ധമായും സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. സ്ഥലം: സെന്റ് മേരീസ് ഫൊറോനാപള്ളി പാരീഷ്ഹാൾ പുളിങ്കുന്ന്.

# കെ.സി.എസ്.എൽ.

ഈശോമിശിഹായിൽ സ്നേഹമുള്ള കെ.സി.എസ്.എൽ. കൂട്ടുകാരേ,

കെ.സി.എസ്.എൽ കുടുംബത്തിൽ നിന്നും പ്രാർത്ഥനാശംസകൾ. സംഘടനാ പ്രവർത്തനങ്ങൾ ഓരോ വിദ്യാലയങ്ങളിലും സജീവമായി നടക്കുന്നു എന്നു കരുതട്ടെ.

KCSL ന്റെ വിവിധ രൂപതകളിൽപ്പെട്ട ഭാരവാഹികളുടെ സംസ്ഥാനതല ക്യാമ്പ്, ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കഴിഞ്ഞ മാസം 7, 8 തീയതികളിൽ നടത്തപ്പെട്ടു. ക്യാമ്പിൽ വിവിധ രൂപതാ ഭാരവാഹികളായ 88 കുട്ടികൾ പങ്കെടുത്തു.

സംഘടനയുടെ ഈ വർഷത്തെ പഠനഗ്രന്ഥമായ ജീവിതം വിസ്മയം എന്ന പുസ്തകവും വീവാ ക്രിസ്റ്റോരേ എന്ന ജീവചരിത്രവും എല്ലാ യുണിറ്റുകളിലും എത്തിച്ചിട്ടുണ്ട്. പഠനഗ്രന്ഥവും വിശുദ്ധന്റെ പുസ്തകവും യൂണിറ്റുകളിൽ വായിക്കപ്പെടുകയും ഇതിനെ അധികരിച്ച് സ്റ്റഡിസർക്കിൾ നടത്തുകയും ചെയ്യണം.

എല്ലാ ദിവസവും 'സുഭാഷിതങ്ങളി'ൽ നിന്ന് ഒരു വാക്യം രാവിലെ പ്രാർത്ഥനയുടെ സമയത്ത് പാരായണം ചെയ്യേണ്ടതാണെന്നുള്ള കാര്യം ഒരു പ്രാവശ്യം കൂടി ഓർമ്മിപ്പിക്കുന്നു. ജൂലൈ 29-ാം തീയതി കെ.സി.എസ്.എൽ. ഉം. എഫ്. സി.സി. പ്രൊവിൻഷ്യലും സംയുക്തമായി സംഘടിപ്പിച്ച ഇന്റർസ്കൂൾ അൽഫോൻസാ ക്വിസ് വിജയികൾക്ക് അഭിനന്ദനങ്ങൾ. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അവരെ പരിശീലിപ്പിച്ച അധ്യാപകർക്കും അഭിനന്ദനങ്ങൾ. ചങ്ങനാശ്ശേരി സെന്റ് ആൻസ് GHS ൽ വച്ചാണ് മത്സരം സംഘടിപ്പിച്ചത്.

**ആഗസ്റ്റ് മാസത്തെ പരിപാടികൾ**

ആഗസ്റ്റ് 10,11,12 HSS Camp. സ്ഥലം: SH ഫാത്തിമാപുരം

ആഗസ്റ്റ് 18 മാലാഖക്കൂട്ടം
സ്ഥലം: പാസ്റ്ററൽ സെന്റർ,
പങ്കെടുക്കേണ്ടവർ ഒരു വിദ്യാലയത്തിൽനിന്ന് 4-ാം ക്ലാസ്സിലെ രണ്ട് വിദ്യാർത്ഥികൾ

**അഖിലകേരള ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ക്വിസ്**

തീയതി : സെപ്റ്റംബർ 16

സ്ഥലം : സെന്റ് തെരേസാസ് എച്ച്.എസ്.എസ്. വാഴപ്പള്ളി

വിഷയം :

(1) ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജീവചരിത്രം- കാരുണ്യജ്യോതി-40%,

(2) KCSL ചരിത്രം -20% (3) ജീവിതം വിസ്മയം-20%

(4) വീവാ ക്രിസ്റ്റോരേ -20%

* UP, HS വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ
* രണ്ട് പേരടങ്ങുന്ന എത്ര ടീമിനും ഒരു വിദ്യാലയത്തിൽനിന്നും മത്സരിക്കാം.
* രജിസ്ട്രേഷൻ ഫീസ് ടീമൊന്നിന് 50 രൂപ.

മെമ്പർഷിപ്പ് ഫീസ്, പഠനപുസ്തകത്തിന്റെ വില എന്നിവ ഓഫീസിൽ അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

ആശംസകളോടെ,

**ഫാ. ലൈജു കണിച്ചേരിൽ** — അസി. ഡയറക്ടർ

**ഫാ. മാത്യു വാരുവേലിൽ** — ഡയറക്ടർ

# സന്ദേശനിലയം

**ഈശോയിൽ സ്നേഹമുള്ളവരേ,**

ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും ദിനങ്ങളുമായി ആഗസ്റ്റ് മാസം വന്നെത്തി. നമ്മുടെ അമ്മയായ പ.കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും ഭാരതാംബയുടെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ നേരുന്നു.

അധ്യാപകരുടെ പരിശീലനപരിപാടി **Arise 2K17** വിവിധ ഫൊറോനകളിൽ ആരംഭിച്ചുകഴിഞ്ഞു. തുരുത്തി, തൃക്കൊടിത്താനം ഫൊറോനകളിൽ പങ്കെടുത്ത അധ്യാപകർ നല്ല അനുഭവമായി പങ്കുവച്ചു. വേണ്ടത്ര ഒരുക്കത്തോടെയും താല്പര്യത്തോടെയും അധ്യാപകരെല്ലാം ഇതിൽ പങ്കുചേരേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോ സൺഡേസ്കൂളിലെയും മുഴുവൻ അധ്യാപകരും പങ്കെടുക്കുന്നുവെന്ന് ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്. അതാത് ഫൊറോനകളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ മറ്റേതെങ്കിലും ഫൊറോനകളിൽ മുൻകൂട്ടി അറിയിച്ചാൽ പങ്കെടുക്കുവാനുള്ള സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതാണ്.

വി.അൽഫോൻസാമ്മയുടെ പുണ്യജീവിതത്തേക്കുറിച്ച് ചിന്തിക്കുവാനും വിശുദ്ധയുടെ മാധ്യസ്ഥം വഴിയായി അനുഗ്രഹങ്ങൾ നേടുവാനും നാം നടത്തുന്ന അൽഫോൻസാ തീർത്ഥാടനം ആഗസ്റ്റ് 5-ാം തീയതിയാണ്. ഇതിന്റെ വിജയത്തിനായി ഏവരും പ്രാർത്ഥിക്കുകയും സഹകരണങ്ങൾ നല്കുകയും ചെയ്യുമല്ലോ. സ്വർഗ്ഗാരോപിതയായ മാതാവിന്റെ മാധ്യസ്ഥം യാചിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

***ജോബിയച്ചൻ***
***ജോസിയച്ചൻ***

## അറിയിപ്പുകൾ

**2017 ആഗസ്റ്റ്**

| | |
|---|---|
| 5 ശനി OH | : **അൽഫോൻസാ തീർത്ഥാടനം** |
| 11 വെള്ളി | : CLT - Camp |
| 12 ശനി | : CLT- Camp (CLT- Camp കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ ആഗസ്റ്റ് 11-ാം തീയതി 5.00 pm ന് ആരംഭിച്ച് 12-ാം തീയതി 3.45 pm ന് സമാപിക്കുന്നു)<br>MCC - ക്ലാസ്സ്<br>ഫൊറോന സെമിനാർ - കോട്ടയം |
| 15 ചൊവ്വ OH | : **പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം**<br>ഇൻഡ്യൻ സ്വാതന്ത്ര്യ ദിനം (കടമുള്ള ദിവസം) |
| 19 ശനി | : CLT- ക്ലാസ്സ് |

25 വെള്ളി : വി. ശ്മോനിയും ഏഴുമക്കളും
26 ശനി : ഫൊറോനാ സെമിനാർ - കുടമാളൂർ ഫൊറോന
28 തിങ്കൾ PH : CLT- ക്ലാസ്സ്, MCC - ക്ലാസ്
ഫൊറൊന സെമിനാർ - ചമ്പക്കുളം ഫൊറോന

**2017 സെപ്റ്റംബർ**

1 വെള്ളി PH : എട്ടുനോമ്പാരംഭം
വി. ശിമയോൻ ബർസബായും സഹരക്തസാക്ഷികളും
CLT- ക്യാമ്പ്, MCC - ക്ലാസ്സ്
BCT - Day Scholar Batch - 1 (ഒന്നാം ദിവസം)
(ആലപ്പുഴ, അതിരമ്പുഴ, ചമ്പക്കുളം, തൃക്കൊടിത്താനം ഫൊറോനകളിലെ നവാഗതരായ അദ്ധ്യാപകർക്ക്)
ഫൊറോന സെമിനാർ - പുളിങ്കുന്ന് ഫൊറോന
2 ശനി : CLT- ക്യാമ്പ്, ഫൊറോനാ സെമിനാർ - അതിരമ്പുഴ
4 തിങ്കൾPH OH: തിരുവോണം
5 ചൊവ്വ PH : വി. മദർതെരേസ
6 ബുധൻ PH : MCC - ക്ലാസ്സ്
BCT - Day Scholar Batch - 1 (രണ്ടാം ദിവസം)
ഫൊറോനാ സെമിനാർ കുറുമ്പനാടം
8 വെള്ളി : **പ. മറിയത്തിന്റെ പിറവിത്തിരുനാൾ**
9 ശനി : CLT- ക്ലാസ്സ് BCT Batch - 1 (മൂന്നാം ദിവസം)

**പ്രത്യേകശ്രദ്ധയ്ക്ക്**

- ✦ **എട്ടുനോമ്പാചരണത്തിനുള്ള പ്രാർത്ഥനാ പുസ്തകം സന്ദേശനിലയത്തിൽ ലഭ്യമാണ്. വില 10 രൂപ.**
- ✦ **സെപ്റ്റംബർ 23ന് നടത്താൻ തീരുമാനിച്ചിരുന്ന ചമ്പക്കുളം ഫൊറോന മതാധ്യാപക സെമിനാർ ആഗസ്റ്റ് 28-ാം തീയതിയിലേയ്ക്കും സെപ്റ്റംബർ 16ന് നടത്തുവാനിരുന്ന പുളിംകുന്ന് ഫൊറോന മതാധ്യാപക സെമിനാർ സെപ്റ്റംബർ 1-ാം തീയതിയിലേയ്ക്കും സെപ്റ്റംബർ 9ന് നടത്തുവാൻ തീരുമാനിച്ചിരുന്ന ആലപ്പുഴ ഫൊറോന സെമിനാർ ഒക്ടോബർ 18-ാം തീയതിയിലേയ്ക്കും മാറ്റിവച്ചിരിക്കുന്നു.**
- ✦ **അതിരൂപതാ വിഹിതവും പാഠപുസ്തകത്തിന്റെ വിലയും തരാനുള്ളവർ എത്രയുംവേഗം സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.**
- ✦ **സീറോമലബാർ സഭാ പ്രതിഭാ അവാർഡ് (SMCC) ഫൊറോനതല തെരഞ്ഞെടുപ്പ് ആരംഭിക്കുന്നു.**

**സമയക്രമം താഴെ ചേർത്തിരിക്കുന്നു.**

**സീറോമലബാർ സഭാ പ്രതിഭാ അവാർഡ്**

സീറോമലബാർ സഭാ പ്രതിഭാ അവാർഡ് ഫൊറോനതല ശിലപശാല ആരം

ഭിക്കുന്നു. തെക്കൻ മേഖല ഒഴികെയുള്ള ഫൊറോനകളുടെ ശില്പശാല സന്ദേശനിലയത്തിൽ വച്ചായിരിക്കും. രജി. ഫീസ്. 100 രൂപ. ശില്പശാലയുടെ അവസരത്തിൽ പരി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

**ആഗസ്റ്റ്**

13 ഞായർ : കുടമാളൂർ, അതിരമ്പുഴ, കോട്ടയം

27 ഞായർ : ചങ്ങനാശേരി, തൃക്കൊടിത്താനം, മണിമല

**സെപ്റ്റംബർ**

10 ഞായർ : ആലപ്പുഴ, നെടുങ്കുന്നം, കുറുമ്പനാടം, തുരുത്തി

17 ഞായർ : എടത്വാ, പുളിംകുന്ന്, ചമ്പക്കുളം

**ഒക്ടോബർ**

14 ശനി : കൊല്ലം - ആയൂർ

28 ശനി : അമ്പൂരി

**നവംബർ**

11 ശനി : തിരുവനന്തപുരം

**24, 25, 26 : അതിരൂപതാതല ശില്പശാല**

**സെപ്റ്റംബർ മാസത്തിൽ CRT സന്ദർശനം നടത്തുന്ന സൺഡേസ്കൂളുകൾ**

1. Brindizi Kavalam
2 St. Josephs Ramankary
3. Holy Family Kariyil
4. Ischolamatha Punnakunnam
5. St. Francis Assisi Poonthoppu
6. St. Marys Punnamada
7. St. Marys Mannancherry
8. St. Joseph Arattuvazhy
9. St. Alphonsa Chathanadu
10. St. Antonys Paduvapuram
11. St. Joseph Changankary
12. Fathima matha Pandy
13. St Xaviers Puthukkary
14. St.Joseph Chennankary
15. St.Johns Thekkekara
16. St.Joseph Padaharam
17. St. Sebastians Thekkekara (Onnamkara)
18. St. Thomas Punnathura
19. Mar Aprem Arumanoor
20. Holy Family Parambuzha
21. St. Thomas Kumaranalloor
22. St. Francis De Sales Kiliroor
23. Holy Family Kaippuzha
24. Holy Family Kumarakom
25. St. Joseph Aruvikuzhy
26. Holy Cross Kooroppada
27. Assumption Eravinelloor
28. St. Marys Kadayanikadu
29. St. Marys Vallanchira
30. S H Rajamattam
31. St. Marys Kainady
32. St. Sebastians Kodinattumkunnu
33. St. Joseph's Kunnanthanam
34. Holy Mary Vazhapally
35. St. Jude Yudapuram

36. Don Bosco Chethipuzha
37. St. Marys Kumamkary
38. St. Antonys Paral
39. St. Joseph Kavalam
40. St. Marys vaipur Old
41. St. Sebastians Panayampala
42. L M Puthuserry
43. St. Xaviers Veliyanadu
44. St. Marys Ambalapuzha
45. HF East Mithrakary
46. St. Alphonsa Mahendrapuram
47. Sanjose Kannady
48. St. Thomas Clamattom
49. St. Alphonsa Mahendrapuram

**ആദരാഞ്ജലികൾ**

പാറമ്പുഴ ഹോളി ഫാമിലി സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. സാജു തോമസ് കൂരോത്തിന്റെ പിതാവിന്റെയും കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. ജെയിംസ്കുട്ടി തോമസ് തയ്യിൽ കിഴക്കേതിലിന്റെയും ഫാത്തിമാപുരം ഫാത്തിമാതാ സൺഡേസ്കൂൾ അദ്ധ്യാപകൻ ശ്രീ. തോമസ് റ്റി. തോമസ് എന്നിവരുടെ പിതാവിന്റെ നിര്യാണത്തിലും സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലെ
### ആഗസ്റ്റ് മാസത്തിലെ പ്രോഗ്രാം

| | | |
|---|---|---|
| ആഗസ്റ്റ് | 4–6 | ആന്തരികസൗഖ്യ ധ്യാനം (വെള്ളി) (8.30 a.m. - ഞായർ 3 p.m.) |
| | 7–9 | വിവാഹഒരുക്ക ധ്യാനം |
| | 9 | നിശാരാധന (6 p.m. - 10 p.m.) |
| | 11–12 | സൺഡേസ്കൂൾ അധ്യാപക സംഗമം |
| | 14–16 | വിവാഹഒരുക്ക ധ്യാനം |
| | 17 | അഖണ്ഡ ജപമാല (10 a.m. - 2 p.m.) |
| | 21–23 | വിവാഹഒരുക്ക ധ്യാനം |
| | 22 | സോണൽ സേവനസമിതി കൂട്ടായ്മ |
| | 25–27 | സിസ്റ്റേഴ്സിന്റെ എക്സ്ട്രാ ഓർഡിനറി മിനിസ്റ്റേഴ്സ് ട്രെയിനിംഗ് |
| | 27–31 | വിശ്വാസാനുഭവ ധ്യാനം (ഞായർ 5 p.m.– വ്യാഴം 2 p.m.) |

**ഫാ. മാത്യു താന്നിയത്ത്**

9446903631

# ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹമുള്ളവരേ,

നമ്മുടെ അമ്മയായ പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. അൽഫോൻസാ തീർത്ഥാടനം ഏറ്റം ഭക്തിനിർഭരമായി നടത്തുവാൻ സഹകരിച്ച ഏവരേയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ സംഘടനയുടെ സ്ഥാപകനേതാവായ കുഞ്ഞേട്ടന്റെ 8-ാം ചരമവാർഷികമാണ് ആഗസ്റ്റ് 11-ാം തീയതി. ശാഖകളിൽ സൗകര്യമുള്ള ദിവസം. ഉചിതമായ പരിപാടികളോടെ കുഞ്ഞേട്ടൻ അനുസ്മരണം നടത്തുകയും അദ്ദേഹത്തിന്റെ ആത്മാവിനായി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. സ്വർഗ്ഗരോപണതിരുനാളിനൊരുക്കമായ 15 നോമ്പ് ആരംഭിച്ചു കഴിഞ്ഞു. പ. അമ്മയുടെ മാധ്യസ്ഥം വഴിയായി ധാരാളം അനുഗ്രഹങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കാം.

പ്രാർത്ഥനയോടെ,

*ജോബിയച്ചൻ*
*ജോസിയച്ചൻ*

**ആഗസ്റ്റ് മാസത്തെ പരിപാടികൾ**

4 വെള്ളി : വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ, ഇടവക വൈദിക ദിനം, ഇടവക വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുക, അവർക്ക് ആശംസകൾ നേരുക

5 ശനി : **29-ാ മത് അൽഫോൻസാ തീർത്ഥാടനം**

6 ഞായർ : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം

11 വെള്ളി: കുഞ്ഞേട്ടൻ ചരമദിനം 8-ാം ചരമവാർഷികം

12 ശനി : കുഞ്ഞേട്ടൻ അനുസ്മരണവും കുഞ്ഞേട്ടൻ പുരസ്കാരവും സ്കോളർഷിപ്പ് വിതരണവും (ചെമ്മലമറ്റം)

13 ഞായർ: **കുഞ്ഞേട്ടൻ അനുസ്മരണം ശാഖകളിൽ**

15 ചൊവ്വ : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം (കടമുള്ള ദിവസം) ഓഫീസ് അവധി
ഇന്ത്യൻ സ്വാതന്ത്ര്യദിനം.

29 ചൊവ്വ : വി. എവുപ്രാസ്യാമ്മയുടെ തിരുനാൾ

**സെപ്റ്റംബർ**

1 വെള്ളി : എട്ടുനോമ്പാരംഭം.

5 ചൊവ്വ : വി. മദർ തെരാസായുടെ ചരമവാർഷികം

8 വെള്ളി : പ. കന്യകാമറിയത്തിന്റെ പിറവി തിരുനാൾ

9 ശനി : സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ ചരമദിനം.
ആർപ്പൂക്കര ചെറുപുഷ്പം ദൈവാലയത്തിൽ പ്രത്യേക സമ്മേളനം സംസ്ഥാന മാനേജിംഗ് കമ്മിറ്റി

10 ഞായർ: ബഹു. മാലിപ്പറമ്പിലച്ചൻ അനുസ്മരണം ശാഖകളിൽ

**പ്രത്യേക ശ്രദ്ധയ്ക്ക്**

അൽഫോൻസാ കാരുണ്യനിധി കൂപ്പണും, ഒന്നാംഘട്ട റിപ്പോർട്ടിന്റെ ഫോമും ആഗസ്റ്റ് 10 നുശേഷം അതിരൂപതാ മിഷൻലീഗ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

**ബഹു. മാലിപ്പറമ്പിലച്ചൻ അനുസ്മരണം**

മിഷൻലീഗ് സ്ഥാപക ഡയറക്ടറായ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ ചരമവാർഷികം ആർപ്പൂക്കര ചെറുപുഷ്പ പള്ളിയിൽ സെപ്തംബർ 9 ശനിയാഴ്ച ആചരിക്കുന്നു. വി.കുർബാനയിലും അനുസ്മരണ സമ്മേളനത്തിലും എല്ലാ അതിരൂപതാ ഭാരവാഹികളും കുടമാളൂർ, അതിരമ്പുഴ, കോട്ടയം മേലകളിൽ നിന്നുള്ള പ്രതിനിധികളും പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

**അൽഫോൻസാ കാരുണ്യനിധി**

അൽഫോൻസാ തീർത്ഥാടനത്തിന്റെ രജതജൂബിലി സ്മാരകമായി മിഷൻലീഗ് അതിരൂപതാ തലത്തിൽ 'അൽഫോൻസാ കാരുണ്യനിധി' എന്ന സഹായനിധി 2013 ജൂൺ 8ന് രൂപീകരിച്ചു. അതിരൂപതയിലെ കുട്ടികളുടെ ഇടയിൽ, ഉയർന്ന ചികിൽസാചെലവുകൾ ആവശ്യമായി വരുന്ന തരത്തിലുള്ള രോഗങ്ങളാൽ വലയുന്ന നിർദ്ധനരായ കുട്ടികളെ സഹായിക്കുക എന്നതാണ് ഈ സഹായനിധിയുടെ ലക്ഷ്യം. ഉപവിയുടെ പ്രതീകമായ വി.ഫ്രാൻസിസ് അസീസിയുടെ പാത പിൻചെന്ന് ത്യാഗത്തിന്റെയും സഹനത്തിന്റെയും മാതൃകയായ വി.അൽഫോൻസാമ്മയുടെ നാമത്തിൽ കുട്ടികൾ, കുട്ടികൾക്കുവേണ്ടി ഒരുക്കുന്ന കാരുണ്യ സംരഭമാണ് "അൽഫോൻസാകാരുണ്യനിധി". അൽഫോൻസാ കാരുണ്യനിധി സമാഹരണാർത്ഥമുള്ള കൂപ്പൺ മേഖലാ ജോയിന്റ് ഡയറക്ടേഴ്സ് ആഗസ്റ്റ് 10നു ശേഷം അതിരൂപതാ ഓഫീസിൽ നിന്നും കൈപ്പറ്റി ശാഖകളെ ഏൽപിക്കുക.

## CONVENTION FOR PRIESTS

A One Day Convention for priests on "Spirituality of the Diocesan Priests" is arranged to be held, under the auspices of the Apostolic Sodales of India on 8th August 2017 at Spirituality Centre, Manganam, Kottayam-686 018. The convention will begin at 10 a.m. and will come to a close at 4 p.m. Those priests who are interested are kindly requested to register their names. (Ph: 9544413690)

**Fr. Mathew Vellanickal**

# ഫാമിലി അപ്പോസ്തലേറ്റ്

സ്നേഹം നിറഞ്ഞ കുടുംബപ്രേക്ഷിതരേ,

സുഖമെന്ന് വിശ്വസിക്കുന്നു. കുടുംബപ്രേഷിത ശുശ്രൂഷകൾ ഭംഗിയായി നടക്കുന്നുവല്ലോ. കുടുംബപ്രേഷിത മേഖല ഏറ്റവും പ്രധാനപ്പെട്ട ഒരു ശുശ്രൂഷാ മേഖലയാണ്. കുടുംബങ്ങൾ ഏറെ വെല്ലുവിളികൾ നേരിടുന്ന ഒരു കാലഘട്ട മാണിത്. നമ്മുടെ സ്വീകരണമുറികളിലെ ടെലിവിഷനിൽ നിന്ന് മാത്രമല്ല, നെഞ്ചോട് ചേർത്ത് പിടിക്കുന്ന മൊബൈലിൽനിന്നും ഇന്റർനെറ്റിൽ നിന്നു മൊക്കെ നമ്മുടെ കുടുംബത്തിന്റെ പവിത്രതയെയും വിശുദ്ധിയെയും തകർക്കുന്ന നിരവധി ആശയങ്ങളും ചിന്താധാരകളും കടന്നുകയറിക്കൊണ്ടി രിക്കുന്നു. നമ്മുടെ ചിന്താഗതികളെ മുഴുവൻ മാധ്യമങ്ങളിലെ വാക്ധോരണി കൊണ്ടും പക്ഷപാത റിപ്പോർട്ടിംഗുകൊണ്ടും മലിനപ്പെടുത്തുകയും നിയന്ത്രി ക്കുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം. ഫ്രാൻസിസ് മാർപ്പ് നിരീ ക്ഷിക്കുന്നതുപോലെ 'സോഷ്യൽ നെറ്റുവർക്കുകളുടെ ചിന്താഗതിക്കനുസൃത മായി, ഉപഭോക്താവിന്റെ തോന്നലനുസരിച്ച് സ്നേഹം യോജിപ്പിക്കുകയോ വേർപെടുത്തുകയോ ചെയ്യാമെന്നും വേഗം "ബ്ലോക്ക് ചെയ്യാ"മെന്നും ആളു കൾ വിശ്വസിക്കുന്നു. (Amoris Laetitia 39) നമ്മുടെ സംഘടനയുടെ പ്രവർത്തന ങ്ങളിൽ ഇത്തരം വെല്ലുവിളികളെ അതിജീവിക്കാനുള്ള കരുത്ത് നേടുന്നവരാക്കി മാതാപിതാക്കളെ മാറ്റുന്ന പ്രോഗ്രാമുകൾ ക്രമീകരിക്കണം. അങ്ങനെ കുടും ബപ്രേഷിത പ്രവർത്തനങ്ങളെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ക്രമീകരിക്കാൻ നമുക്ക് സാധിക്കട്ടെ.

സംഘടനാ പ്രവർത്തനങ്ങളിൽ ഏവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊണ്ട്.

**ഫാ. ജോസഫ് ഇലഞ്ഞിമറ്റം** (അസി. ഡയറക്ടർ)

**ഫാ. ജോസ് മുകളേൽ** (ഡയറക്ടർ)

**സാക്ഷ്യപേടകം**

മാതൃവേദി-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന 'സാക്ഷ്യപേടകം' നൂറുദിന കർമ്മപദ്ധതിയുടെ പകുതി ദിനങ്ങൾ പിന്നിടുകയാണ്. ഭൂരിപക്ഷം ഇടവകകളിലും നൂതനമായ പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഏറെ സന്തോ ഷമുണ്ട്. യുവദമ്പതിധ്യാനം, വിധവാധ്യാനം, ഗർഭിണികളുടെ സംഗമം, മാധ്യ മവബോധന സെമിനാർ തുടങ്ങിയ പ്രോഗ്രാമുകളെല്ലാം യുണിറ്റുകളിൽ നട ത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിലെയും കുടുംബങ്ങളുടെ ആവ ശ്യങ്ങൾ കണ്ടറിഞ്ഞ് പ്രോഗ്രാമുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കുമല്ലോ. ഇനിയും ഏതെങ്കിലും യൂണിറ്റുകളിൽ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലാ യെങ്കിൽ ഉടൻതന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**കലാമത്സരങ്ങൾ**

യൂണിറ്റ് തലത്തിലുള്ള കലാമത്സരങ്ങൾ നടത്താത്ത സ്ഥലങ്ങളിൽ ആഗസ്റ്റ് മാസത്തിൽ തന്നെ നടത്താൻ ശ്രദ്ധിക്കുക. ഫൊറോനാതല രചനാമത്സരങ്ങൾ അതാതു ഫൊറോനകളിൽ വെച്ച് സെപ്റ്റംബർ 10 ഞായറാഴ്ച 2.30 ന് നട ത്തേണ്ടതാണ്. അതിരൂപതാ മത്സരങ്ങൾ നവംബർ 11 ശനിയാഴ്ച നടത്തുന്ന തായിരിക്കും.

**പ്രോലൈഫ് ബോധവത്കരണം**

ജൂലൈ 2-ാം തീയതി അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആശീർവദിച്ച് കൈമാറിയ വി. ജിയന്നയുടെ തിരുശേഷിപ്പും ഛായാചിത്രവും നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിലൂടെ കടന്നുപൊയ്ക്കൊണ്ടിരി ക്കുന്നു.

ജൂലൈ 2-ാം തീയതി അതിരമ്പുഴ പള്ളിയിൽ നിന്നാണ് പ്രയാണം ആരംഭി ച്ചത്. അതിരമ്പുഴ ഫൊറോനയിലെ എല്ലാ ഇടവകകളിലും പ്രാർത്ഥനാദിനാച രണം നടത്തി. യാമപ്രാർത്ഥന, ദിവ്യകാരുണ്യ ആരാധന, പ്രോലൈഫ് ജപമാ ല, മദ്ധ്യസ്ഥപ്രാർത്ഥന, വി. കുർബാന, ബോധവത്കരണ ക്ലാസ്സ്, എക്സിബി ഷൻ, ഭവനസന്ദർശനം എന്നീ പ്രോഗ്രാമുകളടങ്ങിയതാണ് പ്രോലൈഫ് പ്രാർത്ഥ നാദിനം. മാവേലിക്കര രൂപതാ മെത്രാൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തി യോസ് തിരുമേനി നാല്പാത്തിമല പള്ളിയിൽ അതിരമ്പുഴ ഫൊറോനയിലെ പ്രയാണത്തിന്റെ സമാപനചടങ്ങിൽ സന്ദേശം നൽകി. ഇടവകകളിൽ മാത്ര മല്ല അമലഗിരി ബി.കെ. കോളേജിലും വിവിധ ബോധവല്കരണപരിപാടികളും പ്രാർത്ഥനയും നടത്തി. ഫൊറോനാ വികാരി വെരി റവ. ഫാ. സിറിയക് കോട്ട യിൽ, ഫൊറോന ഡയറക്ടർ റവ. ഫാ. സോണി ചൂരപ്പുഴ  ഫൊറോന, യൂണിറ്റ് ഭാരവാഹികൾ, പ്രോലൈഫ് അതിരൂപത കോർഡിനേറ്റർ ശ്രീ. എബ്രഹാം പുത്തൻകളം, ഫൊറോന കോർഡിനേറ്റർമാരായ ചാക്കോ കൊടുപ്പുന്നക്കളം, ജോസഫ് കറുകച്ചേരി, മാത്യു പുതുശ്ശേരി, പ്രോലൈഫ് സെൽ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

അതിരമ്പുഴ ഫൊറോനയിൽ നടന്ന പ്രയാണം വൻവിജയമാക്കിത്തീർത്ത എല്ലാ ഡയറക്ടർമാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും എല്ലാ അൽമായ കുടും ബപ്രേഷിതർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ജൂലൈ 18-ാം തീയതി അതി രമ്പുഴ ഫൊറോനയിൽ നിന്ന് കുടമാളൂരിലേക്ക് തിരുശേഷിപ്പും ഛായാചിത്രവും കൈമാറി.

**ജൂലൈ മാസത്തിൽ നടന്ന പരിപാടികൾ**

| | |
|---|---|
| 2 | മാധ്യമ അവബോധന സെമിനാർ കണ്ടങ്കരി |
| 4 | 4 മക്കളിൽ കൂടുതലുള്ള ദമ്പതികളുടെ സംഗമം മാർ തോമസ് തറയിൽ പിതാവ് സന്ദേശം നൽകി. |
| 5 | കാഞ്ഞിരപ്പള്ളി രൂപത രക്ഷകർത്തൃ സമ്മേളനം |

7,8,9 യുവദമ്പതീ ധ്യാനം, തുരുത്തി കാനായിൽ, അതിരൂപത രക്ഷകർതൃ സമ്മേളനം ക്ലാസ്

8 വിധവാ ധ്യാനം കത്തീഡ്രൽ

9 അതിരൂപത രക്ഷകർതൃസമ്മേളനം ക്ലാസ്സ്

13 കോട്ടയം ലൂർദ്ദ് ഫൊറോന മാതൃ-പിതൃവേദി ഭാരവാഹികളുടെ മീറ്റിംഗ്

15 കോട്ടയം മേഖലാ നേതൃസംഗമം

16 കോട്ടയ്ക്കപ്പുറം, അമലഗിരി കോളേജ് പ്രോലൈഫ് മാതൃ-പിതൃസംഗമം

16,17,18 നാല്പാത്തിമലയിൽ അതിരമ്പുഴ ഫൊറോനയിൽ തിരുശേഷിപ്പ് പ്രയാണ സമാപനം അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ്

21 ചാത്തനാട് സെന്റ് അൽഫോൻസാ പള്ളി കുടുംബധ്യാനം

22 കുറുമ്പനാടം, നെടുങ്കുന്നം മേഖലകളിലെ നേതൃസംഗമം

കുറ്റിക്കോണം മാതൃ-പിതൃ സംഗമം

25 കാക്കനാട് ഫാമിലി, പ്രോലൈഫ് ഡയറക്ടേഴ്സ് മീറ്റ്. സീറോമലബാർ മാതൃവേദി സംഗമം

27 മാതൃപിതൃവേദി അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റ്

29 ഫൊറോനാ ആനിമേറ്റേഴ്സ് മീറ്റ്

വിധവാ സംഗമം ചേന്നങ്കരി, കൂലിപ്പുര

30 മാമ്മൂട് പള്ളി പിതൃസംഗമം

കുടുംബസംഗമം, തിരുവല്ല

## വി. ജിയന്ന ബരേറ്റമൊള്ള തിരുശേഷിപ്പ് പ്രയാണം

| | |
|---|---|
| **ആഗസ്റ്റ് 1 (5 pm) to 2 (5 pm)** | ചെങ്ങളം |
| 2-3 | കോട്ടയം ലൂർദ്ദ് |
| 3-4 | താഴത്തങ്ങാടി |
| 4-5 | വടവാതൂർ |
| 5-6 | ഇരവിനല്ലൂർ |
| 6-7 | കൊല്ലാട് |
| 7-8 | പൂമ്മറ്റം |
| 8-9 | അയർക്കുന്നം |
| 9-10 | ചേപ്പുംപാറ |
| 10-11 | കൂരോപ്പട |
| 11-12 | അരുവിക്കുഴി- ലൂർദ്ദ് ഭവൻ |
| 12-14 | അരുവിക്കുഴി |
| 14-15 | പാമ്പാടി |

| | | | |
|---|---|---|---|
| 15-16 | പങ്ങട | 31 സെപ്. 1 | വായ്പ്പൂർ ന്യൂ |
| 16-17 | കൂരോപ്പട | സെപ്തം.1-2 | വെട്ടിക്കൽപുരയിടം |
| 17-18 | കുറുമ്പനാടം | 2-4 | വായ്പൂർ ഓൾഡ് |
| 18-19 | തോട്ടയ്ക്കാട് | 4-5 | തടിയൂർ |
| 19-21 | ഇരവുചിറ | 5-6 | എഴുമറ്റൂർ |
| 21-22 | രാജമറ്റം | 6-7 | കല്ലൂപ്പാറ |
| 22-23 | അസംപ്ഷൻ കുറുമ്പനാടം | 7-8 | ആനിക്കാട് |
| | | 8-9 | നെടുങ്ങാടപ്പള്ളി |
| 23-24 | മാന്നില | 9-11 | പനയമ്പാല |
| 24-25 | മാമ്മൂട് | 11-12 | കൂത്രപ്പള്ളി |
| 25-26 | മാടപ്പള്ളി | 12-13 | ചമ്പക്കര |
| 26-28 | നെടുങ്കുന്നം | 13-14 | പുളിക്കൽകവല |
| 28-29 | പുന്നവേലി | 14-15 | മൈലാടി |
| 29-30 | താഴത്തുവടകര | 15-16 | നെടുമണ്ണി |
| 30-31 | മുണ്ടത്താനം | | |

**ആഗസ്റ്റ് മാസത്തെ പരിപാടികൾ**

1 - ഫൊറോന ഡയറക്ടേഴ്സ് മീറ്റ്

6 - മാതൃ-പിതൃസംഗമം, പുല്ലങ്ങടി

11 - തൃക്കൊടിത്താനം ഫൊറോന നവോമി (വിധവാ) കൺവെൻഷൻ ഫാത്തിമാപുരം സെന്റ് മേരീസ് പള്ളിയിൽ

18 - മണിമല ഫൊറോന പിതൃവേദി, മാതൃവേദി, പ്രോലൈഫ് ലീഡേഴ്സ് മീറ്റിംഗ്

20 - സെന്റ് മേരീസ് പള്ളിയിൽ, ഫമീലിയ-അയിരൂർ

27 - തൃക്കൊടിത്താനം ഫൊറോന പിതൃവേദി, മാതൃവേദി, പ്രോലൈഫ് ലീഡേഴ്സ് മീറ്റിംഗ്

ഹോം മിഷൻ-വെട്ടിത്തുരുത്ത്

## വിവാഹ ഒരുക്കധ്യാനം

"Change the world from your home"

| 2017 ആഗസ്റ്റ് | 2017 സെപ്റ്റംബർ | 2017 ഒക്ടോബർ |
|---|---|---|
| 7, 8,9 (Zion) | 8,9,10 (Chry) | 2,3,4 (Chry) |
| 11,12,13 (Chry) | 19,20,21 (Chry) | 9,10,11 (Zion) |
| 21, 22, 23 (Zion) | 25, 26, 27 (Chry) | 16, 17, 18 (Zion) |
| | | 23, 24, 25 (Chry) |

### 12–ാമത് നിരണം തീർത്ഥാടനം ഭക്തിസാന്ദ്രമായി നടത്തി.

ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ 2017 ജൂലൈ 2–ാം തീയതി ഞായറാഴ്ച 13–ാമതു നിരണം തീർത്ഥാടനം ഭക്തിസാന്ദ്രമായി നടത്തി. രാവിലെ 8.30–ന് പൂർവ്വപിതാക്കന്മാരുടെ കബറിടത്തിങ്കൽ നിന്നും കത്തിച്ച തിരി അതിരൂപത പ്രസിഡന്റ് നിധിൻ ജോസഫിനും, യുവദീപ്തി പതാക ഡെപ്യൂട്ടി പ്രസിഡന്റ് ട്രീസ്സാ തോമസിനും നൽകികൊണ്ട് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത നിരണം തീർത്ഥാടനം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ, കത്തീഡ്രൽ വികാരി വെരി റവ. ഫാ. കുര്യൻപുത്തൻപുര, ഫൊറോന ഡയറക്ടർ ഫാ. റ്റിബിൻ ചെറുപുരയ്ക്കൽ, കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു നടമുഖം എന്നിവർ പ്രസംഗിച്ചു. ളായിക്കാട് സെന്റ് ജോസഫ് പള്ളി, വേങ്ങൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളി എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്കുശേഷം തീർത്ഥാടനം നിരണത്തെത്തിയപ്പോൾ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കൽവിളക്കിൽ തിരിതെളിച്ചു. തുടർന്ന് വികാരിജനറാൾ റവ. ഡോ. മാണി പുതിയിടം, ജനറൽ കൺവീനർമാരായ നിജോ റ്റി. ജേക്കബ്, ടെസ്സി തെരേസ് ജോർജ് എന്നിവരും തിരിതെളിക്കൽ കർമ്മത്തിൽ പങ്കുചേർന്നു. അതിരൂപതയിലെ പതിനാറു ഫൊറോനകളിൽ നിന്നായി ആയിരകണക്കിനു വിശ്വാസികൾ തീർത്ഥാടനത്തിൽ പങ്കെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറയുടെ കാർമ്മികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തീർത്ഥാടകർക്കെല്ലാം നേർച്ച ഭക്ഷണം നൽകി. പരിപാടികൾക്ക് ഷിജോ മാത്യു, ലാലിച്ചൻ മറ്റത്തിൽ, മിഥുൻ പി.എം., സി. സെലിൻ ജോസ് എസ്.ഡി., ബ്രദർ സച്ചിൻ, അഖിൽ ജോർജ്, എമിൽ ട്രീസ, ജിതിൻ തോമസ്, റോഫിൻ ജേക്കബ്, ജിസ്സ് കാലായിൽ, ജസ്ബിൻ മാത്യു, സ്നേഹാ സെബാസ്റ്റ്യൻ, ജസ്ന ജോജി, ആൻ മരിയ ജോബ്, അജിത് ചെറിയാൻ, സിൽവി ജേക്കബ്, സിറിയക് തോമസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

### യുവജനദിനാഘോഷം ആയൂരിൽ നടത്തി

അതിരൂപതാ യുവദീപ്തി -എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ യുവജനദിനാഘോഷം കൊല്ലം ആയൂർ ഫൊറോനയിലെ ആയൂർ ഇടവകയിൽ നടത്തി. ജൂലൈ 16–ന് ഞായർ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് ഫൊറോനാ ട്രഷറർ എമിൽ അലക്സാണ്ടർ പതായ ഉയർത്തിയതോടുകൂടി പരിപാടികൾ സമാരംഭിച്ചു. അതിരൂപതാ പ്രസിഡന്റ് നിധിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര യുവജനദിനാചരണം ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി. വെരി റവ. ഫാ. അനിൽ കരിപ്പിങ്ങാംപുറം, ഫൊറോന ഡയറക്ടർ ഫാ. ജെയിംസ് കൊക്കവയിൽ, ട്രീസ്സാ

തോമസ്, ഷിജോ മാത്യു, മിഥുൻ പി.എം., ഫെമി മരിയ ഫെലിക്സ്, ജുബിൻ ഡേവിഡ് ആൻസ് മാത്യു, ടെസ്സി ജോർജ്ജ്, സി. സെലിൻ ജോസ് എസ്.ഡി., എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിവിധ യൂണിറ്റുകൾ കലാപരിപാടികൾ അവതരിപ്പിച്ചു. യുവജനദിനസമ്മേളനത്തിനുശേഷം ആയൂർ മലങ്കര കത്തോലിക്കാ പള്ളിയിലേക്ക് ലഹരിവിരുദ്ധ റാലി സംഘടിപ്പിച്ചു. ലാലിച്ചൻ മറ്റത്തിൽ ലഹരിവരുദ്ധ സന്ദേശം നൽകി.

**അബാന-യൂണിറ്റ്തല സായാഹ്ന പരിപാടി**

കാവാലം ലിസ്യു യൂണിറ്റിൽ അബാന (സായാഹ്ന യുവജനസംഗമം) നടത്തി; യൂണിറ്റ് ഡയറക്ടർ ഫാ. ടിജോ പുത്തൻപറമ്പിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ബിജിമോൾ വർഗ്ഗീസ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ലാലിച്ചൻ മറ്റത്തിൽ, ബ്രദർ സച്ചിൻ കുന്നത്ത് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**ആഗസ്റ്റു മാസത്തെ പരിപാടികൾ**

| | |
|---|---|
| 1 | കുരോപ്പട |
| 11,12,13 | കൊല്ലം ഫൊറോനാ ക്യാമ്പ് |
| 15 | സ്വാതന്ത്ര്യദിനാഘോഷം |
| 18,19,20 | പുളിങ്കുന്ന് ഫൊറോനാ ക്യാമ്പ് |
| 25,26,27 | ചമ്പക്കുളം ഫൊറോനാ ക്യാമ്പ് |
| 28 | YTP |

**സെപ്റ്റംബർ**

| | |
|---|---|
| 31 | അതിരമ്പുഴ ഫൊറോനാ ക്യാമ്പ് |

**ഫാ. ജേക്കബ് ചക്കാത്ര**
**ഡയറക്ടർ**


ചങ്ങനാശ്ശേരി അതിരൂപത

**സെഹിയാൻ ധ്യാനകേന്ദ്രത്തിൽ**

**വിശ്വാസാനുഭവ ധ്യാനം**

**തീയതി: 23 ജൂലൈ 5 p.m. മുതൽ 27 ജൂലൈ 2 p.m.**

**നയിക്കുന്നത്: റവ. ഫാ. മാത്യു താന്നിയത്ത്, ബ്രദർ റ്റി. സി. ജോർജ്ജ് മുംബൈ**

# ആത്മതാകേന്ദ്രം

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ നിത്യരോഗികളുടെ മക്കളുടെ പഠനത്തിനും പോഷകാഹാരത്തിനുമായി സഹായിക്കുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനം ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തുകയുണ്ടായി. ഒരു കുട്ടിക്ക് 500 രൂപ വീതം 131 കുട്ടികൾക്ക് 65,500/- രൂപയും 4 കുട്ടികൾക്ക് 1,000/- രൂപ വീതം 4000 രൂപയും, ന്യൂട്രീഷൻ കിറ്റും വിതരണം ചെയ്തു.

**ഫാ. തോമസ് താന്നിയത്ത്**
ഡയറക്ടർ

**ഹോമിയോപ്പതിക്ക് ചികിത്സ വിശദ വിവരങ്ങൾ**

| സ്ഥലം | ദിവസവും സമയവും | ഡോക്ടർമാർ |
|---|---|---|
| ഇമ്മാനുവേൽ പ്രാർത്ഥനാ ശുശ്രൂഷാകേന്ദ്രം, ഇരവുചിറ | എല്ലാ ബുധനാഴ്ചയും 10മുതൽ 12.30 വരെ | ഡോ. മാത്യു മണലിൽ<br>ഡോ.രാജു തോമസ്<br>ഡോ. ധന്യ പ്രിൻസ് |
| ആലപ്പുഴ തത്തംപള്ളി മരിയ ഹോമിയോ ഡിസ്പെൻസറി | എല്ലാ ചൊവ്വാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സിസ്റ്റർ ടെസ്സിൻ SABS<br>ഡോ. ഹരികുമാർ<br>ഡോ. ഷമീനാ |
| നെടുങ്കുന്നം ആതുരാശ്രമം ഹോമിയോ ക്ലീനിക്ക് | എല്ലാ വ്യാഴാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. സി. ഡി. തോമസ്<br>ഡോ. രാജു തോമസ്<br>ഡോ. കൊച്ചുറാണി |
| ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ | എല്ലാ വെള്ളിയാഴ്ചയും 10 മുതൽ 12.30 വരെ | ഡോ. എസ്സ്.ജി. ബിജു<br>ഡോ. മാത്യു മണലിൽ<br>ഡോ. രാജു തോമസ് |
| മുണ്ടുപാലം സെന്റ് മേരീസ് പള്ളി | എല്ലാ വെള്ളിയാഴ്ചയും 3 മുതൽ 4.30 വരെ | ഡോ. ധന്യ പ്രിൻസ് |
| മണിമല പ്രിൻസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലീനിക് | എല്ലാ രണ്ടും നാലും ശനി 2 മുതൽ 4 വരെ | ഡോ. സി.ജെ. ജോസഫ്<br>ഡോ. ജെയിംസ് ജോസഫ് |
| അതിരമ്പുഴ സെൻ മേരീസ് ഫൊറോനാ പള്ളി | എല്ലാ വ്യാഴാഴ്ചയും 10.30 മുതൽ 12.30 വരെ | ഡോ. ഗീതാ ബാലകൃഷ്ണൻ |

**NB:** ഇടവക തലത്തിലും, വാർഡുതലത്തിലും സംഘടനാ തലത്തിലും, ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾ, കൺവെൻഷൻ എന്നിവ ക്രമീകരിക്കുന്നതിന് ആത്മതാകേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ നമ്പർ : **0481 2411819**

# ചാസ്സ്

ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനന്നും ആശംസകൾ !!!**

ജനകീയകൂട്ടായ്മകൾ ശക്തിപ്പെടുത്തുന്നതിനുള്ള പരിശ്രമത്തിലാണ് നമ്മൾ. സ്വാശ്രയസംഘങ്ങളും ക്രെഡിറ്റ് യൂണിയനും മറ്റ് CBO കളും സജീവമായി നിലനിന്നെങ്കിൽ മാത്രമേ ദർശനങ്ങളും പദ്ധതികളും പരിപാടികളും ഗുണപരമായി നടപ്പാക്കാൻ കഴിയുകയുള്ളൂ. സുതാര്യതയും, വിശ്വസ്തതയും നിലനിർത്തേണ്ടത് ഏറ്റവും അത്യാവശ്യമാണ് ഈ പ്രക്രിയയിൽ. കണക്കുകളും രേഖകളും കൃത്യമായി സൂക്ഷിക്കാനും റിപ്പോർട്ടുകൾ തയാറാക്കിവയ്ക്കാനും നമ്മൾ കുറച്ചുകൂടി സന്നദ്ധരാകേണ്ടതുണ്ടെന്ന് തോന്നുന്നു. ഒരു Data base എല്ലാ യൂണിറ്റുകളിലുമുണ്ടാവണം. സംഘങ്ങളിലും, യൂണിറ്റുകളിലും മേഖലകളിലും നടത്തപ്പെടുന്ന പരിപാടികൾ ഡോക്ക്മെന്റ് ചെയ്യണം. അതില്ലാത്തതിന്റെ ന്യൂനത പലപ്പോഴും അനുഭവപ്പെടാറുണ്ട്. കൂടുതൽ സജീവമായി മുമ്പോട്ടുപോകാൻ നമുക്കാവട്ടെ. മറ്റൊരുകാര്യം ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ചാസിന്റെ പ്രധാന പ്രവർത്തനമേഖലയാണല്ലോ ഖാദി. ഓണം ഖാദിമേള ആഗസ്റ്റ് 1 മുതൽ ആരംഭിക്കുകയാണ്. ക്രെഡിറ്റ് യൂണിയൻ, SHG അംഗങ്ങൾക്ക് പ്രത്യേക ഡിസ്ക്കൗണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി ഉൽപ്പന്നങ്ങൾ വാങ്ങുക വഴി ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ഈ മേഖലയിൽ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന ആയിരക്കണക്കിനു കുടുംബങ്ങളെ സഹായിക്കുകയാവും നമ്മൾ ചെയ്യുക. ഏവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
**ഫാ. ജേക്കബ് കുഴിപ്പള്ളിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## അറിയിപ്പ്

**ക്രൈസ്തവ ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി ബോധവത്ക്കരണ സെമിനാർ**

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ നേതൃത്വത്തിൽ 2017 ആഗസ്റ്റ് 12-ാം തീയതി ശനിയാഴ്ച കോട്ടയം പബ്ലിക് ലൈബ്രറിഹാളിൽ രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ക്രിസ്ത്യൻ ന്യൂനപക്ഷവിഭാഗങ്ങൾക്ക് മാത്രമായി ന്യൂനപക്ഷ ആക്ടിനെക്കുറിച്ചും ക്ഷേമപദ്ധതികൾ, ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ചുള്ള സെമിനാറും സംശയനിവാരണവും നടത്തപ്പെടുന്നു. അതിരൂപതയുടെ ഔദ്യോഗിക സാമൂഹിക ശുശ്രൂഷാസംവിധാനമെന്നനിലയ്ക്ക് നമ്മുടെ എല്ലാ യൂണിറ്റുകളിലും നിന്ന് പ്രസ്തുത സമ്മേളനത്തിൽ ആളുകളുടെ സാന്നിദ്ധ്യം കമ്മീഷൻ പ്രതീക്ഷിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത പരിപാടിയിൽ നമ്മുടെ യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ കുറഞ്ഞത് 3 പേരെങ്കിലും പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

**കർഷകദിനാചരണം**

ഈ വർഷത്തെ കർഷകദിനാചരണ പരിപാടികൾ തൃക്കൊടിത്താനം യൂണിറ്റിൽ ആഗസ്റ്റ് 18 വെള്ളിയാഴ്ച രാവിലെ 9.30 മുതൽ നടത്തപ്പെടുന്നതാണ്. ഫാർമേഴ്സ്ക്ലബ് അംഗങ്ങളും യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്. നാടൻ കലാമത്സരങ്ങളും സംഘാടിസ്ഥാനത്തിൽ മാതൃകാപരമായി കൃഷി നടത്തുന്ന സംഘങ്ങൾക്ക് പ്രത്യേക അവാർഡുകളുമുണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**റിഹാസ്വിസ്-പരിശീലന പരിപാടി**

റിഹാസ്വിസിന്റെ സഹകരണത്തോടെ ഭിന്നശേഷിയുള്ളവർക്കുവേണ്ടി നടപ്പാക്കുന്ന പുനരധിവാസ പദ്ധതികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് സംരംഭകത്വ ബോധവത്ക്കരണ പരിപാടി ആഗസ്റ്റ് 1-ാം തീയതി ഫാത്തിമാപുരത്ത് രാവിലെ 10 മണിക്ക് നടത്തപ്പെടുന്നതാണ്.

- **ആഗസ്റ്റ് മാസത്തെ യൂണിറ്റ് പരിപാടികൾ**

| തീയതി | മേഖല | യൂണിറ്റ് | പരിപാടി |
|---|---|---|---|
| 01.08.2017 | അതിരമ്പുഴ | അതിരമ്പുഴ ലിസ്യൂ | തയ്യൽപരിശീലനം സമാപനം |
| 02.08.2017 | അതിരമ്പുഴ | ഏറ്റുമാനൂർ | SAFP റീജിയണൽ മീറ്റിംഗ് |
| 03.08.2017 | അമ്പൂരി | രാജഗിരി | സോപ്പുപൊടിനിർമ്മാണം |
| ” | ആലപ്പുഴ | കൈതവന | SAFP റീജിയണൽ മീറ്റിംഗ് |
| ’’ | ചങ്ങനാശ്ശേരി | കത്തീഡ്രൽ | SAFP റീജിയണൽ മീറ്റിംഗ് |
| 04.08.2017 | ആലപ്പുഴ | പുത്തനങ്ങാടി | സ്വാശ്രയസംഘസംഗമം |
| 05.08.2017 | ചങ്ങനാശ്ശേരി | കിടങ്ങറ | സ്വാശ്രയസംഘസംഗമം |
| ” | കോട്ടയം | കൂരോപ്പട | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| 08.08.2017 | അതിരമ്പുഴ | ഏറ്റുമാനൂർ | സ്വാശ്രയസംഘസംഗമം |
| 11.08.2017 | എടത്വാ | തായങ്കരി | FAT & CBR വിസിറ്റ് |
| ” | കുട്ടനാട് | കൈനകരി | സ്വാശ്രയസംഘ സംഗമം |
| ” | ” | അറുന്നൂറ്റിൻപാടം | സ്വാശ്രയസംഘ സംഗമം |
| 12.08.2017 | ചങ്ങനാശ്ശേരി | ളായിക്കാട് | സ്വാശ്രയസംഘ സംഗമം |
| ” | എടത്വാ | എടത്വാ | ആശാകിരണം-വോളണ്ടിയേഴ്സ് മീറ്റ് |
| ” | ആലപ്പുഴ | പള്ളാത്തുരുത്തി | ഫാർമേഴ്സ് ക്ലബ് മീറ്റിംഗ് |
| ” | തുരുത്തി | ഇത്തിത്താനം | സ്വാശ്രയസംഘ സംഗമം |
| 14.08.2017 | ആലപ്പുഴ | തത്തംപള്ളി | സ്വാശ്രയസംഘ സംഗമം |
| ” | കോട്ടയം | കൂരോപ്പട | SHG, CBR വിസിറ്റ് & JLG രൂപീകരണം |
| 15.08.2017 | ആലപ്പുഴ | പള്ളാത്തുരുത്തി | ദേശീയോദ്ഗ്രഥന ഗാന മത്സരം |
| ” | ആലപ്പുഴ | ആറാട്ടുവഴി | സ്വാശ്രയസംഘസംഗമം |
| ” | ചങ്ങനാശ്ശേരി | പാറേൽ | സൗജന്യ നേത്രപരിശോധനാക്യാമ്പ് |
| 17.08.2017 | എടത്വാ | തായങ്കരി | സ്വാശ്രയസംഘസംഗമം |
| ” | തുരുത്തി | കുറിച്ചി | സ്വാശ്രയസംഘസംഗമം |
| 18.08.2017 | ചങ്ങനാശ്ശേരി | കത്തീഡ്രൽ | പേപ്പർ ക്യാരിബാഗ് നിർമ്മാണ പരിശീലനം |
| ” | തൃക്കൊടിത്താനം | തൃക്കൊടിത്താനം | കർഷകദിനാചരണം |
| 19.08.2017 | തുരുത്തി | പൊടിപ്പാറ | സ്വാശ്രയസംഘസംഗമം |
| ” | അതിരമ്പുഴ | നാൽപ്പാത്തിമല | സ്വാശ്രയസംഘസംഗമം-ആശാകിരണം |

| | | | |
|---|---|---|---|
| 20.08.2017 | കോട്ടയം | പങ്ങട | ഫാർമേഴ്സ് ക്ലബ് ട്രെയ്നിംഗ് |
| 21.08.2017 | എടത്വാ | കിഴക്കേമിത്രക്കരി | സ്വാശ്രയസംഘസംഗമം |
| 22.08.2017 | മണിമല | വള്ളംചിറ | സ്വാശ്രയസംഘസംഗമം |
| ” | അതിരമ്പുഴ | വെട്ടിമുകൾ | സ്വാശ്രയസംഘസംഗമം |
| ” | | കട്ടച്ചിറ | ലീഡേഴ്സ് മീറ്റിംഗ് & SAFP മീറ്റിംഗ് |
| 26.08.2017 | ചങ്ങനാശ്ശേരി | കത്തീഡ്രൽ | കമ്മ്യൂണിറ്റി ഓർഗ്ഗനൈസേഴ്സ് സംഗമം |
| ” | കോട്ടയം | അയർക്കുന്നം | സ്വാശ്രയസംഘസംഗമം |
| ” | | ചേപ്പുംപാറ | സ്വാശ്രയസംഘസംഗമം |
| 28.08.2017 | ചങ്ങനാശ്ശേരി | ചെത്തിപ്പുഴ | ബേക്കറിനിർമ്മാണ പരിശീലനം |

**മേഖലാ PME**

| തീയതി | | മേഖല | തീയതി | | മേഖല |
|---|---|---|---|---|---|
| 11.08.2017 | വെള്ളി | കൊല്ലം | 25.08.2017 | വെള്ളി | എടത്വാ |
| 19. 08.2017 | ശനി | ആലപ്പുഴ | 26.08.2017 | ശനി | ചങ്ങനാശ്ശേരി |
| 21.08.2017 | തിങ്കൾ | അതിരമ്പുഴ | 28.08.2017 | തിങ്കൾ | തുരുത്തി |
| 22.08.2017 | ചൊവ്വ | മണിമല | 29.08.2017 | ചൊവ്വാ | കുറുമ്പനാടം |
| 24.08.2017 | വ്യാഴം | കുടമാളൂർ | 31.08.2017 | വ്യാഴം | കോട്ടയം |

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി **2017 ജൂലൈ മാസം** ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**(1) SHG മരണാനന്തര സഹായം**

| പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|
| 330. കെ.എം. ആന്റണി | അൽഫോൻസാ | കൈതവന | ആലപ്പുഴ |

**(2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം**

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 98. ലിസി ബേബി വിൽസൺവില്ല | വെട്ടിമുകൾ | അതിരമ്പുഴ |
| 99. പി.ജെ. ജോൺ പണ്ടാരപള്ളി | കുടമാളൂർ | കുടമാളൂർ |
| 100. ആനി ജേക്കബ് മറ്റത്തിൽ | കുടമാളൂർ | കുടമാളൂർ |
| 101. കുഞ്ഞമ്മ സെബാസ്റ്റ്യൻ പായിക്കാട് | പാറേൽ | ചങ്ങനാശ്ശേരി |
| 102. ജോസഫ് കോച്ചേരിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 103. പ്രിയ ബിജു പനന്താനത്ത്കുഴിയിൽ | ചമ്പക്കര | നെടുംകുന്നം |
| 104. പോത്തൻ ജോസഫ് മണത്തറമുപ്പതിൽ | തായങ്കരി | എടത്വാ |
| 105. അന്നമ്മ തോമസ് വില്ലുവിരുത്തിൽ | പുഴവാത് | ചങ്ങനാശ്ശേരി |
| 106. വിമല ചന്ദ്രഭാനു തട്ടാരശ്ശേരി | മുഹമ്മ | ആലപ്പുഴ |
| 107. ത്രേസ്യാമ്മ ജോസഫ് പറമ്പിൽപറമ്പിൽ | പുന്നമട | ആലപ്പുഴ |
| 108. ജോണി ജോസഫ് തെക്കേതൊട്ടി | ഏറ്റുമാനൂർ | അതിരമ്പുഴ |
| 109. ചാച്ചപ്പൻ വട്ടച്ചിറയിൽ | കിഴക്കേമിത്രക്കരി | എടത്വാ |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 33. ബിനോയി എം.എം. മേനാച്ചേരിൽ | ഏറ്റുമാനൂർ | അതിരമ്പുഴ |

| | | |
|---|---|---|
| 34. കെ.ജെ. ജോസഫ് കുന്നശ്ശേരി | ഏറ്റുമാനൂർ | അതിരമ്പുഴ |
| 35. തങ്കമ്മ റോസ് ഹൗസ് | ഏറ്റുമാനൂർ | അതിരമ്പുഴ |
| 36. മേരിക്കുട്ടി ചാക്കോ കളരിക്കൽ | കട്ടച്ചിറ | അതിരമ്പുഴ |
| 37. സുബി ജെഫിൻ തകടിയേൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 38. പി.റ്റി. മാത്യു പടിക്കരമല | വെട്ടിമുകൾ | അതിരമ്പുഴ |
| 39. ആലീസ് തോമസ് ചേന്നാട് | അമ്പലപ്പുഴ | എടത്വാ |

(3) **ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ **2017 ജൂലൈ മാസം 7** കുടുംബങ്ങൾക്ക് ചികിത്സാചെലവായി **46650/-** രൂപ അനുവദിച്ചു.

| **പേര്** | **യൂണിറ്റ്** | **തുക** |
|---|---|---|
| 1. റോസമ്മ തോമസ് കൊച്ചുകിഴക്കേകടവിൽ | പായിപ്പാട് | 9500 |
| 2. തോമസ് കെ.ജെ. കൊരിക്കൊമ്പിൽ | ഏറ്റുമാനൂർ | 3486 |
| 3. തോമസ് തോമസ് പുളിമൂട്ടിൽ | വെരൂർ | 6405 |
| 4. തോമസ് വർഗ്ഗീസ്, പനയ്ക്കൽ | തൃക്കൊടിത്താനം | 7120 |
| 5. തോമസ് ദേവസ്യാ മാറാട്ടുകളം | മാടപ്പള്ളി | 9360 |
| 6. സോജൻ വർഗ്ഗീസ്, താഴൂർ | വെരൂർ | 5115 |
| 7. ഏലിയാമ്മ സിബിച്ചൻ, കണ്ടത്തിപ്പറമ്പിൽ | കൊടുപ്പുന്ന | 5664 |

(4) **ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2017 ജൂലൈ മാസം 28 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 46 അപേക്ഷകർക്ക് 81000/- രൂപ നൽകി.

## കേന്ദ്രവാർത്തകൾ

ചമ്പക്കുളം CHASS-ACCEPT-IRCA യുടെ നതൃത്വത്തിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ബോധവത്ക്കരണ പരിപാടി നടത്തപ്പെട്ടു. കുട്ടനാട്, അമ്പലപ്പുഴ താലൂക്കുകളിലെ സ്കൂൾ കുട്ടികൾക്കായി ജൂലൈ 1 ന് പോസ്റ്റർ ഡിസൈനിംഗ് മത്സരം സംഘടിപ്പിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പോളി തോമസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ചമ്പക്കുളം ഫൊറോനാ പള്ളിവികാരി വെരി. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. വിവിധ സ്കൂളുകളിൽനിന്നും നൂറിലധികം കുട്ടികൾപങ്കെടുത്തു.

### അദ്ധ്യാപകർക്ക് പരിശീലനം

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതാ കോർപ്പറേറ്റ് മാനേജ്മെന്റ് ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്കായി ജൂലൈ 11 ചൊവ്വാഴ്ച കാൻസർ ബോധവത്ക്കരണ പരിശീലന പരിപാടി ചാസ് കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ചു. ഡോ. അഭിരാമി (ചെത്തിപ്പുഴ ഹോസ്പിറ്റൽ) നേതൃത്വം നൽകി.

### കോ-ഓർഡിനേറ്റേഴ്സിന് EAP പരിശീലനം

ചാസ് മേഖലാ കോ-ഓർഡിനേറ്റർമാർക്ക് ജൂലൈ 12 ന് കേന്ദ്ര ഓഫീസിൽവച്ച് സംരംഭകത്വ ബോധവത്ക്കരണ പരിശീലനപരിപാടി സംഘടിപ്പിച്ചു. ഖാദി കമ്മീഷന്റെ സഹായത്തോടെ നടത്തപ്പെടുന്ന പരിശീലന പദ്ധതികളെ കുറിച്ച് ഖാദി മാനേജർ ശ്രീ. ജോൺസക്കറിയാ, അസി. മാനേജർ ശ്രീ. ജോജോ കെ.സി എന്നിവർ ക്ലാസ് നയിച്ചു.

**അഗാപ്പെ ഹൗസിംഗ് സ്കീം ധനസഹായവിതരണം**

അഗാപ്പെ ഹൗസിംഗ് സ്കീമിൽ തെരഞ്ഞെടുക്കപ്പെട്ട 10 ഗുണഭോക്താക്കൾക്ക് ജൂലൈ 14 വെള്ളിയാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ 5 ലക്ഷം രൂപ വിതരണം ചെയ്തു.

**ഖാദി ഷോറൂം ജീവനക്കാർക്ക് ഏകദിനപരിശീലനം**

ഓണം ഖാദിഫെസ്റ്റിനൊരുക്കമായി ഷോറൂം ജീവനക്കാർക്ക് ജൂലൈ 23 ഞായറാഴ്ച ഏകദിന പരിശീലനം സംഘടിപ്പിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ ഉദ്ഘാടനം നിർവഹിച്ചു. BIMS ഡയറക്ടർ ഡോ. സ്റ്റീഫൻ ജോർജ് സെമിനാർ നയിച്ചു. ചാസ് പ്രസിഡന്റ് വെരി. റവ. ഡോ. ജോസഫ് മുണ്ടകത്തിൽ സന്ദേശം നൽകി.

**മേഖലവാർത്തകൾ**

**വിദ്യാഭ്യാസ സഹായവിതരണം**

വെട്ടിമുകൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂലൈ 4 ന് 194 കുട്ടികൾക്കായി 84,000/- രൂപ വിദ്യാഭ്യാസസഹായം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി കുട്ടികൾക്ക് കൈമാറി.

**മേഖലാതലമീറ്റിംഗ്**

എടത്വാ മേഖലയുടെ പതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ മേഖലാതലമീറ്റിംഗ് ജൂലൈ 6 ന് എടത്വാ ചാസ് ഓഫീസിൽവച്ച് നടത്തപ്പെട്ടു. 14 യൂണിറ്റുകളിൽനിന്ന് ഭാരവാഹികൾ പങ്കെടുത്തു.

**ജൈവവിപണി ഉദ്ഘാടനം**

വള്ളംചിറ യൂണിറ്റിന്റെ നേതൃത്വത്തിൽ ജൈവവളം ഉപയോഗിച്ച് ഉൽപ്പാദിപ്പിച്ച പച്ചക്കറികളും, ജൈവവളക്കൂട്ടുകളും വിൽക്കുന്നതിനായി ജൂലൈ 9 മുതൽ യൂണിറ്റിൽ ജൈവവിപണി ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നർവഹിച്ചു.

**സ്വാശ്രയസംഘ വാർഷികം**

വടവാതൂർ യൂണിറ്റിലെ സ്വാശ്രയസംഘങ്ങളുടെ സംയുക്തവാർഷികം ജൂലൈ 9 ന് നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. സംഘം ഭാരവാഹികൾ റിപ്പോർട്ട് അവതരിപ്പിച്ചു. സംഘാംഗങ്ങൾക്കായി നടത്തിയ ബേക്കറിപരിശീനത്തിൽപങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. 2016-17 ൽ SSLC +2 ക്ലാസുകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ മെമന്റോ നൽകി ആദരിച്ചു. മേഖലാ ഭാരവാഹികൾ നേതൃത്വം നൽകി 125 അംഗങ്ങൾ പങ്കെടുത്തു.

**സൗജന്യ നേത്രപരിശോധനാ ക്യാമ്പ്**

ചാസ് പാറേൽ യൂണിറ്റ്, കോട്ടയം മെഡിക്കൽ കോളേജ്, ഇടിമണ്ണിക്കൽ ഒപ്റ്റിക്കൽസ് & ഐ ക്ലിനിക്ക് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പാറേൽ ജെ.എം.എൽ.പി. സ്കൂളിൽ ജൂലൈ 15 ന് സൗജന്യ നേത്രപരിശോധനാ ക്യാമ്പും മരുന്ന് വിതരണവും നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. 150 പേർ ക്യാമ്പ് പ്രയോജനപ്പെടുത്തി.

**കാൻസർബോധവത്ക്കരണ സെമിനാറും മെഡിക്കൽക്യാമ്പും**

കുറിച്ചി സോഷ്യൽ സർവീസ് ട്രസ്റ്റിന്റെയും കുറിച്ചി ഹോമിയോ മെഡിക്കൽ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ ജൂലൈ 16 ഞായറാഴ്ച രാവിലെ 8.30 മുതൽ വൈകുന്നേരം 4 മണിവരെ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോൺ പരുവപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കാസൻസർ ബോധവത്ക്കരണ സെമിനാറിന്റെ ഉദ്ഘാടനവും കുറിച്ചി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ആർ രാജഗോപാൽ മെഡിക്കൽക്യാമ്പ് ഉദ്ഘാടനവും നിർവഹിച്ചു. കുറിച്ചി ഹോമിയോ മെഡിക്കൽ കേളേജിലെ ഡോ. എസ്. ജയലക്ഷ്മി, ഡോ. പ്രതിഭ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**ഹരിതാ ഫാർമേഴ്സ് ക്ലബ് വാർഷികം**

കൊടുപ്പുന്ന ഹരിതാ ഫാർമേഴ്സ് ക്ലബിന്റെ നേതൃത്വത്തിൽ ജൂലൈ 16 ന് ഫാർമേഴ്സ് ക്ലബിന്റെ 2016-17 ലെ വാർഷികപൊതുയോഗം നടത്തി. റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും മികച്ച കർഷകനെ ആദരിക്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ അദ്ധ്യക്ഷതവഹിച്ചു.

**കമ്മ്യൂണിറ്റി ഓർഗനൈസേഴ്സ് സാമൂഹിക സമ്പർക്ക പരിശീലനം**

കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദവും ഊർജ്ജിതവുമാക്കുവാൻ 2017 ജൂലൈ 21 ന് പഴവങ്ങാടി യോഗശാലയിൽ സാമൂഹിക സമ്പർക്ക പരിശീലനപരിപാടി സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഡോ. ജോസഫ് തൂമ്പുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. 'കമ്മ്യൂണിറ്റി ഓർഗ്ഗനൈസർമാരും സാമൂഹിക ഇടപെടലും' എന്ന വിഷയത്തെ ആസ്പദമാക്കി കില-ഫാക്കൽറ്റി മെമ്പർ ശ്രീ. ടോംസ് ആന്റണിയും, കുട്ടനാട് മേഖലാ കോ- ഓർഡിനേറ്റർ ശ്രീ. ബിനു ജോസഫും ക്ലാസ് നയിച്ചു.

**മഹിളാസമാജം ഉദ്ഘാടനം**

നാൽപ്പാത്തിമല യൂണിറ്റിൽ ജൂലൈ 22 ന് മഹിളാസമാജം രൂപീകരിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സോണി മുണ്ടുനടയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. 35 അംഗങ്ങൾ പങ്കെടുത്തു.

**ആരോഗ്യസംരക്ഷണ മുറകൾ**

കൊടിനാട്ടുകുന്ന് സെന്റ് സെബാസ്റ്റ്യൻസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കർക്കിടക മാസത്തിലെ ആരോഗ്യസംരക്ഷണ മുറകളെക്കുറിച്ചും ഔഷധക്കഞ്ഞി തയ്യാറാക്കുന്ന രീതിയെക്കുറിച്ചും ജൂലൈ 23 ന് സെമിനാർ സംഘടിപ്പിച്ചു. കേരള സംസ്ഥാന പ്രകൃതി ജീവനസമിതി പ്രസിഡന്റ് ഡോ. സേതു ആലപ്പുഴ ക്ലാസ് നയിച്ചു. തദവസരത്തിൽ ചാസ് യൂണിറ്റിന്റെ നവീകരിച്ച ഓഫീസ് ഉദ്ഘാടനം ഡയറക്ടർ റവ.ഡോ. ജോസ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

**സംരംഭകത്വ സെമിനാർ**

കുളത്തൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഖാദി ഗ്രാമോദ്യോഗ് വിദ്യാലയം മല്ലപ്പള്ളിയുടെ സഹകരണത്തോടെ 2017 ജൂൺ 29 ന് ചെറുപുഷ്പം പാരീഷ് ഹാളിൽ സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റോ മുട്ടത്തിൽ ഉദ്ഘാടനം നിർവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഖാദി ജനറൽ മാനേജർ ശ്രീ. ജോൺ സക്കറിയാസ്, അസി. മാനേജർ ശ്രീ. ജോജോ കെ.സി. എന്നിവർ

വിവിധ സംരംഭകത്വത്തെക്കുറിച്ചും. ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ചും ക്ലാസ് നയിച്ചു.

**സ്വാശ്രയസംഘസംഗമങ്ങൾ**

**ഇരവുചിറ** യൂണിറ്റിൽ ജൂലൈ 15 ന് സ്വാശ്രയസംഘസംഗമം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ലൂയിസ് വെള്ളാനിക്കൽ ഉദ്ഘാടനം നിർവഹിച്ചു. മദ്യം മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ച് ശ്രീ. ജെസ്റ്റിൻ മാത്യു ക്ലാസ് നയിച്ചു. 60 അംഗങ്ങൾ പങ്കെടുത്തു.

**വില്ലൂന്നി** യൂണിറ്റിൽ ജൂലൈ 18 ന് സ്വാശ്രയസംഘസംഗമം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നർവഹിച്ചു. 69 അംഗങ്ങൾ പങ്കെടുത്തു.

**മുടിയൂർക്കര** യൂണിറ്റിൽ ജൂലൈ 22 ന് സ്വാശ്രയസംഘസംഗമം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിംസ് കലയംകണ്ടം അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ കൗൺസിലർ ശ്രീമതി ജയ്മോൾ കണ്ണാമ്പടം ആശംസകൾ നേർന്നു. 62 അംഗങ്ങൾ പങ്കെടുത്തു.

**ആശാകിരണം**

**കാൻസർബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ച യൂണിറ്റുകൾ**

| തീയതി | യൂണിറ്റ് | ക്ലാസ് നയിച്ചത് | പങ്കെടുത്തവർ |
|---|---|---|---|
| 27.06.2017 | വെട്ടിമുകൾ | ബിന്ദുതോമസ് | 104 |
| ” | കട്ടച്ചിറ | അൽഫോൻസ് വർഗ്ഗീസ് | 60 |
| 06.07.2017 | അതിരമ്പുഴ ലിസ്യൂ | ” | 55 |
| 06.07.2017 | മണ്ണാർകുന്ന് | ” | 65 |
| 07.07.2017 | സെന്റ് ജോർജ് HSS മണിമല | ബിന്ദുതോമസ് | 800 |
| 14.07.2017 | പുന്നത്തുറ | ബിന്ദുതോമസ് | 85 |
| 18.07.2017 | വില്ലൂന്നി | ” | 69 |
| 20.07.2017 | ചെറുവാണ്ടൂർ | ” | 75 |
| 22.07.2017 | മുടിയൂർക്കര | ” | 62 |

**പരിശീലനപരിപാടികൾ**

**തയ്യൽ സമാപനം**

കൈനടി യൂണിറ്റിൽ കഴിഞ്ഞ 4 മാസമായി നടത്തിവന്നിരുന്ന തയ്യൽ പരിശീലനം സമാപിച്ചു. ജൂലൈ 25 ചൊവ്വാഴ്ച ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പരിശീലനം പൂർത്തിയാക്കിയ 31 വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് നാൽപ്പതാംകളം അദ്ധ്യക്ഷതവഹിച്ചു.

**കുട നിർമ്മാണം**

കരിമ്പനക്കുളം യൂണിറ്റിൽ ജൂൺ 30 ന് കുട, ഫ്ളോർ മാറ്റ് എന്നിവ നിർമ്മിക്കുന്നതിന് മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി സജി ഷാജി പരിശീലനം കൊടുത്തു. 45 അംഗങ്ങൾ പങ്കെടുത്തു.

# ദലിത് കത്തോലിക്കാ മഹാജനസഭ

ബഹു. പ്രിയ അച്ചാ / സുഹൃത്തേ,

ചങ്ങനാശ്ശേരി അതിരൂപതാ DCMS അതിരൂപതാ എക്സിക്യൂട്ടീവ് യോഗവും, കൗൺസിൽ യോഗവും 2017 ജൂൺ 25-ാം തീയതി പാസ്റ്ററൽ സെന്ററിൽ നടന്നു. ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരിയുടെ മഹനീയ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് ശ്രീ. ജെയിംസ് ഇലവുങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ താഴെപ്പറയുന്ന പ്രവർത്തന പരിപാടികൾക്കു രൂപം നൽകി.

1. **തയ്യൽപരിശീലന സെന്റർ**

ദലിത് കത്തോലിക്കാ വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് പരിശീലിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യൽ പരിശീലന സെന്റർ ആരംഭിക്കുന്നതിന് DCMS അതിരൂപതാ കമ്മറ്റി തീരുമാനിച്ചു. കായൽപ്പുറം സെന്റ് ആന്റണീസ് ഇടവകയിൽ കഴിഞ്ഞ ഒരു വർഷമായി തയ്യൽ പരിശീലന സെന്റർ നടന്നുവരുന്നു. ഇതിലൂടെ 40-ൽ അധികം വനിതകൾ തയ്യൽ പരിശീലനം നേടുകയുണ്ടായി. 2017 ജൂലൈ 10-ാം തീയതി ഈ യൂണിറ്റിൽനിന്നും വേറൊരു സെന്ററിലേക്ക് മാറ്റുന്നതിന് ആഗ്രഹിക്കുന്നു. താൽപര്യം ഉള്ള യൂണിറ്റുകൾ അതിരൂപതാ ഓഫീസിൽ 2017 ജൂലൈ 10-ന് മുമ്പ് അറിയിക്കേണ്ടതാണ്. കൂടുതൽ യൂണിറ്റുകൾക്കു താൽപര്യമുണ്ടെങ്കിൽ നറുക്കിട്ട് മുൻഗണനാക്രമം തീരുമാനിക്കുന്നതാണ്.

**നിബന്ധനകൾ**

1. സെന്റർ നടത്തുവാൻ ആഗ്രഹിക്കുന്ന യൂണിറ്റ് കമ്മറ്റി ബഹു. യൂണിറ്റ് ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടി തീരുമാനിക്കേണ്ടതാണ്.
2. പഠിക്കുവാൻ താല്പര്യമുള്ള 15 പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.
3. അതിരൂപതയിൽ നിന്നും, മിഷ്യൻ സെന്ററിൽ എത്തിച്ചുതരുന്നതാണ്. മിഷ്യന് കേടുപാടു വന്നാൽ യൂണിറ്റിന്റെ ഉത്തരവാദിത്വത്തിൽ നന്നാക്കേണ്ടതാണ്.
4. ആറുമാസത്തേയ്ക്കാണ് ഒരു യൂണിറ്റിന് മിഷ്യൻ നൽകുന്നത്.
5. പഠിപ്പിക്കുവാൻ അദ്ധ്യാപകരെ നിയമിക്കുന്നെങ്കിൽ അധ്യാപകർക്കുള്ള വേതനം യൂണിറ്റുകൾ തന്നെ നൽകേണ്ടതാണ്.

2. **മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു.**

ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ചെറിയ തോതിലുള്ള വരുമാനം എന്ന നിലയ്ക്ക് ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് 450/- (നാനൂറ്റി അൻപത്) രൂപാ വിലയുള്ള 45 ദിവസം പ്രായമുള്ള 5 കോഴികുഞ്ഞുങ്ങളെ 250/- (ഇരുനൂറ്റി അൻപത്) രൂപയ്ക്ക് നൽകുന്നു. DCVS അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിലായിരിക്കും കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നത്. താല്പര്യമുള്ള യൂണിറ്റുകൾ ഓരോ അംഗത്തിന്റെയും 250/- രൂപാ വീതം പിരിച്ച് യൂണിറ്റ് അടി

സ്ഥാനത്തിൽ ഒന്നിച്ച് 2017, ജൂലൈ 30-ന് മുമ്പ് ഓഫീസിൽ രൂപ അടച്ച് രസീത് വാങ്ങേണ്ടതാണ്.

3. **ക്ഷേമനിധി പുതുക്കലും പുതിയ അംഗത്വവും ആഗസ്റ്റ് 20 വരെ.**

കഴിയുന്നത്ര അംഗങ്ങളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക എന്ന ആഗ്രഹത്തോടുകൂടി 2017 ആഗസ്റ്റ് 20 വരെ ക്ഷേമനിധി പുതുക്കുവാനും പുതിയ ബുക്ക് എടുക്കുന്നതിനും അവസരം ഉണ്ട്. ഈ അവസരം എല്ലാ അംഗങ്ങളും പ്രയോജനപ്പെടുത്തേണ്ടതാണ്. ക്ഷേമനിധി പുതുക്കുന്നതിന്റെ ചാർജ്ജ് 500 രൂപയാണ്.

4. **വിദ്യാജ്യോതി ഫണ്ട്**

നമ്മുടെ കുട്ടികളുടെ പഠനത്തിനായി അതിരൂപത സ്വരൂപിക്കുവാൻ ആഗ്രഹിക്കുന്ന ഒരുകോടി രൂപയുടെ വിദ്യാഭ്യാസ ഫണ്ടിലേക്ക് ഗുണഭോക്താക്കളായ നമ്മുടെ സംഘടന നൽകാം എന്ന് പറഞ്ഞ 10 ലക്ഷം രൂപ സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി അതിരൂപതാ ഡയറക്ടറും ഭാരവാഹികളും യൂണിറ്റുകൾ സന്ദർശിച്ച് യോഗം നടത്തി വരുന്നു. 2017 ഓഗസ്റ്റ് 19 വരെ വിദ്യാജ്യോതിയിലേക്കുള്ള അംഗത്വം സ്വീകരിക്കാം.

5. **KCBC SC/ST/BC കമ്മിഷന്റെ ഭവനനിർമ്മാണ പദ്ധതി**

ദലിത് കത്തോലിക്കാ അംഗങ്ങൾക്ക് KCBC/SC/ST/BC കമ്മീഷൻ നടപ്പാക്കുന്ന ഭവനനിർമ്മാണ പദ്ധതിയിലേക്ക് നമ്മുടെ അതിരൂപതയിൽനിന്നും 26 അപേക്ഷകർ ഉണ്ടായിരുന്നു. അതിരൂപതാ കമ്മറ്റി സ്ഥലം സന്ദർശിച്ച് പഠിച്ച് അതിൽ അർഹരായ 20 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും ആദ്യത്തെ 10 പേരുടെ ലിസ്റ്റ് 2017 ജൂൺ 30-ന് കെ.സി.ബി.സി. ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

6. **ദലിത് കത്തോലിക്കാ വനിതാസംഘത്തിന്റെ നേതൃത്വത്തിൽ വിവാഹസഹായപദ്ധതി**

പെൺകുട്ടികളുടെ വിവാഹത്തിന് മാതാപിതാക്കൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും അംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുവാനും DCVS അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ വിവാഹ സഹായ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. പദ്ധതിയുടെ നിയമാവലി തയ്യാറാക്കുന്നതിന് കൗൺസിലിൽനിന്നും സബ്കമ്മറ്റിയെ തെരഞ്ഞെടുത്തു. പി. ജെ. ജോൺ, ജോയി ജോസഫ്, മിനി റോയി, റ്റീനാ, ആൻസമ്മ എന്നിവരാണ്, സബ് കമ്മറ്റി അംഗങ്ങൾ.

7. **ആഗസ്റ്റ് 10 കരിദിനാചരണം**

1950 ആഗസ്റ്റ് 10-നാണ് ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച പ്രത്യേക ഉത്തരവിലൂടെ ദലിത് ക്രൈസ്തവരുടെ ജന്മാവകാശമായ പട്ടികജാതി സംവരണം നിഷേധിച്ചത്. ഈ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാം കഴിഞ്ഞ 67 വർഷമായി സമരരംഗത്താണല്ലോ. ആഗസ്റ്റ് 10-ാം തീയതി കരിദിനമായി ഭാരതത്തിലെ ക്രൈസ്തവ വിശ്വാസികൾ ആചരിക്കുവാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെയും നാഷണൽ ചർച്ച് ക്രിസ്ത്യൻ ഇന്ത്യയും, വിവിധ സംഘടനകളുടെയും നേതൃത്വം ആഹ്വാനം ചെയ്തിരിക്കുകയാണ്. ഈ ആചരണത്തോടു ചേർന്നുകൊണ്ടു DCMS ചങ്ങാശേരി അതിരൂപതയുടെ നേതൃ

ത്വത്തിൽ കോട്ടയം ഹെഡ് പോസ്റ്റോഫീസ് പടിക്കൽ കൂട്ടധർണ്ണ നടത്തുന്നു. ധർണ്ണയിൽ ഓരോ യൂണിറ്റിൽനിന്നും കഴിയുന്നത്ര അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കണം. ധർണ്ണയിൽ പങ്കെടുക്കുവാൻ എത്തുന്ന അംഗങ്ങൾ ആഗസ്റ്റ് 10-ാം തീയതി രാവിലെ 9.30-ന് കോട്ടയം ഗാന്ധിസ്ക്വയറിൽ എത്തിച്ചേരണം.

**8. ജസ്റ്റിസ് സൺഡേ ആചരണം ആഗസ്റ്റ് 20-ന്**

ദലിത് ക്രൈസ്തവർ അനുഭവിക്കുന്ന നീതി നിഷേധത്തിനെതിരെ പ്രതികരിക്കുവാനും ദലിത് ക്രൈസ്തവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും 1986 ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം സഭാവിശ്വാസികൾ ഒന്നായി പക്ഷം ചേർന്നുകൊണ്ടു ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന് ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായർ "നീതിയുടെ ഞായർ" ജസ്റ്റിസ് സൺഡേ ആയി ആചരിച്ചുപോരുന്നത്. ഈ വർഷത്തെ ജസ്റ്റിസ് സൺഡേ ആചരണം ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ നേതൃത്വത്തിൽ 2017 ആഗസ്റ്റ് 20-ന് വിവിധ പരിപാടികളോടെ ആചരിക്കും. വിശദവിവരങ്ങൾ അറിയിക്കുന്നതാണ്.

**9. വിദ്യാഭ്യാസ സ്കോളർഷിപ്പ് KCBC SC/ST/BC കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2016-17 അധ്യയനവർഷം**

SSLC +2 പരീക്ഷകളിൽ എല്ലാ വിഷയത്തിനും A+ ലഭിച്ച വിദ്യാർത്ഥികളുടെ അടുത്ത 5 വർഷത്തെ കോഴ്സ് ഫീസ് KCBC/SC/ST കമ്മീഷൻ വഹിക്കും. വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിൽ കോഴ്സ് ഫീസ് അടയ്ക്കും. ഇതിന് അർഹരായവർ ഇടവക വികാരിയച്ചന്മാർ മുഖേന രൂപതാകേന്ദ്രങ്ങൾവഴി KCBC കേന്ദ്ര ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. മാതാപിതാക്കളുടെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയായിരിക്കണം.

10. പുതുതായി തെരഞ്ഞെടുക്കപ്പെട്ട DCVS അതിരൂപതാ കമ്മറ്റിയംഗങ്ങൾ, മിനി റോയി-പ്രസിഡന്റ്, ജെസ്സി ജോൺ-വൈസ് പ്രസിഡന്റ്, റ്റീനാ ടോമി-സെക്രട്ടറി, മേഴ്സി തോമസ്-ജോ സെക്രട്ടറി, ആൻസമ്മ-ഖജാൻജി, കമ്മറ്റിയംഗങ്ങൾ- റൂബി സെബാസ്റ്റ്യൻ, കൊച്ചുമോൾ റ്റോമി, മറിയാമ്മ ജോസഫ്, സിന്ധു ജസ്റ്റിൻ എന്നിവരാണ്.

**ഉപസംഹാരം**

ബഹുമാനപ്പെട്ട യൂണിറ്റ് ഡയറക്ടർമാർ, വികാരിയച്ചന്മാർ, ഭാരവാഹികൾ പ്രവർത്തകർ എന്നിവർ മേൽപ്പറഞ്ഞ പ്രവർത്തനപരിപാടികൾ വിജയകരമായി നടത്തുന്നതിന് സഹകരിക്കുമല്ലോ. അതിലൂടെ നമ്മുടെ സമൂഹം പുരോഗതിയുടെ പാതയിലൂടെ ചരിക്കുവാൻ നമുക്ക് ഒന്നായി മുന്നേറാം.

സ്നേഹപൂർവ്വം,

**റ്റോമി മംഗലത്ത്**
(ജ. സെക്രട്ടറി DCMS)

**ഫാ. ജസ്റ്റിൻ കായംകുളത്തുശ്ശേരി**
(ഡയറക്ടർ DCMS)

# വിൻസെൻഷ്യൻ വേദി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

ദൈവവിളി സ്വീകരിച്ച വിൻസെൻഷ്യൻ അംഗങ്ങൾക്ക് "മാർഗ്ഗദീപം" കൊടുക്കുവാൻ നമുക്കൊരു സമർപ്പണപ്രാർത്ഥന ആത്മാർത്ഥതയോടെ ചെല്ലാം.

പിതാവായ ദൈവം, ഞങ്ങളുടെ വിൻസെൻഷ്യൻ ദൈവവിളി ആത്മാർത്ഥമായും യോഗ്യമായും നിറവേറ്റുവാൻ, വി. വിൻസെന്റ് ഡി പോളിന്റെയും, വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയുംമേൽ വർഷിച്ച സ്നേഹവും, വിനയവും, അനുകമ്പയുംകൊണ്ട് ഞങ്ങളുടെ ഹൃദയത്തെ നിറയ്ക്കേണമെ. ഞങ്ങൾ സഹായിക്കുന്നു, കഷ്ടത അനുഭവിക്കുന്ന പാവങ്ങളെ അങ്ങ് അനുഗ്രഹിക്കണമേ. വേദനിക്കുന്നവർക്ക് ആശ്വാസമായിക്കൊണ്ട് അവരുടെ ഹൃദയങ്ങളെ സന്തോഷത്താൽ നിറക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. പരിശുദ്ധ പിതാവിനും എല്ലാ മെത്രാന്മാർക്കും, വൈദീകർക്കും, ഞങ്ങളുടെ ഉപകാരികൾക്കും അവരുടെ ചുമതലകളും കടമകളും നിറവേറ്റുവാൻ വേണ്ട ആരോഗ്യവും ശക്തിയും തരേണമേ. ഭൂമിയിൽ സമാധാനം നിലനിർത്തുവാൻ വേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വിൻസെൻഷ്യൻ നേതാക്കളെയും, മറ്റുള്ളവരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. ഞങ്ങളുടെ ഈ പ്രാർത്ഥനകളൊക്കെയും, കർത്താവായ ഈശോമിശിഹാവഴി അങ്ങേയ്ക്കു ഞങ്ങൾ സമർപ്പിക്കുന്നു.

നമ്മുടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ, ആദർശങ്ങൾ തുടങ്ങിയവ യുവജനങ്ങളിൽ എത്തിക്കുവാൻ നമ്മുടെ യുവജനമദ്ധ്യസ്ഥനായ വാഴ്ത്തപ്പെട്ട ജിയോർജിയോ ഫ്രസാറ്റിയെക്കുറിച്ചുള്ള അറിവ് ഏറെ പ്രചോദനങ്ങൾ ഉൾക്കൊള്ളുന്നതായിത്തീരട്ടെ. 1901 ഏപ്രിൽ 6 ന് ദുഃഖശനിയാഴ്ചയായിരുന്നു അദ്ദേഹത്തിന്റെ ജനനം. സെനറ്റംഗവും, ഇറ്റലിയുടെ ജർമ്മൻ അമ്പാസഡറുമായിരുന്ന 'ലാ സ്റ്റാംപാ' ആയിരുന്നു പിതാവ്. എന്നാൽ ചെറുപ്പം മുതല്ക്കേ ആഴമേറിയ ആത്മീയജീവിതത്തിലും, ജീവകാരുണ്യപ്രവർത്തനങ്ങളിലും ആകൃഷ്ടനായിരുന്നു. അദ്ദേഹം വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ 1918 ൽ തന്റെ 17-ാമത്തെ വയസ്സിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗമായി. തന്റെ പ്രവർത്തനങ്ങളിൽ പിതാവ് അത്ര താല്പര്യം കാണിച്ചിരുന്നില്ലെങ്കിലും, അതിനെ നിരുത്സാഹപ്പെടുത്തിയില്ല. ഉപവിപ്രവർത്തനങ്ങളിൽ സുഹൃത്തുക്കളോടൊപ്പം വ്യാപൃതനായിരിക്കുമ്പോഴും, മറ്റുള്ളവരാൽ ആകൃഷ്ടനാകുന്നതിൽനിന്ന് ഒഴിഞ്ഞുമാറുമായിരുന്നു. തന്റെ അഗാധ വിശ്വാസപൈതൃകവും, സേവനതല്പരതയും കാത്തുസൂക്ഷിക്കുവാൻ അദ്ദേഹം ആത്മാർത്ഥതയോടെ പരിശ്രമിക്കുമായിരുന്നു. ശക്തമായ പ്രാർത്ഥനാ ജീവിതത്തിനു കൂടുതൽ അനുഭവസമ്പത്ത് പ്രദാനം ചെയ്യുന്നതായി അദ്ദേഹം വിശ്വസിച്ചിരുന്നു. 1925 ൽ തീവ്രമായ പോളിയോ ബാധിച്ചിരുന്നതിനെ തുടർന്ന് ജൂലൈ 4-ന് തന്റെ 24-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. 1990 മെയ് 20-ന്

ജോൺപോൾ രണ്ടാമൻ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചുകൊണ്ടു പറഞ്ഞു "പ്രിയപ്പെട്ട യുവാക്കളേ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ട ഈ മാതൃകയെ അനുകരിക്കുവാൻ ഞാൻ നിങ്ങളെ ആഹ്വാനം ചെയ്യുന്നു."

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെക്കുറിച്ച് റവ. ഫാ. ആബേൽ C.M.I. D.P.Se. എഴുതിയ ഒരു പ്രാർത്ഥനാഗാനം കൂടി നിങ്ങളുടെ ശ്രദ്ധയിൽപെടുത്തിക്കൊള്ളട്ടെ.

"സ്നേഹത്തിൻ നവ്യകല്പനയുമായ്
ഭൂവിൽ വന്നൊരു ദൈവമേ,
സ്നേഹത്തിൻ ദിവ്യരശ്മിയൂഴിയിൽ
വീശുവാൻ വരംനല്കണേ.
കേഴുവോരിൽ കനിയുമുന്നത
മാനസം ഞങ്ങൾക്കേകണേ
പൈദാഹങ്ങൾ സഹിച്ചീടുന്നോരിൽ
നിൻമുഖം ഞങ്ങൾകാണട്ടേ
ദാനധർമ്മങ്ങൾ സ്വീകരിക്കും നിൻ
തൃകൈ മുന്നിലുയരട്ടെ
പീഡിതർക്കു മോചനത്തിനായ്
ജീവിതം ഞങ്ങളർപ്പിക്കും.

കർമ്മനിരതരായി പ്രവർത്തിക്കുന്നതിന് യുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ടാകട്ടെ ഓരോ സൊസൈറ്റിയുടെയും പ്രവർത്തനങ്ങൾ. അതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്.

സ്നേഹത്തോടെ,

ഈശോയിൽ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

നമ്മുടെ ഇന്ത്യയുടെ സ്വാതന്ത്ര്യദിനവും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണവും വി. ക്ലാരയുടെ തിരുനാളും ആഘോഷിക്കുന്ന മാസമാണല്ലോ ആഗസ്റ്റ്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് അഹിംസയുടെ പടവാളുമായി ഇന്ത്യൻ ജനത നേടിയ ഐതിഹാസിക വിജയമായിരുന്നു നമ്മുടെ സ്വാതന്ത്ര്യദിനം. ദൈവഹിതമനുസരിച്ച് പ്രവർത്തിച്ച സഹരക്ഷകയായ പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ മറിയത്തോടുള്ള തീക്ഷ്ണസ്നേഹത്തിന്റെ പ്രതിഫലനമായി നമുക്കു മാറ്റാം. ഒപ്പം ഫ്രാൻസിസ്ക്കൻ ജീവിതശൈലിയുടെ സഹസാക്ഷ്യമായ വി. ക്ലാരയുടെ തിരുനാൾ ഫ്രാൻസിക്കൻ ആദ്ധ്യാത്മിക ജീവിതത്തിന്റെ സ്മാരകമായി മാറ്റുകയും ചെയ്യാം. ഭക്തിനിർഭരമായ ഈ സുദിനങ്ങൾ ആഘോഷിക്കുകയും അതിന്റെ നന്മയും വിശുദ്ധിയും ജീവിതത്തിൽ സൂക്ഷിക്കുകയും ചെയ്യാം.

**SFO അതിരൂപതാ കമ്മറ്റി മീറ്റിംഗ്**

അതിരൂപതാ കമ്മറ്റി മീറ്റിംഗ് 27-06-2017 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാ പ്രസിഡന്റ് ബ്രദർ സിബിച്ചൻ സ്രാങ്കന്റെ അദ്ധ്യക്ഷതയിൽ സായാഹ്ന പ്രാർത്ഥനയോടുകൂടി കാവാലം സെന്റ് തോമസ് ആശ്രമത്തിൽ കൂടി. അതിരൂപതാ സെക്രട്ടറി എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് സ്വാഗതം ആശംസിച്ചു. SFO അതിരൂപതാ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജോമോൻ ആശാംപറമ്പിൽ OFm. Cap അനുഗ്രഹസന്ദേശം നൽകി. തുടർന്ന് സെക്രട്ടറി കഴിഞ്ഞ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. പിന്നീട് തുടർപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി. 2017 ആഗസ്റ്റ് 15-ാം തീയതി നടത്തുന്ന ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരളാ ക്വിസ് മത്സരം, വി. ഫ്രാൻസിസ് അസ്സീസിയുടെ ഭ്രാതൃത്വതല നൊവേന-തിരുനാൾ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ 1868-ൽ മൂന്നാം സഭയുടെ സഭാവസ്ത്രവും - ചരടും (ഹങ്കാർക്കാ) സ്വീകരിച്ച് SFO സ്ഥാപിച്ചതിന്റെ 150-ാം വാർഷികത്തിന് SFO ശതോത്തര സുവർണ്ണജൂബിലി എന്നു പേരിടാനും അതിന്റെ ആഘോഷങ്ങളുടെ ആരംഭം 2017 ലെ SFO അതിരൂപതാ വാർഷികത്തോടൊപ്പം കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ ഒക്ടോബർ 18-ാം തീയതി നടത്തുവാനും, റീജണൽ സെമിനാറുകൾ നടത്തുവാനും, SFO ശതോത്തര സുവർണ്ണജൂബിലി സ്മാരകമായി ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ചിത്രം കളർ കലണ്ടർ; പ്രാർത്ഥനാ കാർഡ്, SFO യുടെ എല്ലാ ഭ്രാതൃത്വങ്ങളിലും ജൂബിലി ബാനറുകൾ എന്നിവ പ്രിന്റു ചെയ്ത് ഇറക്കുവാനും തീരുമാനിച്ചു. തുടർന്ന് ചായസൽക്കാരത്തിനുശേഷം സമാപന പ്രാർത്ഥനയോടെ യോഗം 5.30-ന് സമാപിച്ചു.

## ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരളാ ക്വിസ്സ് മത്സരം

SFO ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ 2017 ആഗസ്റ്റ് 15-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിന്റെ സോഷ്യൽ സെന്ററിൽ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ സ്മാരക അഖിലകേരള ക്വിസ്സ് മത്സരം നടത്തുന്നു.

വിഷയങ്ങൾ- വി. മത്തായിയുടെ സുവിശേഷം 1 മുതൽ 9 വരെ അദ്ധ്യായങ്ങൾ, സുഭാഷിതങ്ങൾ 21 മുതൽ 31 വരെ അദ്ധ്യായങ്ങൾ, വെളിപാട് 4 മുതൽ 9 വരെ അദ്ധ്യായങ്ങൾ. 50% മാർക്ക്, വി. ഫ്രാൻസിസ് അസ്സീസിയുടെ ജീവചരിത്രം (ഫാ. ലിയോ കീപ്രത്ത് എഴുതിയ പുസ്തകത്തിൽനിന്ന്) 20 മുതൽ 40 വരെ അദ്ധ്യായങ്ങൾ, 35% മാർക്ക്, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ജീവചരിത്രം "സുവിശേഷഭാഗ്യങ്ങളുടെ മനുഷ്യൻ" (പ്രൊഫ. ജെയിംസ് സെബാസ്റ്റ്യൻ എഴുതിയത്) എന്ന പുസ്തകത്തിൽനിന്ന് മുഴുവൻ അദ്ധ്യായങ്ങൾ 15% മാർക്ക്, എന്നിവയിൽ നിന്നുമായിരിക്കും ചോദ്യങ്ങൾ. മത്സരവിജയികൾക്ക് ഒന്നാംസമ്മാനം 5000 രൂപയും എവർറോളിംഗ് ട്രോഫിയും, രണ്ടാം സമ്മാനം 3000 രൂപയും എവർറോളിംഗ് ട്രോഫിയും, മൂന്നാം സമ്മാനം 2000 രൂപയും പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹന സമ്മാനവും നൽകുന്നു. ഒരു ഭ്രാതൃത്വത്തിൽനിന്നും രണ്ടുപേരടങ്ങുന്ന 2 ടീമുകൾക്കുവരെ മത്സരത്തിൽ പങ്കെടുക്കാം. ചങ്ങനാശേരി അതിരൂപതയിലേയും, മറ്റു രൂപതയിലെയും SFO അംഗങ്ങൾക്കു മാത്രമേ പങ്കെടുക്കുവാൻ പാടുള്ളു. രജിസ്ട്രേഷൻ ഫീസ് 50 രൂപാ മാത്രം, 2017 ആഗസ്റ്റ് 10-ാം തീയതി വൈകുന്നേരം 5 മണിവരെ രജിസ്ട്രേഷൻ സ്വീകരിക്കുകയുള്ളൂ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ടീമുകൾ ഈ ഫോൺനമ്പരുകളിൽ ബന്ധപ്പെടുക. ഫാ. ജോമോൻ ആശാംപറമ്പിൽ OFm. Cap. 9947997828, ബ്ര. സിബിച്ചൻ സ്രാങ്കൻ-9447322927, എൽസമ്മ സെബാസ്റ്റ്യൻ മരങ്ങാട്ട് - 0481-2473222, 9400944733; ക്വിസ് മാസ്റ്ററുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും. ടീമുകൾ അന്നേദിവസം 1.30 മണിക്ക് ഹാളിൽ റിപ്പോർട്ട് ചെയ്യണം. മത്സര സഹായ പഠനഗ്രന്ഥങ്ങൾ വാഴപ്പള്ളി ഗെത്സെമനി ആശ്രമത്തിൽ ലഭ്യമാണ്.

നമ്മുടെ ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും, പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളിന്റെയും, വി. ക്ലാര പുണ്യവതിയുടെ (ആഗസ്റ്റ് 11) തിരുനാളിന്റെയും മംഗളങ്ങൾ ഒരിക്കൽകൂടി ആശംസിച്ചുകൊണ്ട്.

സ്നേഹത്തോടെ,

**ബ്ര. സിബിച്ചൻ സ്രാങ്കൻ**
SFO അതിരൂപതാ പ്രസിഡന്റ്

**ഫാ. ജോമോൻ ആശാംപറമ്പിൽ OFM.Cap.**
SFO അതിരൂപതാ Spiritual Assistant

## ലീജിയൻ ഓഫ് മേരി ചങ്ങനാശ്ശേരി കമ്മീസിയം

ലീജിയൻ ഓഫ് മേരി ചങ്ങനാശേരി കമ്മീസിയത്തിന്റെ ജൂലൈ മാസ മീറ്റിംഗ് 09-07-2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാറേൽ ലീജിയൻ ഹാളിൽ പ്രസിഡന്റ് ബ്ര. തോമസ് ഫിലിപ്പ് പാലാത്രയുടെ അദ്ധ്യക്ഷതയിൽ നടന്നു. 44 പേർ സന്നിഹിതരായിരുന്നു.

പ്രാരംഭപ്രാർത്ഥന ജപമാല എന്നിവയ്ക്കുശേഷം പ്രസിഡന്റ് ജ്ഞാനവായന നിയമഗ്രന്ഥം ചാപ്റ്റർ 18; പ്രസിദീയം മീറ്റിംഗിന്റെ ക്രമം എന്ന ഭാഗം വായിച്ചു: എല്ലാ ലീജിയൻ മീറ്റിംഗുകളുടെയും രംഗസംവിധാനത്തിന് ഐക്യരൂപം ഉണ്ടായിരിക്കണം എന്നതായിരുന്നു മുഖ്യസാരം.

പാറേപ്പള്ളി കമ്മീസിയവും ആയിട്ട് ബന്ധപ്പെട്ടിട്ടുള്ള 25 പ്രസിദീയങ്ങളിൽ 24 പ്രസിദീയങ്ങളെ പ്രതിനിധീകരിച്ച് വന്നിരുന്ന ഭാരവാഹികളുടെയും സ്പിരിച്ച്വൽ ഡയറക്ടർ റവ. ഫാ. ജോജോ പുതുവേലിലിനെയും പുതിയതായി ചാർജ്ജെടുത്ത ഭാരവാഹികളെയും വൈസ് പ്രസിഡന്റ് വത്സമ്മ കൂട്ടുമ്മേൽ മാതാവിന്റെ നാമത്തിൽ സ്വാഗതം ചെയ്തു.

ഖജാൻജി എത്സമ്മ കോട്ടപ്പുറം ജൂൺ മാസത്തെ കണക്കുകൾ അവതരിപ്പിച്ചു. യോഗം പാസ്സാക്കി. തുടർന്ന് സെക്രട്ടറി ജെമിനി കണ്ണമ്പള്ളി റിപ്പോർട്ട് വായിച്ചു; യോഗം പാസ്സാക്കി പ്രസിഡന്റ് അതിൽ ഒപ്പുവെച്ചു. പിന്നീട് സൈനികജപശൃംഖല ചൊല്ലി എല്ലാവരും സ്വസ്ഥാനങ്ങളിൽ ഇരുന്നശേഷം നേരത്തെ നിർദ്ദേശിച്ചിരുന്ന പ്രകാരം ഉഷകാല നക്ഷത്രം വെരൂർ, അമലോത്ഭവനാഥ കുറുമ്പനാടം എന്നീ പ്രസിദിയങ്ങൾ റിപ്പോർട്ട് സമർപ്പിച്ചു.

തുടർന്ന് റവ. ഫാ. ജോജോ പുതുവേലിൽ ആത്മീയ പ്രഭാഷണം നടത്തി. മരിയൻ സൈനികർ എങ്ങനെ ഇടവകയിലും രൂപതയിലും വർത്തിക്കണം എന്നതിനെക്കുറിച്ച് സ്പിരിച്ച്വൽ ഡയറക്ടർ എന്ന നിലയ്ക്ക് അദ്ദേഹം വളരെ ശക്തമായി സംസാരിച്ചു. അച്ചന്റെ അറിവും ആത്മീയതയും ലിജീയന് ഒരു മുതൽക്കൂട്ടാണ്. അച്ചൻ മുമ്പോട്ടുവച്ച പുതിയ ആശയങ്ങൾ സൈനികർ ഏക മനസ്സോടെ അംഗീകരിച്ചു. ലീജിയൻ ഓഫ് മേരി നിന്നുപോകാതെ പ്രാർത്ഥനയുടെ ഈ ഭക്തയൂണിയൻ അടുത്ത തലമുറയ്ക്ക് മനസ്സിലാക്കികൊടുക്കുവാൻ സൈനികർ എല്ലാവരും കടപ്പെട്ടിരിക്കണം എന്ന് അച്ചന്റെ പ്രഭാഷണത്തിൽ വളരെ വ്യക്തമായിരുന്നു.

ലീജിയന്റെ ആഭിമുഖ്യത്തിൽ ഇടവകകളിൽ പ്രാർത്ഥനയും മറ്റും നടത്തണം. അടുത്ത ആഗസ്റ്റ് 6 ന് ഞായറാഴ്ച 1.30 ന് സൈനികർക്ക് പാറേൽ ലീജിയൻ ഹാളിൽ ധ്യാനം ഉണ്ടായിരിക്കുന്നതാണെന്നും അതിനുശേഷം ഭാരവാഹികളുടെ പതിവു മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണെന്നും റവ. ഫാ. ജോജോയും ഭാരവാഹികളും ഒരുമിച്ചെടുത്ത തീരുമാനത്തെ പ്രസിഡന്റ് യോഗത്തെ അറിയിച്ചു.

തുടർന്ന് ചെറിയൊരു ചായ സൽക്കാരത്തിനുശേഷം സമാപന പ്രാർത്ഥനയും ഫ്രാങ്ക്ഡഫിനെ വിശുദ്ധനെന്നു നാമകരണം ചെയ്യുവാനുള്ള പ്രാർത്ഥനയും ചൊല്ലി ബഹുമാനപ്പെട്ട അച്ചന്റെ ആശീർവാദത്തോടുകൂടി പരസ്പരം സ്തുതിയും കൊടുത്ത് സൈനികർ സ്വഭവനങ്ങളിലേക്കു പോയി.

**റവ. ഫാ. ജോജോ പുതുവേലിൽ** — ആദ്ധ്യാത്മിക നിയന്താവ്

**സി. ജെമിനി സുരേഷ് ജെ.** — പാലാത്ര

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതനും സുവിശേഷോപദേശങ്ങളും

**(തിരുവചനഭാഗം: മർക്കോ 10,1-52)**

ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ട് യൂദയായിലേക്കു പോയ ഈശോയുടെ യാത്രയാണ് ഈ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം. തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നു പ്രവചനങ്ങളും ഈ യാത്രയിലാണ് ഈശോ നടത്തുന്നത്. യാത്രയുടെ അന്ത്യഘട്ടമാണ് മർക്കോസ് 10-ാം അദ്ധ്യായം അവതരിപ്പിക്കുന്നത്. പതിനൊന്നാമദ്ധ്യായത്തിൽ ഈശോയുടെ ജറുസലേം പ്രവേശനമാണ് വിവരിക്കുന്നത്. ഈ അദ്ധ്യായത്തിൽ ഈശോയുടെ പീഡാനുഭവത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനവും അവസാനം ബർതിമേയൂസിന് കാഴ്ച നല്കുന്ന അത്ഭുതവും പ്രതീകാത്മകമായി പ്രാധാന്യമർഹിക്കുന്നവയാണ്. തന്റെ പീഡാനുഭവത്തോടനുബന്ധിച്ചാണ് ശിഷ്യത്വത്തെക്കുറിച്ചുള്ള തന്റെ പ്രബോധനം ഈശോ ശിഷ്യർക്കു നല്കുന്നത്. കുരുടനായിരുന്ന ബർതിമേയൂസിന് "കാഴ്ച ലഭിച്ചു. അവൻ ഈശോയെ അനുഗമിച്ചു" (10,52) എന്നു പറഞ്ഞ് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നത് വളരെ അർത്ഥവത്താണ്. ശിഷ്യത്വത്തെക്കുറിച്ചുള്ള ഈശോയുടെ പ്രബോധനം അതിന്റെ തനിമയിൽ മനസ്സിലാക്കി നാം ഈശോയെ അനുഗമിക്കണം എന്ന് അതു സൂചിപ്പിക്കുന്നുണ്ട്.

വിവാഹത്തെ സംബന്ധിച്ചുള്ള പ്രബോധനം (10,1-12), ശിശുക്കളെപ്പോലെയാകുക (10,13-16), ധനികനായ മനുഷ്യൻ (10,17-31), പീഡാനുഭവം മൂന്നാം പ്രവചനവും ശുശ്രൂഷയെക്കുറിച്ചുള്ള പ്രബോധനവും (1,32-45), ബർതിമേയൂസിനു കാഴ്ച (10,46-52) എന്നിങ്ങനെ അഞ്ചു ഭാഗങ്ങളായി ഈ വചനഭാഗത്തെ തിരിക്കാം. ശിഷ്യത്വം പുരോഹിതന്റെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനമാണ്; ശ്ലൈഹിക പൗരോഹിത്യശുശ്രൂഷയുടെ അവശ്യവ്യവസ്ഥയും. പൗരോഹിത്യജീവിതത്തിൽ സുവിശേഷോപദേശങ്ങൾക്കുള്ള പ്രസക്തി ആദ്യത്തെ മൂന്നു ഭാഗങ്ങൾ വ്യക്തമാക്കുമ്പോൾ, തുടർന്നുള്ള രണ്ടു ഭാഗങ്ങൾ പൗരോഹിത്യശുശ്രൂഷയുടെ സ്വഭാവം വ്യക്തമാക്കുന്നു.

### 1. പുരോഹിതനും ബ്രഹ്മചര്യവും

*"എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊ*

*രിക്കലും അവർ രണ്ടല്ല, ഒറ്റ ശരീരമായിരിക്കും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ" (10,6-9).*

വിവാഹത്തെ സംബന്ധിച്ചുള്ള ഈശോയുടെ പ്രബോധനമാണ് ഇവിടെ നല്കപ്പെടുന്നത്. വിവാഹമോചനം നിയമാനുസൃതമാണെന്ന് ഫരിസേയർ വിശ്വസിച്ചിരുന്നു. നിയ 24,1-4 ആയിരുന്നു ഈ വിശ്വാസത്തിന് ആധാരം. എന്നാൽ ഭാര്യയിൽ അസ്വീകാര്യമായതെന്തെങ്കിലും കണ്ടാൽ ഭർത്താവ് അവൾക്ക് ഉപേക്ഷാപത്രം കൊടുത്തു പറഞ്ഞുവിടുന്നതിനെക്കുറിച്ചാണ് അവിടെ പ്രതിപാദിക്കുന്നത്. വിവാഹമോചനം നേടാൻ പര്യാപ്തമായ കാരണങ്ങളെന്തൊക്കെയാണെന്ന് പ്രസ്തുതഭാഗം വ്യക്തമാക്കുന്നില്ല. അതുകൊണ്ട് അവയെക്കുറിച്ച് ഫരിസേയരുടെയിടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് അവർ ഈശോയോട് ഈ ചോദ്യം ഉന്നയിക്കുന്നത്. അവരുടെ വാദപ്രതിവാദങ്ങളിൽ ഇടപെടാതെ ദൈവവചനത്തെമാത്രം ആധാരമാക്കിയാണ് ഈശോ സംസാരിച്ചത്. സൃഷ്ടിയുടെ പുസ്തകത്തിലെ വിവാഹത്തെക്കുറിച്ചുള്ള വീക്ഷണമാണ് ഈശോ ഉദ്ധരിക്കുന്നത് (ഉല്പ 1,27; 2,24). ദൈവത്തിന്റെ പദ്ധതിയിൽ പുരുഷനും സ്ത്രീയും തമ്മിൽ ഏകശരീരമായിത്തീരുന്ന സ്നേഹത്തിന്റെ അനന്യമായ ഒരു ബന്ധമാണ് വിവാഹത്തിലൂടെ സൃഷ്ടിക്കപ്പെടുന്നത്. ഇതു വെറും മാനുഷികമായ സ്നേഹത്തിന്റെ ബന്ധമല്ല, പ്രത്യുത ദൈവികമായ സ്നേഹബന്ധമാണ്. മാറ്റം വരാത്ത സ്നേഹബന്ധം.

വി. മത്തായിയുടെ സുവിശേഷത്തിൽ ഇതിന്റെ സൂചനയുണ്ട്. "ഭാര്യാഭർതൃബന്ധം ഇത്തരത്തിലുള്ളതെങ്കിൽ, വിവാഹം ചെയ്യാതിരിക്കുന്നതാണല്ലോ ഭേദം" എന്ന് ശിഷ്യർ പറഞ്ഞപ്പോൾ, "കൃപ ലഭിച്ചവരല്ലാതെ മറ്റാരും ഈ ഉപദേശം ഗ്രഹിക്കുന്നില്ല" എന്ന് ഈശോ പ്രത്യുത്തരിച്ചു (മത്താ 19,10-11). ഇത് ദൈവത്തിന്റെ കൃപയോടുകൂടി മാത്രം മനുഷ്യർക്കു ജീവിക്കുവാൻ സാധിക്കുന്ന ദൈവികസ്നേഹമാണ്. ഗ്രീക്കുഭാഷയിൽ ഈ സ്നേഹത്തിന് 'അഗാപ്പേ' എന്നാണ് പറയുക. ഈ ദൈവികസ്നേഹത്തിലേയ്ക്കാണ് ശിഷ്യരെല്ലാം വിളിക്കപ്പെട്ടിരിക്കുന്നത്. വിവാഹജീവിതത്തിന്റെ പരിമിതികളില്ലാതെ ഈ സ്നേഹം ജീവിക്കുവാനുള്ള വിളിയാണ് ബ്രഹ്മചര്യത്തിലേക്കുള്ള വിളി. "സ്വർഗരാജ്യത്തെപ്രതി തങ്ങളെത്തന്നെ ഷണ്ഡരാക്കുന്നവരുടെ" വിളിയാണത് (മത്താ 19,11). ബ്രഹ്മചര്യജീവിതം സ്നേഹത്തിന്റെ ജീവിതമാണ്. "ദൈവസ്നേഹം മാത്രം മതി; അതു ധാരാളം മതി" എന്ന നിലപാടു സ്വീകരിച്ചുകൊണ്ട്, ഹൃദയത്തിന്റെ സന്ന്യാസം ജീവിക്കുവാനുള്ള വിളിയാണത്; പരിമിതികൾ കൂടാതെ എല്ലാവർക്കും സ്നേഹശുശ്രൂഷ ചെയ്യുവാൻ വിളിക്കപ്പെട്ട പുരോഹിതർക്ക് ഇതു തികച്ചും യോജ്യമാണെന്ന് മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണ് പാശ്ചാത്യസഭയിലും പിന്നീട് കത്തോലിക്കാസഭാകൂട്ടായ്മയിലുള്ള ചില പൗരസ്ത്യസഭകളിലും ബ്രഹ്മചര്യം പുരോഹിതശൈലിയായി സ്വീകരിക്കപ്പെട്ടത്. അതുകൊണ്ട് ശിഷ്യത്വം തീവ്രതയിൽ ജീവിക്കുവാൻ ബ്രഹ്മചര്യം പുരോഹിതർക്ക് സഹായകമാണ്.

2. **പുരോഹിതനും അനുസരണവും**

*"ഇതു കണ്ടപ്പോൾ ഈശോ കോപിച്ച് അവരോടു പറഞ്ഞു: ശിശുക്കൾ എന്റെയടുത്തു വരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരെപ്പോലുള്ളവരുടേതാണ്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കാത്ത ആരും അതിൽ പ്രവേശിക്കുകയില്ല"* (10,14-15).

"ഈശോ തൊട്ട് അനുഗ്രഹിക്കുന്നതിനുവേണ്ടി ശിശുക്കളെ അവന്റെ അടുക്കൽ അവർ കൊണ്ടുവന്നു. ശിഷ്യന്മാരാകട്ടെ അവരെ ശകാരിച്ചു" (10,13) എന്നു പറഞ്ഞുകൊണ്ടാണ് ഈ സുവിശേഷഭാഗം ആരംഭിക്കുന്നത്. അവരുടെ തലയിൽ കൈവച്ച് ഈശോ അനുഗ്രഹിക്കണമെന്നതാകാം അവരെ കൊണ്ടുവന്നവർ ആഗ്രഹിച്ചത്. കുഞ്ഞുങ്ങളുമായി സമയം പങ്കിടുന്നവർ സമയം പാഴാക്കുന്നുവെന്നാണ് യഹൂദ റബ്ബിമാർ പൊതുവെ കരുതിയിരുന്നത്. ശിശുക്കൾക്കുവേണ്ടി സമയം കളയുന്നത് ഈശോയെപ്പോലൊരു റബ്ബിക്കു ചേർന്നതല്ലെന്ന് ശിഷ്യർ വിചാരിച്ചിട്ടുണ്ടാകും. അതുകൊണ്ടായിരിക്കാം ശിഷ്യന്മാർ അവരെ ശകാരിച്ചത്. ഇതുകണ്ടപ്പോൾ ഈശോ കോപിച്ചതായിട്ടാണ് സുവിശേഷകൻ പറയുന്നത്. ഈശോയുടെ സ്നേഹം ദൈവത്തിന്റെ സ്നേഹമാണ്. അത് ആരെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് എന്നുള്ള വസ്തുത ഇവിടെ എടുത്തുകാണിക്കുകയാണ് സുവിശേഷകൻ. അതോടൊപ്പം ദൈവരാജ്യത്തെക്കുറിച്ചും, എങ്ങനെയുള്ള വ്യക്തികളാണ് അതിൽ പ്രവേശിക്കുന്നതെന്നും പഠിപ്പിക്കുവാനുള്ള അവസരമായി ഈശോ ഈ സന്ദർഭം പ്രയോജനപ്പെടുത്തുന്നു.

ശിശുവിനെപ്പോലെ ദൈവരാജ്യം സ്വീകരിക്കുന്നവർ മാത്രമേ ദൈവരാജ്യത്തിൽ പ്രവേശിക്കുകയുള്ളു എന്നാണ് ഈശോ പഠിപ്പിക്കുന്നത്. ശിശുവിന്റെ ഏതെങ്കിലും സവിശേഷത എന്നതിനെക്കാൾ ശിശുവിന്റെ മനോഭാവമാണ് ഇവിടെ പ്രസക്തമായിട്ടുള്ളത്. ശിശുവിന്റെ പ്രത്യേകത നിസ്സാരതയും നിസ്സഹായതയും ആശ്രയത്വവുമാണ്. സ്ഥാനത്തിനും അധികാരത്തിനുമുള്ള വ്യഗ്രതയില്ലാതെ ചെറുതാകുവാൻ തയ്യാറാകുന്ന അനുസരണാമനോഭാവമാണ് ദൈവരാജ്യത്തിന്റെ സുവിശേഷത്തിന്റെ മുമ്പിൽ നമുക്കുണ്ടാകേണ്ടത്. ദൈവരാജ്യത്തിന്റെ സുവിശേഷപ്രഘോഷകനായ പുരോഹിതനിൽ അവശ്യം ഉണ്ടായിരിക്കേണ്ട മനോഭാവമാണ് അനുസരണത്തിന്റേത്. മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെയാകാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലെന്നാണ് ഈശോ പറയുന്നത് (മത്താ 18,3). മാനസാന്തരം എന്നു പറയുന്നത് ദൈവസ്നേഹത്തിലേക്കുള്ള നിർണായകമായ തിരിവാണ്. സ്നേഹത്തിന്റെ അവശ്യഭാവമാണ് അനുസരണം. പരിശുദ്ധ ത്രിത്വത്തിലും ഭാര്യാഭർതൃബന്ധത്തിലും ആ അവശ്യഭാവം നമുക്കു കാണാം. പുരോഹിതശുശ്രൂഷയിലും കൂട്ടായ്മയിലും സ്നേഹത്തിന്റെ ഈ അവശ്യഭാവം അനുപേക്ഷണീയമാണ്.

### 3. പുരോഹിതനും ദാരിദ്ര്യവും

*"ഈശോ സ്നേഹപൂർവം അവനെ കടാക്ഷിച്ചുകൊണ്ടു പറഞ്ഞു: നിനക്ക് ഒരു കുറവുണ്ട്. പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക"* (10,21).

ദൈവരാജ്യം പ്രവൃത്തികൾവഴി നാം നേടിയെടുക്കേണ്ട ഒന്നല്ല, ഒരു ശിശുവിനെപ്പോലെ അവകാശവാദങ്ങളൊന്നുമില്ലാതെ സ്വീകരിക്കേണ്ട സമ്മാനമാണെന്ന് ഈശോ പറഞ്ഞുകഴിഞ്ഞ ഉടനെതന്നെ, അതിനു കടകവിരുദ്ധമായ മനോഭാവവുമായി ഒരാൾ ഈശോയെ സമീപിച്ചു ചോദിക്കുന്നു: "നല്ലവനായ ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" (10,17). കുറെ സത്പ്രവൃത്തികൾകൊണ്ട് ദൈവരാജ്യം അവകാശമാക്കാം എന്ന താൻപോരിമാഭാവമാണ് അവനിൽ കാണുന്നത്. യഹൂദരുടെയിടയിൽ പൊതുവെ ആദ്ധ്യാത്മികതയെക്കുറിച്ചുണ്ടായിരുന്ന ഒരു ധാരണയാണ് ഈ ചോദ്യവുമായി ഈശോയെ സമീപിക്കാൻ അവനെ പ്രേരിപ്പിച്ചത്. സത്പ്രവൃത്തികൾ ചെയ്ത് നിത്യജീവൻ കരസ്ഥമാക്കാം എന്ന ധാരണയാണ് അവരുടെയിടയിൽ ഉണ്ടായിരുന്നത്. ഇതിനെ 'കച്ചവട ആദ്ധ്യാത്മികത' എന്നു വിശേഷിപ്പിക്കാം. പലപ്പോഴും ആദ്ധ്യാത്മിതയുടെ ഈ സ്വഭാവം ക്രിസ്ത്യാനികളുടെയിടയിലും കാണാറുണ്ട്. ഈ ആദ്ധ്യാത്മികതയ്ക്കുള്ള ഒരു തിരുത്തലാണ് ഈശോയുടെ പ്രതികരണം: "എന്തുകൊണ്ടാണ് നീ എന്നെ നല്ലവൻ എന്നു വിളിക്കുന്നത്? ദൈവം ഒരുവനല്ലാതെ നല്ലവനായി ആരും ഇല്ല" (10,18). എല്ലാ നന്മകളും ദൈവം നല്കിയവ മാത്രമാണെന്ന് നാം അംഗീകരിക്കണം. നമുക്കു ദൈവത്തിനു നല്കാൻ സ്വന്തമായി ഒന്നുമില്ല. നമുക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തയ്യാറാകണം. ദാരിദ്ര്യചൈതന്യം ഉണ്ടാവണമെങ്കിൽ ആദ്യമായി നമുക്കുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെന്നു നാം അംഗീകരിക്കണം.

ഇതേത്തുടർന്ന് നിത്യജീവൻ അവകാശമാക്കാൻ പ്രമാണങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഈശോ അയാളോടു പറയുന്നത്. ഇവിടെ പറയുന്ന പ്രമാണങ്ങളെല്ലാം മനുഷ്യബന്ധങ്ങളെ സ്പർശിക്കുന്ന പ്രമാണങ്ങളാണെന്നത് പ്രത്യേകം ശ്രദ്ധിക്കണം. ശിഷ്യത്വത്തിന്റെ ആദ്ധ്യാത്മികത അവശ്യം മനുഷ്യബന്ധ കേന്ദ്രീകൃതമാണെന്ന് ഈശോ ഇവിടെ വ്യക്തമാക്കുന്നു. ചെറുപ്പംമുതൽ താൻ ഇവയെല്ലാം പാലിക്കുന്നുണ്ട് എന്ന് അവൻ പറഞ്ഞപ്പോൾ ഈശോ സ്നേഹപൂർവം അവനെ കടാക്ഷിച്ച് ശിഷ്യത്വത്തിനു സഹജമായ പരിപൂർണതയിലേക്ക് അവനെ വിളിക്കുന്നു. "നീ പൂർണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ" എന്ന് മത്തായിസുവിശേഷകൻ ഇവിടെ കൂട്ടിച്ചേർക്കുന്നുണ്ട് (മത്താ 19,21). സ്വന്തമായുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുവാൻ തയ്യാറാകുന്ന ദാരിദ്ര്യചൈതന്യമുണ്ടെങ്കിലേ ശിഷ്യത്വസഹജമായ പൂർണത കൈവരിക്കാനാവൂ എന്ന് ഈശോ ഇവിടെ വ്യക്തമാക്കുകയാണ്. ദാരിദ്ര്യചൈതന്യം ജീവിക്കാനുള്ള പ്രയാസം ശിഷ്യത്വത്തിലേക്കുള്ള വിളി സ്വീകരിക്കുന്നതിൽ

നിന്നും അയാളെ പിന്തിരിപ്പിക്കുന്നു (10,22). പുരോഹിതജീവിതത്തിലും ദാരിദ്ര്യചൈതന്യത്തിന് വലിയ പ്രസക്തിയുണ്ട്. ലളിതജീവിതം നയിക്കുവാനും അജപാലനസ്നേഹം അതിന്റെ പൂർണതയിൽ പ്രാവർത്തികമാക്കുവാനും സാധിക്കണമെങ്കിൽ പുരോഹിതൻ തനിക്കുള്ളതെല്ലാം ത്യജിച്ച് സ്നേഹിക്കുവാൻ തയ്യാറാകുന്ന ദാരിദ്ര്യചൈതന്യമുള്ളവരാകണം.

### 4. പുരോഹിതനും സഹനശുശ്രൂഷാജീവിതവും

*"ഈശോ അവരെ അടുത്തുവിളിച്ചു പറഞ്ഞു: വിജാതീയരുടെ ഭരണകർത്താക്കൾ അവരുടെമേൽ യജമാനത്വം പുലർത്തുന്നുവെന്നും അവരുടെ പ്രമാണികൾ അവരുടെമേൽ അധികാരം പ്രയോഗിക്കുന്നുവെന്നും നിങ്ങൾക്കറിയാമല്ലോ. എന്നാൽ, നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്. നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷകനായിരിക്കണം. നിങ്ങളിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ദാസനുമായിരിക്കണം"* (10,42 -44).

തന്റെ പീഡാനുഭവത്തെയും മരണത്തെയുംകുറിച്ച് ഈശോ നടത്തുന്ന അവസാനത്തെ പ്രവചനവും (10,32-34) അതേത്തുടർന്ന് ശുശ്രൂഷയെക്കുറിച്ചുള്ള അവിടുത്തെ പ്രബോധനവും (10,35-45) ആണ് ഈ സുവിശേഷഭാഗം അവതരിപ്പിക്കുന്നത്. ഈശോ തന്റെ പീഡാനുഭവത്തെപ്പറ്റി ആദ്യമായി അറിയിച്ചപ്പോൾ ശിഷ്യന്മാർ രൂക്ഷമായി പ്രതികരിച്ചു (8,32). രണ്ടാം തവണ ഈശോ പ്രവചിച്ചപ്പോൾ ശിഷ്യർക്കു മനസ്സിലായില്ലെങ്കിലും വിശദീകരണം ചോദിക്കാൻ അവർ ഭയപ്പെട്ടു (9,32). മൂന്നാം പ്രാവശ്യത്തെ പ്രവചനത്തിനുശേഷം സെബദീപുത്രന്മാർ നടത്തുന്ന അഭ്യർത്ഥന, ശിഷ്യർക്ക് ഈശോ പറഞ്ഞതിന്റെ അർത്ഥം ശരിക്കു മനസ്സിലായില്ല എന്നു വ്യക്തമാക്കുന്നു. തന്റെ പീഡാനുഭവവും മരണവും സൃഷ്ടിക്കാവുന്ന പ്രതിസന്ധി നേരിടുവാൻ ശിഷ്യന്മാരെ തയ്യാറാക്കുവാൻ ഈശോ ശ്രമിക്കുമ്പോൾ, ശിഷ്യന്മാർ ഈശോ പറയുന്നതു ശ്രദ്ധിക്കുകയോ അതിന്റെ അർത്ഥമെന്തെന്നു ഗ്രഹിക്കുവാൻ കൂട്ടാക്കുകയോ ചെയ്യാതെ തങ്ങൾക്ക് എന്തു ലാഭമുണ്ടാക്കാമെന്ന ചിന്തയിൽ മുഴുകിയിരിക്കുന്നു. താൻ കുടിക്കുന്ന പാനപാത്രം കുടിക്കാനും താൻ സ്വീകരിക്കുന്ന സ്നാനം സ്വീകരിക്കുവാനും അവർക്കു കഴിയണമെന്ന് ഈശോ അവരെ ഉത്ബോധിപ്പിക്കുന്നു (10,38-39). സ്വാർത്ഥപരമായ മോഹങ്ങൾ പരിത്യജിച്ച് തന്റെ ഭാഗധേയത്വത്തിൽ പൂർണമായി പങ്കുചേരുവാൻ അവർ തയ്യാറായാൽ മാത്രമേ തന്റെ ശിഷ്യത്വം സ്വന്തമാക്കുവാൻ കഴിയൂ എന്ന് ഈശോ അവരെ ബോദ്ധ്യപ്പെടുത്തുകയാണ്. പുരോഹിതജീവിതം അവശ്യം ഈശോയുടെ സഹനജീവിതത്തിൽ പങ്കുചേരുന്നതാവണം.

ഈ സന്ദർഭത്തിൽ അധികാരശുശ്രൂഷയെക്കുറിച്ച് വ്യക്തമായ ഒരു പ്രബോധനവും ഈശോ നല്കുകയാണ്. വിജാതീയരുടെ ഭരണകർത്താക്കളുടെ പ്രവർത്തനശൈലി സഭയിലെ അജപാലനശുശ്രൂഷയിൽ ഉണ്ടാകരുത് എന്ന് ഈശോ ഉത്ബോധിപ്പിക്കുന്നു: "നിങ്ങളുടെയിടയിൽ അങ്ങനെയാകരുത്" (10,43).

പൊതുസമൂഹത്തിലെ ഭരണാധികാരികളുടെ പ്രവർത്തനശൈലിയെക്കുറിക്കാൻ ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ 'കത്തകീരിയേയൊ'യും 'കത്തെക്സൂസിയാസ്സോ'യുമാണ്. ആദ്യത്തേത് 'യജമാനത്വം പുലർത്തുക' എന്നും രണ്ടാമത്തേത് 'അധികാരം പ്രയോഗിക്കുക' എന്നുമാണ് വിവർത്തനം ചെയ്യുക. 'യജമാനത്വം പുലർത്തുക' എന്നുവച്ചാൽ അധീനരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കാതെ ഭരിക്കുക എന്നതാണ്. 'അധികാരം പ്രയോഗിക്കുക' എന്നതിന്റെ അർത്ഥം സ്വാർത്ഥപരമായ ലക്ഷ്യങ്ങൾ മുൻനിർത്തി അധികാരം പ്രയോഗിക്കുക എന്നതാണ്. ഇവ രണ്ടും സഭയുടെ അജപാലനാധികാരത്തിൽ വർജ്ജ്യമാണ്. സഭയിൽ പ്രാവർത്തികമാകേണ്ട അധികാരശുശ്രൂഷയ്ക്ക് ഉപയോഗിക്കുന്ന രണ്ടു പദങ്ങൾ 'ദിയാക്കൊനോസ്' (ശുശ്രൂഷകൻ), 'ദൂളോസ്' (ദാസൻ) എന്നിവയാണ്. മേശയിൽ ശുശ്രൂഷ ചെയ്യുന്നവനെപ്പോലെ സ്നേഹത്തോടും ജാഗ്രതയോടുംകൂടെവേണം സഭയിൽ ശുശ്രൂഷ നിർവഹിക്കാൻ. അതുപോലെ തന്നെ, സ്വന്തമായ താല്പര്യങ്ങളെല്ലാം മാറ്റിവച്ച് തികച്ചും നിസ്വാർത്ഥമായി വേണം സഭാശുശ്രൂഷ ചെയ്യുവാൻ. ഇതിനു മാതൃകയായി ഈശോ തന്റെ ബലിജീവിതംതന്നെ എടുത്തുകാണിക്കുന്നു. പുരോഹിതന്റെ അജപാലനശുശ്രൂഷ നിസ്വാർത്ഥവും സ്നേഹപൂർണവുമായിരിക്കണമെന്ന് ഇതു വ്യക്തമാക്കുന്നു.

### 5. **പുരോഹിതൻ: വഴിയേ അനുഗമിക്കുന്നവൻ**

"*ഈശോ പറഞ്ഞു: നീ പൊയ്ക്കൊള്ളുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. തത്ക്ഷണം അവനു കാഴ്ച ലഭിച്ചു. അവൻ ഈശോയെ അനുഗമിച്ചു*" (10,52).

ബർതിമേയൂസിനു കാഴ്ച നല്കുന്ന ഈ സംഭവം ഈശോയുടെ പരസ്യജീവിതശുശ്രൂഷയുടെ പരിസമാപ്തിയാണ്. വി. മർക്കോസിന്റെ വിവരണമനുസരിച്ച് ഈശോ നല്കുന്ന അവസാനത്തെ അത്ഭുത രോഗശാന്തിയുമാണിത്. ശിഷ്യത്വത്തെക്കുറിച്ചു പഠിപ്പിച്ചുകൊണ്ട് ഈശോ ജറുസലേമിലേക്കു നടത്തിയ യാത്ര ഈ അത്ഭുതവിവരണംകൊണ്ട് അവസാനിക്കുന്നു. ബർതിമേയൂസിന് ഈശോ കൊടുത്ത കാഴ്ച ശിഷ്യർക്ക് ഉൾക്കാഴ്ച നല്കുന്നതിന്റെ നാന്ദിയായിട്ടാണ് സുവിശേഷകൻ ചിത്രീകരിക്കുന്നത്. അന്ധരെ സുഖപ്പെടുത്തുന്ന രണ്ടു സംഭവങ്ങൾ മർക്കോസിന്റെ സുവിശേഷത്തിലെ ഒരു പ്രധാനപ്പെട്ട പ്രമേയമായ ശിഷ്യന്മാരുടെ പരിശീലനത്തിന്റെ (8,27-10,52) ആരംഭവും (8,22-26) അവസാനവും (10,46-52) കുറിക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. ബർതിമേയൂസിന് കാഴ്ച നല്കുന്ന വിവരണം ഒരന്ധനെ ഈശോ സുഖപ്പെടുത്തുന്ന ഒരത്ഭുതത്തിന്റെ വിവരണമെന്നതിനെക്കാൾ ശിഷ്യത്വത്തെ ഉദാഹരിക്കുന്ന ഒരു സംഭവമാണ്.

ശിഷ്യത്വത്തിന്റെ വഴിയിൽ നടക്കുന്നതിനു പകരം അന്ധതമൂലം ഇരുന്നുപോയ മനുഷ്യനാണ് ബർതിമേയൂസ്. മറ്റുള്ളവർ 'നസറായനായ ഈശോ' എന്നു പരിചയപ്പെടുത്തിയവനെ 'ദാവീദിന്റെ പുത്രൻ' എന്നു വിളിച്ച് ഏറ്റുപറയുന്നതിൽനിന്ന് ബർതിമേയൂസ് ശിഷ്യഗണത്തിന്റെ പ്രതീകമാണെന്നു വ്യക്ത

മാകുന്നുണ്ട്. കാരണം, 'ദാവീദിന്റെ പുത്രൻ' എന്നത് മെസിയാനികനാമമാണ്. ഈശോയുടെ വിളിയോടുള്ള അവന്റെ പ്രതികരണം പ്രതീകാത്മകമാണ്. അതുവരെ അവന്റെ ജീവിതത്തിന്റെ അത്താണിയായിരുന്ന, ഭിക്ഷ സ്വീകരിക്കാൻ തന്റെ മുമ്പിൽ വിരിച്ചിരുന്ന പുറങ്കുപ്പായം അവൻ വലിച്ചെറിയുന്നു. കുതിച്ചു ചാടി അവൻ ഈശോയുടെ അടുത്തുചെല്ലുന്നു. യാചകനായിരുന്നെങ്കിലും ഈശോയിൽനിന്നും അവനു വേണ്ടത് പണമോ സ്ഥലമോ സ്ഥാനമോ ഒന്നുമല്ല, പ്രത്യുത കാഴ്ചയാണ്. ഈശോയുടെ മുമ്പിൽ സ്ഥാനമാനങ്ങൾക്കായി കൈനീട്ടി നിന്ന ശിഷ്യന്മാരെക്കാൾ മെച്ചമാണവൻ. കാഴ്ചകിട്ടിയതോടെ അവൻ ഈശോയെ അനുഗമിക്കുന്നു. 'വഴിയേ അനുഗമിച്ചു' എന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. ഈശോ തന്റെ പീഡാനുഭവവഴിയിലാണ് എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പുരോഹിതനും മേൽ വിവരിച്ച സുവിശേഷോപദേശങ്ങളുടെയും സഹനശുശ്രൂഷാജീവിതത്തിന്റെയും ശിഷ്യത്വവഴികളിലൂടെ വിശ്വാസദീപം തെളിച്ച് ഈശോയെ 'വഴിയേ' അനുഗമിക്കേണ്ടവനാണ്.

**ജീവിതസൂചിക**

1. എന്റെ ബ്രഹ്മചര്യജീവിതം എല്ലാവരെയും ദൈവികമായി സ്നേഹിക്കുവാൻ എന്നെ പ്രാപ്തനാക്കുന്നുണ്ടോ?
2. ശിശുസഹജമായ തുറവിയോടെ അനുസരണാജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
3. ദാരിദ്ര്യചൈതന്യത്തോടെ ലളിതജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. സ്വാർത്ഥതാല്പര്യങ്ങൾ പരിത്യജിച്ച് സഹനജീവിതം നയിക്കുവാൻ ഞാൻ ശ്രമിക്കുന്നു?
5. വ്യക്തമായ കാഴ്ചപ്പാടോടെ ശിഷ്യത്വ ആദ്ധ്യാത്മികത അഭ്യസിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂൺ**

27 രാവിലെ രാമങ്കരി പള്ളിയിൽ ബ്ര. ജോബിൻ (ചാക്കോ) ചേപ്പിലയ്ക്ക് മ്ശംശാന പട്ടം നൽകി. ബഹു. മാർട്ടിൻ വാഴച്ചിറ CMI അച്ചന്റെ ഭവനം സന്ദർശിച്ച് അച്ചന്റെ പിതാവിനെയും സഹോദരങ്ങളെയും ആശ്വസിപ്പിച്ച് പ്രാർത്ഥിച്ചു. പുന്നവേലി മഠത്തിൽ മരണമടഞ്ഞ സി. റ്റെസിൻ FDSHJ യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് മാരിയോസിന്റെ ആഭിമുഖ്യത്തിൽ നടന്ന ബൈബിൾ കോഴ്സിൽ ആമുഖ സന്ദേശം നൽകി.

28 പാലായിൽ നടന്ന റീജിയണൽ ബിഷപ്സ് ധ്യാനത്തിൽ പങ്കെടുത്തു.

29 രാവിലെ വി. കുർബാനയ്ക്കുശേഷം വില്ലൂന്നി പള്ളിയിൽ ബഹു. ജോസഫ് തുരുത്തുമാലിൽ അച്ചന്റെ ജൂബിലിയോടനുബന്ധിച്ചു നടന്ന കുർബാന മദ്ധ്യേ വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെയും, പ്രീസ്റ്റ്ഹോമിലെ ബഹു. വൈദികരെയും സന്ദർശിച്ചു. ആശാഭവൻ, മേഴ്സി ഹോം തുടങ്ങിയ ശുശ്രൂഷാകേന്ദ്രങ്ങൾ സന്ദർശിച്ച് അന്തേവാസികളോടൊപ്പം സമയം ചിലവഴിച്ചു.

30 ആരമനയിൽ നടന്ന പത്രസമ്മേളനത്തിൽ മാർത്തോമ്മാ പുരസ്കാരജേതാവിന്റെ പേരു പ്രഖ്യാപിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ നടന്ന ലിറ്റർജിക്കൽ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം കുന്നന്താനത്തു നടന്ന സന്ന്യാസിനികളുടെ തുടർപരിശീലനത്തിൽ (Ecclesia) പങ്കെടുത്തു സംസാരിച്ചു.

**ജൂലൈ**

1 രാവിലെ Ecclesia യിൽ പങ്കെടുക്കുന്നവർക്കായി കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വി. കുർബാനയർപ്പിച്ചു. അതിരൂപതാതിർത്തിക്കുള്ളിലെ സീറോ മലബാർ കോളേജുകളുടെ പ്രിൻസിപ്പൽമാരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ ആശുപത്രിയിൽ നടന്ന സമ്മേളനത്തിൽ പങ്കെടുത്ത് സി.റ്റി. സ്കാൻ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം Ecclesia യിൽ പങ്കെടുത്തു.

2 രാവിലെ കത്തീഡ്രൽ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് യുവദീപ്തി- SMYM ന്റെ ആഭിമുഖ്യത്തിൽ കബറിട പള്ളിയിൽനിന്ന് നടത്തപ്പെട്ട നിരണം തീർത്ഥാടനം ദീപശിഖ കൈമാറി ആരംഭിക്കുകയും ളായിക്കാട് വരെ തീർത്ഥാടനത്തിൽ പങ്കെടുക്കുകയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന തിരുശേഷിപ്പ് പ്രയാണ പേടകം ആശീർവ്വദിച്ച് നൽകി. ചെത്തിപ്പുഴ പള്ളിയിൽ നടന്ന വിവാഹ വാഗ്ദാന കർമ്മം ആശീർവ്വദിച്ചു. പദയാത്രയായി നിരണത്തെത്തിയ തീർത്ഥാടകരെ സ്വീകരിക്കുകയും സന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം പുതുശ്ശേരി കല്ലൂപ്പാറ ബോയ്സ് ഹോമിന്റെ നവതി ആഘോഷങ്ങളിൽ പങ്കെടുത്തു. തുടർന്ന് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടക്കുന്ന സെന്റ് തോമസ് ദിനാഘോഷങ്ങളിൽ പങ്കുകൊണ്ടു.

3 രാവിലെ വെരൂർ സെന്റ് ജോസഫ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. ഉച്ചയ്ക്ക് ഈര പള്ളിയിൽ ബഹു. ഷാജി തുമ്പേച്ചിറ അച്ചന്റെ നേതൃത്വത്തിൽ നിർമ്മി

ക്കുന്ന 'മരിയൻ' ഫിലിമിന്റെ Title Launching നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് മാർത്തോമ്മാ വിദ്യാനികേതന്റെ കുടുംബസംഗമത്തിൽ പങ്കെടുക്കുകയും, മാർത്തോമ്മാ പുരസ്കാര ജേതാവ് ബഹു. തോമസ് മണ്ണൂരാംപറമ്പിൽ അച്ചന് അവാർഡ് സമ്മാനിക്കുകയും ചെയ്തു. വൈകുന്നേരം പൊങ്ങ മാർ സ്ലീവാ പള്ളിയിൽ പുതുതായി നിർമ്മിച്ച പള്ളിമേട വെഞ്ചരിപ്പ് നടത്തി. വൈകുന്നേരം അഭിവന്ദ്യ തറയിൽ പിതാവിന്റെ നാമഹേതുക തിരുനാളാഘോഷത്തിൽ പങ്കെടുത്തു.

4 രാവിലെ മീഡിയാവില്ലേജിലെ 2017-18 വർഷത്തെ Academic year ഉദ്ഘാടനം ചെയ്തു. രോഗാവസ്ഥയിൽ ചെത്തിപ്പുഴ ആശുപത്രിയിൽ ചികിത്സയിലായിരിക്കുന്ന ബഹു. വൈദികരെ സന്ദർശിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചെത്തിപ്പുഴ ആശുപത്രിയിലെ ഹോം ഡേയിൽ പങ്കെടുത്തു. മരണമടഞ്ഞ കത്തീഡ്രൽ ഇടവകാംഗം പ്രൊഫ. പി.ജെ. ജെയിംസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

5 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരിയിലെ പ്രതീക്ഷ ട്രസ്റ്റിന്റെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർ ഡിപ്പാർട്ടുമെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

6. അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

7 ചാസ്സിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ നടത്തപ്പെട്ട കെ.സി.എസ്.എൽ സ്റ്റേറ്റ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. തുരുത്തികാനായിൽ നടത്തപ്പെട്ട ദമ്പതീ ധ്യാനത്തിൽ പങ്കെടുത്തവരെ സന്ദർശിച്ച് സംസാരിച്ചു.

8 പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ച്, വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്നവരുമായി സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

9. പുന്നവേലി ലിറ്റിൽ ഫ്ളവർ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

10-12 വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് വൈദികരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

12 പൊങ്ങ മാർ സ്ലീവാ ഇടവകാംഗവും, CMI സന്യാസസമൂഹാംഗവുമായ (Rajkot Province) കാണാവള്ളിൽ ബഹു. ജോസഫ് അച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 ചങ്ങനാശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിൽ അദ്ധ്യക്ഷതവഹിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ നടന്ന പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യന്റെ നവതി ആഘോഷത്തിൽ പങ്കെടുത്തു. തുടർന്ന് കുറിച്ചി മൈനർ സെമിനാരിയിലെ നവീകരിച്ച ദൈവാലയം കൂദാശ ചെയ്തു.

14 പാറമ്പുഴ ഇടവകയിൽ കൂരോത്ത് ബഹു. ജേക്കബ് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. സി. മേരി റോസ് FCC യുടെ മൃതസംസ്കാര ശുശ്രൂഷയിൽ മഠത്തിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. കാഞ്ഞിരപ്പള്ളിയിൽ ഞള്ളത്തുവയലിൽ ബഹു. മാത്യു അച്ചന്റെ ഭവനത്തിലെത്തി മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം കാഞ്ഞുപറമ്പിൽ ബഹു. തോമസ് (റ്റെഡി) അച്ചന്റെ മാതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 പൊടിപ്പാറ തിരുഹൃദയം ഇടവകയുടെ ആഭിമുഖ്യത്തിൽ കാരുണ്യവർഷത്തോടനുബന്ധിച്ച് നിർമ്മിച്ച ഭവനം വെഞ്ചരിച്ചു. വിശ്രമത്തിലായിരിക്കുന്ന നടുവിലേഴം

ബഹു. ജോസഫ് അച്ചനെ ഭവനത്തിലെത്തി സന്ദർശിച്ചു. ഇറ്റാവ മിഷനിലേക്ക് യാത്ര തിരിച്ചു.

16 ഞായറാഴ്ച രാവിലെ ഈറ്റാവ മിഷനിലെ ഷിക്കോബാദിൽ വി. കുർബാനയ്ക്കു ശേഷം സന്ദേശം നൽകുകയും ഇടവകജനങ്ങളെ പരിചയപ്പെടുകയും ചെയ്തു. ജയ്പൂരിൽനിന്നും എത്തിയ സന്ദർശകരെ ഷിക്കോബാദ് പള്ളിമേടയിൽ സ്വീകരിച്ച് സംസാരിച്ചു. ജസ്വന്ത് നഗർ മിഷൻ സെന്റർ സന്ദർശിച്ചു. തുടർന്ന് ആലംപൂർ മിഷൻ സന്ദർശിക്കുകയും അന്തേവാസികളായ കുട്ടികളുമായി സമയം ചില വഴിക്കുകയും ചെയ്തു. ഇറ്റാവ മിഷൻ കേന്ദ്രത്തിലെത്തി. ഇറ്റാവ മിഷനായി പുതുതായി, നഗല ഗഢരിയ എന്ന സ്ഥലത്ത് ആരംഭിച്ച ജീവൻ-ജ്യോതി മൈനർ സെമിനാരി കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ച് ദൈവാലയം കൂദാശ ചെയ്തു. തുടർന്ന് സെമിനാരിയിൽ ഇറ്റാവ മിഷനിലെ വൈദികരുമായി സംസാരിച്ചു. മൈനർ സെമിനാരിക്കാരെ ബാച്ചടിസ്ഥാനത്തിൽ കണ്ടു സംസാരിച്ചു.

17 ബിധുനയിൽ പുതുതായി ആരംഭിക്കുന്ന മിഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തി, സ്ഥലം വെഞ്ചരിച്ചു. ചക്കർനഗറിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന മിഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തി. ശാരീരിക-മാനസിക വൈകല്യം സംഭവിച്ച കുട്ടികൾക്കായി Saifai-ൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിനുള്ള അടിസ്ഥാനശില വെഞ്ചരിച്ചു നൽകി. അന്നേദിവസം വൈകുന്നേരം ആഗ്ര ആർച്ച്ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ മെത്രാപ്പോലീത്തായോടൊപ്പം അത്താഴം കഴിച്ചു.

19-21 കുന്നന്താനത്ത് വൈദികരുടെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് വൈദികരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

22 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ ആഘോഷമായ കുർബാന സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു. കത്തീഡ്രൽ ദൈവാലയത്തിൽ അനുസ്മരണ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് മാന്നാനം പന്ത്രണ്ട് ശ്ലീഹന്മാരുടെ നാമത്തിലുള്ള അജപാലന കേന്ദ്രത്തിൽ പുതുതായി നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു.

23 തിരുവനന്തപുരം പോങ്ങുമ്മൂട് അൽഫോൻസാ ദൈവാലയത്തിൽ വി. കുർബാനയർപ്പിക്കുകയും, തിരുവനന്തപുരം ഫൊറോനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട അൽഫോൻസാ തീർത്ഥാടനത്തിൽ പങ്കെടുത്തവർക്ക് സന്ദേശം നൽകുകയും ചെയ്തു. പുന്നത്തുറ ഇടവകയിൽ കരിങ്ങോട്ടിൽ കെ.ജെ. മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഇത്തിത്താനം ഇടവകയിൽ കുരിശുംവീട്ടിൽ മേരിക്കുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 ചങ്ങനാശ്ശേരി പ്രവിശ്യയിലെ അനിമേറ്റേഴ്സ് മീറ്റിൽ പങ്കെടുത്തു സംസാരിച്ചു. അതിരൂപതയിലെ Finance Officers നു നൽകിയ ക്ലാസ്സിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്തു സംസാരിച്ചു. DCMS പ്രതിനിധികളുടെ സമ്മേളനത്തിൽ ബഹു. ഡയറക്ടറച്ചനോടൊപ്പം പങ്കെടുത്തു സംസാരിച്ചു. റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ച് നടന്ന ഗാതറിംഗിൽ പങ്കെടുത്തു.

25 പാസ്റ്ററൽ സെന്ററിൽ വി. കുർബാനയർപ്പിച്ച് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുത്തവരുമായി സംസാരിച്ചു. അതിരൂപതാ കേന്ദ്രത്തിൽ നടന്ന തിയോളജി ഫോറത്തിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. ചെത്തിപ്പുഴ ആശുപത്രി ജീവനക്കാരനും ചെത്തിപ്പുഴ തിരുഹൃദയം ഇടവകാംഗവുമായ കളത്തിൽ രാജു കെ.വി.യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# മാർ തോമസ് തറയിൽ

**ജൂലൈ 2017**

1 തുരുത്തി ഫൊറോനാ മിഷൻലീഗ് പ്രവർത്തനവർഷം കുറിച്ചി സെന്റ് ജോസഫ് ദൈവാലയത്തിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ചെത്തിപ്പുഴ നേഴ്സിംഗ് കോളേജിൽ ബ. ഗ്രിഗരി പരുവപറമ്പിലച്ചന്റെ അനുസ്മരണ ദിനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ആലപ്പുഴ ഫൊറോനാ മിഷൻ ലീഗ് പ്രവർത്തനവർഷം പള്ളാതുരുത്തി സെന്റ് തോമസ് ഇടവകയിൽ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. കൊല്ലം മാർ തോമാശ്ലീഹാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

2 പച്ചക്കാട് സേക്രട്ട് ഹാർട്ട് ഇടവകയിൽ തിരുനാൾ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പള്ളിമേട ആശീർവ്വദിക്കുകയും ചെയ്തു. വെട്ടിത്തുരുത്ത് ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. കുറിച്ചി മൈനർ സെമിനാരിയിൽ ദുക്റാനത്തിരുനാൾ ആഘോഷത്തിൽ പങ്കടുത്തു.

3 കുറിച്ചി മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. കാക്കാംതോട് കുരിശടിയിൽ വി. കുർബാനയ്ക്ക് സന്ദേശം നൽകി.

4 കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികർക്കായി നടന്ന മാസധ്യാനത്തിൽ സന്ദേശം നൽകി. അമലാ തിയോളജിക്കൽ സെന്ററിൽ ദുക്റാനത്തിരുനാൾ ആഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

5 എസ് എച്ച് സ്കൂളിൽ മെറിററ് അവാർഡ് ചടങ്ങിൽ പങ്കെടുത്തു.

7 തുരുത്തി സെന്റ് മേരീസ് ഫൊറോനാ ഇടവകയിൽ കൂട്ടായ്മ ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി. നെടുങ്കുന്നം പ്രഷ്യസ് സ്കൂളിൽ നടന്ന താഴത്തുവടകര സൺഡേസ്കൂൾ കുട്ടികൾക്കായുള്ള ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

9 കടുവാകുളം ലിറ്റിൽ ഫ്ളവർ ഇടവകദിനാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. കുന്നന്താനം സെഹിയോനിൽ നടന്ന വൈദികർക്കായുള്ള വാർഷിക ധ്യാനം നയിച്ചു.

12 എടത്വാ സെന്റ് ജോർജ് ഫൊറോനാ പള്ളിയിൽ വിവാഹം ആശീർവ്വദിച്ച് സന്ദേശം നൽകി.

13 ചങ്ങനാശ്ശേരി സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ നടന്ന കെ.റ്റി. സെബാസ്റ്റ്യൻ സാറിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്ത് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ബഹു. കൂരോത്തച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി.

14 തിരുനാളിനോടനുബന്ധിച്ച് പഴവങ്ങാടി മാർ സ്ളീവാ ഫൊറോനാ ദൈവാലയത്തിൽ വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് ദൈവാലയത്തിൽ ബ. മാത്യൂ ഞള്ളത്തുവയലിലച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കർമ്മലമാതാവിന്റെ തിരുനാളിനോടനുബന്ധിച്ച് തിരുവനന്തപുരം കാർമ്മൽഹിൽ മോണസ്ട്രിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

16 തിരുവനന്തപുരം പേരൂർക്കട ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. ബഹു. റ്റെഡി കാഞ്ഞൂപറമ്പിലച്ചന്റെ മാതാവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ കാർമ്മികത്വം വഹിച്ചു.

17 ചങ്ങനാശ്ശേരി എസ് ബി കോളേജിൽ സി.എസ്.എം. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കാവുകാട്ടു പിതാവിന്റെ 113-ാം ജന്മദിനത്തോടനുബന്ധിച്ച് ജന്മഗൃഹമായ പിറവിത്താനത്ത് വി. കുർബാനയർപ്പിച്ച് സന്ദശം നൽകി.

18 ചങ്ങനാശ്ശേരി ക്ലൂണി സ്കൂളിൽ മെറിറ്റ് അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്ത് സന്ദേശം നൽകി.

19 കുന്നന്താനത്ത് വൈദികർക്കായുള്ള ധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു

20 പുന്നപ്ര ദനഹാലയയിൽ ക്ലാസെടുത്തു.

21 കുന്നന്താനം സെഹിയോനിൽ നടന്ന വൈദികരുടെ വാർഷികധ്യാനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

22 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ സന്ദർശകരെ കണ്ടു. എസ്.ബി അലുമ്നൈ തിരുവനന്തപുരം ചാർട്ടറിന്റെ മീറ്റിംഗിൽ സന്ദേശം നൽകി.

23 തിരുവനന്തപുരം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പൊങ്ങമ്മൂട് അൽഫോൻസാ ദൈവാലയത്തിലേക്ക് തീർത്ഥാടനം നടത്തുകയും മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

24 കോട്ടയം അതിരൂപത വൈദിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. ചങ്ങനാശ്ശേരി അസ്സംപ്ഷൻ കോളേജിൽ നടന്ന സി. എസ്. എമ്മിന്റെ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അതിരൂപതയിൽ നടന്ന ഫിനാൻസ് മാനേജ്മെന്റ് ക്ലാസിൽ പങ്കെടുത്തു.

25 തിരുവനന്തപുരം പൊങ്ങുംമൂട് അൽഫോൻസാ ദൈവാലയത്തിൽ സന്യസ്തരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

## മാർ ജോസഫ് പവ്വത്തിൽ

**ജൂലൈ**

1 കുന്നന്താനത്ത് Ecclesia ൽ സിസ്റ്റേഴ്സിന് സന്ദേശം നൽകി.

വെരൂർ സെന്റ് ജോസഫ് പള്ളിയിൽ Leader's meet ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ദുക്റാനത്തിരുന്നാളാഘോഷത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

3 നിരണം പള്ളിയിൽ വി. കുർബാന മദ്ധ്യേ വചനസന്ദേശം നൽകി. വൈദിക വിദ്യാർത്ഥികളുമായി സംവദിച്ചു. മാർതോമ്മാവിദ്യാനികേതനിലെ മാർത്തോമ്മാപുരസ്ക്കാര അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു.

4 കുറിച്ചി മൈനർ സെമിനാരിയിൽ ആദ്യവർഷ സെമിനാരിക്കാർക്ക് ക്ലാസെടുത്തു.

12 ബഹു. കൂരോത്തച്ചന്റെ പിതാവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

13 അതിരൂപതാ കേന്ദ്രത്തിൽ നടന്ന Interdiocesaneparchial meet ൽ പങ്കെടുത്തു.

കത്തീഡ്രൽ പള്ളിയിൽ പ്രൊഫ. കെ.റ്റി. സെബാസ്റ്റ്യൻ സാറിന്റെ നവതിയാഘോഷത്തിൽ പങ്കെടുത്ത് പ. കുർബാനമദ്ധ്യേ സന്ദേശം നൽകി.

16 നസ്രത്ത് സെന്റ് ജറോം പള്ളിയിൽ ബഹു. റ്റെഡി കാഞ്ഞൂപറമ്പിൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് ദൈവാലയത്തിൽ നേതൃത്വം നൽകി.

18 ചെത്തിപ്പുഴ പള്ളിയിൽ പിതൃദിനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

25 കുറിച്ചി മൈനർ സെമിനാരിയിൽ ആദ്യവർഷ സെമിനാരിക്കാർക്ക് ക്ലാസെടുത്തു.

# ENGAGEMENTS

# 2017 AUGUST

**Mar Joseph Perumthottam**
**Metropolitan Archbishop of Changanacherry**

| | |
|---|---|
| 1, 2 | Out of Station |
| 3 | 10 a.m.- 3 p.m. Batch Gathering (1971,'72,'73 Batches) |
| | 6 p.m. Pravasi Camp @ Spirituality Centre, Manganam |
| 4 | 11.30 a.m. Khadi Fest inauguration @ Kottayam |
| | 2.30 p.m.- 4p.m. Visitors time |
| | 6 p.m. Pastoral Council Executive @ Abp's House |
| 5 | 7.45 a.m. Homily @ Kudamaloor, Alphonsa Pilgrimage |
| | 10.30 a.m. Jubilee Celebration @ Thathampally |
| | 5.30 p.m. Gathering @ Minor Seminary, Kurichy |
| 6 | Pastoral Visit @ Cheeranchira |
| 7- 11 | KCBC Retreat @ Kakkanad |
| 12 | 9.45 a.m. Forane Council Meet @ Kurumpanadom |
| | 12.30 p.m. St Joseph's Press Staff gathering @ Changanacherry |
| 13 | Pastoral Visit @ Thuruthy |
| 14 | 2.45-4 p.m. Visitors Time |
| 15 | 8 a.m. School Building Blessing @ Ayarkunnam |
| | 11a.m. Sacraments of Initiation @ Kurichy |
| | 2.30 p.m. Jubilee Celebration @ Padaharam |
| 15 | 7 p.m. Gathering @ Priest Home |
| 16 | 11.30 a.m. Navathy Celebration @ SB College, Mathematics Dept. |
| | 2.45 p.m. 4 p.m. Visitors Time |
| 17 | Engaged |
| 18 | 10 a.m.  3 p.m. Theology Forum @ Abp's House |
| | 4.30 p.m. Qurbana @ Kainakary |
| 19 | 6.30 a.m. Chapel Blessing @Mother Theresa Home , Nedumkunnam |
| | 9.30 a.m. Homily @ Punnakunnathussery |
| 20 | Pastoral Visit @ Meenkulam |
| 21-31 | Synod @ Kakkand |

# 2017 AUGUST

## ENGAGEMENTS

**Mar Thomas Tharayil**
**Auxiliary Bishop**

1 Class @ Danahalaya
6.30 a.m. *Qurbana* @ Alphonsa Snehanivas Kurumbanadom
2 11.30 a.m. Khadi Inauguration @ Kottayam
2.30 p.m.-4.30 p.m. Visitors' time
6 p.m. Class @ Minor Seminary-Kurichy
3 6.30 a.m. *Qurbana* @ Changanacherry Vattapally SABS
10 a.m. Palliative Care Executive
11.15 a.m. Marriage @ Kodunattumkunnu
12.30 p.m. Shelter @ St. Joseph Changanacherry
4 6 a.m. *Qurbana* @ Aluva Mangalapuzha Seminary
11 a.m. Nedumkunnam B.Ed course inauguration
5 6 a.m. *Qurbana* @ SD Provincialate
9.30 a.m. Homily @ Kudamaloor
11 a.m. Fr Madathilparambil’s Jubilee @ Thathampally
5.30 p.m. Fr Kuruvilla Kokkat's Send off
6 9.30 a.m. Vattiyoorkkavu St Vincent de Paul Society Meeting
7-11 KCBC Retreat
12 Trivandrum
9 a.m. CMI Provincial House Trivandrum
12 p.m. Ayoor Mathru-Pithru meeting
3 p.m. Punaloor
13 8 a.m. *Qurbana*@ Karyavattom and Kazhakkoottam
11 am Visitors' time @ Tvm
2.30 p.m. Parents meet of youth @ Lourdes
4 p.m. De Paul Tvm
14 2:30 p.m. 4.30 Visitors' time
5 p.m. *Qurbana* @ Manalady
6 p.m. Interdepartmental meeting
15 6.30 a.m. *Qurbana* @ Madapally Little Flower Church
9.15 a.m. Shrine blessing@ Mammod
10.30 a.m. Parish day @ Kudamaloor
3.45 p.m. Sacerdotal Silver Jubilee @ Pulincunnu
5.30 p.m. Punnamada
16 6 a.m. Mercy Home

2.30 p.m.-4.30 p.m.- Visitor's Time
6 p.m. Class @ Minor Seminary
17 9.00 a.m.-1.00 p.m. Visitors time
18 Seminar-*Sensus Fidelium*
5 p.m. Kainakary
19 6.15 a.m. *Qurbana* @ Holy Queens Changanacherry
9 a.m. Ordination @ Punnakunnathusserry
2.30 p.m. Palliative Care meeting
4.30 p.m. *Qurbana* @ Kudamaloor Alphonsa Bhavan
20 9 a.m. Aluva-MSJ Jubilee
2 p.m. Muhamma
3 p.m. SH Provincial House
4 p.m. Carmel Mount Chethipuza
5.30 p.m.Cemetery blessing @ Vadakkekara
21-31 Synod
27 7.45 a.m. *Qurbana* @ Veroor

## 2017 AUGUST

**ENGAGEMENTS**



**Mar Joseph Powathil**
**Archbishop Emeritus**

05 a.m. Jubilee Homily of Rev. Fr George Madathiparambil
p.m. Send-off meeting for Fr Kokkatt Kuruvilla @ Kurichy
06 p.m. Leader's Meet @ Vettithuruthu
7-11 KCBC Retreat
12 a.m. Kurumbanadom Assumption Church
13 a.m. Berchmans' Day
14 a.m. Visitors' Day
15 a.m. Minor Seminary-Kanjirappally
a.m. Blessing: *Kalkurisu* etc. @ Kainakary St Mary's
19 a.m. Kurumpanadom Assumption
p.m. Ordination @ Punnakunnathusserry
22 a.m. Minor Seminary, Kurichy
25 p.m. Commemoration of P. S. John Puthiyaparambil @ Nedumkunnam
27 p.m. Betrothal @ Cathedral
29 a.m. Minor Seminary, Kurichy